# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2022 ഡിസംബർ 22 | ദീപം 55 | നാളം 41 | Published from : PALA | പേജ് 20 | വില 8 രൂപ | www.deepanalam.org




# ദൈവസ്നേഹത്തിന്റെ ഭൂമിഗീതം




**ആർച്ചുബിഷപ് മാർ ആൻഡ്രൂസ് താഴത്ത്**


ഈശോയുടെ മനുഷ്യാവതാരത്തെക്കുറിച്ച് യോഹന്നാൻ 3:16 വ്യക്തമായി പറയുന്നു: "അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടി, തന്റെ ഏകജാതനെ നല്കാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു." ആ ദൈവസ്നേഹം ഭൂമിയിൽ യാഥാർഥ്യമായതാണ് യേശുവിന്റെ മനുഷ്യാവതാരം. ഹെബ്രായർ 1:1,2 വാക്യങ്ങളിൽ നാം ഇപ്രകാരം വായിക്കുന്നു: "പൂർവകാലങ്ങളിൽ പ്രവാചകന്മാർവഴി വിവിധ ഘട്ടങ്ങളിലും വിവിധ രീതികളിലും ദൈവം നമ്മുടെ പിതാക്കന്മാരോടു സംസാരിച്ചിട്ടുണ്ട്. എന്നാൽ, ഈ അവസാനനാളുകളിൽ തന്റെ പുത്രൻവഴി അവിടുന്നു നമ്മോടു സംസാരിച്ചിരിക്കുന്നു." ഗലാത്തിയ 4:4 ൽ നാം കാണുന്നു: "കാലസമ്പൂർണത വന്നപ്പോൾ ദൈവം തന്റെ പുത്രനെ അയച്ചു. അവൻ സ്ത്രീയിൽനിന്നു ജാതനായി." ഫിലിപ്പി 2:6-8 ൽ കാണുന്നതുപോലെ, "ദൈവത്തിന്റെ രൂപത്തിലായിരുന്നെങ്കിലും അവൻ ദൈവവുമായുള്ള സമാനത നിലനിറുത്തേണ്ട ഒരു കാര്യമായി പരിഗണിച്ചില്ല; തന്നെത്തന്നെ ശൂന്യനാക്കിക്കൊണ്ട് ദാസന്റെ രൂപം സ്വീകരിച്ച് മനുഷ്യന്റെ സാദൃശ്യത്തിലായിത്തീർന്ന് ആകൃതിയിൽ മനുഷ്യനെപ്പോലെ കാണപ്പെട്ടു." അപ്പോൾ, ദൈവം സ്വയം ശൂന്യമാക്കി അവതരിച്ചതിന്റെ ഓർമയാചരണമാണ് ക്രിസ്മസ്. അതിന് ദൈവം തിരഞ്ഞെടുത്ത വ്യക്തിത്വം നസ്രസ്സിലെ കന്യാമറിയമാണ്.

ദൈവം പഴയനിയമത്തിൽ പ്രവാചകന്മാർവഴി വാഗ്ദാനം ചെയ്ത മനുഷ്യവർഗത്തിന്റെ, ലോകാവസാനംവരെയുള്ള സകല മനുഷ്യരുടെയും ഏകരക്ഷകനായ യേശുക്രിസ്തുവിനു ജന്മംകൊടുക്കാൻ തിരഞ്ഞെടുത്ത മറിയത്തോടു പറഞ്ഞത്, "ദൈവകൃപ നിറഞ്ഞവളേ സ്വസ്തി, കർത്താവു നിന്നോടുകൂടെ" എന്നാണ്. യോഹന്നാൻ 1:17 ൽ നാം വായിക്കുന്നു; "കൃപയും സത്യവുമാകട്ടെ, യേശുക്രിസ്തുവഴി ഉണ്ടായി." പതിനാറാം വാക്യം ഇപ്രകാരമാണ്: "അവന്റെ പൂർണതയിൽനിന്നു നാമെല്ലാം കൃപയ്ക്കുമേൽ കൃപ സ്വീകരിച്ചിരിക്കുന്നു." കൃപയ്ക്കുമേൽ കൃപ അതിന്റെ പൂർണതയിൽ സ്വീകരിച്ച മനുഷ്യസൃഷ്ടിയാണ് പരിശുദ്ധ കന്യാമറിയം.

മറിയത്തിന്റെ ഈ പ്രത്യേകതിരഞ്ഞെടുപ്പ് ദൈവത്തിന്റെ പദ്ധതിയായിരുന്നു. ജറെമിയ 1:5 ഇപ്രകാരമാണ്, "മാതാവിന്റെ ഉദരത്തിൽ നിനക്കു രൂപം നല്കുന്നതിനുമുമ്പേ ഞാൻ നിന്നെ അറിഞ്ഞു; ജനിക്കുന്നതിനുമുമ്പേ ഞാൻ നിന്നെ വിശുദ്ധീകരിച്ചു; ജനതകൾക്കു പ്രവാചകനായി ഞാൻ നിന്നെ നിയോഗിച്ചു." വരാനിരിക്കുന്ന രക്ഷകനു മജ്ജയും മാംസവും കൊടുക്കാൻ മറിയത്തെ തിരഞ്ഞെടുത്തത് അനാദിമുതലുള്ള ദൈവികപദ്ധതിയുടെ ഭാഗംതന്നെയാണ്. ദൈവപുത്രനു ജന്മംകൊടുക്കാൻ ദൈവം തിരഞ്ഞെടുത്ത മറിയത്തിന്റെ ഉദരം ഉദ്ഭവപാപത്തിൽനിന്നു മുക്തമായിരിക്കണം എന്നതും ദൈവത്തിന്റെ പദ്ധതിയായിരുന്നു. ▶ 5

കെട്ടിടനിർമാണത്തിനാവശ്യമായ എല്ലാ സാനിട്ടറി, ഇലക്ട്രിക്കൽ & ഹാർഡ്‌വെയർ ഫിറ്റിങ്ങുകളുടെ വിപുലമായ ശേഖരം




KOHLER star sanitaryware & bathware hindware

തുടങ്ങിയ ലോകോത്തര ബ്രാൻഡുകളുടെ ബാത്ത്റൂം ഫിറ്റിങ്ങുകളും, ഉയർന്ന ഗുണമേന്മയും സുരക്ഷയും ഉറപ്പുനൽകുന്ന Finolex V-GUARD legrand HAVELLS POLYCAB തുടങ്ങിയ ഇലക്ട്രിക്കൽ ഉത്പന്നങ്ങളും മറ്റു പ്രമുഖ ബ്രാൻഡുകളും ഏറ്റവും കുറഞ്ഞ വിലയിൽ ഇവിടെ നിന്നു ലഭിക്കുന്നു.

**PALA ELECTRICALS & BUILDWARES**

**THODUPUZHA ROAD, PALA 91884 68107**



ക്രിസ്മസ് – പുതുവത്സരാശംസകൾ

മംഗളമുഹൂർത്തങ്ങൾക്കു തൃപ്തികരമായ വിഭവങ്ങളുമായി

**തൃപ്തി**

**കേറ്ററിംഗ് സർവ്വീസ്**

മേവട

Mobile : 9495165034, 9744741102

ഭക്ഷണപദാർത്ഥങ്ങൾ ഓർഡർ അനുസരിച്ച് കൃത്യസമയത്ത് മിതമായ നിരക്കിൽ എത്തിച്ചുകൊടുക്കുന്നു.





ക്രിസ്മസ് – പുതുവത്സരാശംസകൾ

**പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി**

പാലാ രൂപതയുടെ സാമൂഹ്യക്ഷേമവികസന വിഭാഗം



**അഗ്രിമ**

- കർഷക സേവനകേന്ദ്രം
- നാടൻ പച്ചക്കറി മാർക്കറ്റ്
- കാർഷിക നഴ്സറി
- ഇക്കോഷോപ്പ്

സെന്റ് തോമസ് പ്രസിനു സമീപം, പാലാ

Ph: 9074556724 Email:dssspalai@gmail.com, Web:www.psws.org

● മേൽത്തരം ഹൈബ്രീഡ് പച്ചക്കറിത്തൈകൾ ● വിത്തുകൾ ● ഫലവൃക്ഷത്തൈകൾ ● തെങ്ങിൻതൈകൾ ● പൂച്ചെടികൾ ● പൂച്ചട്ടികൾ ● വളങ്ങൾ ● ഹൈടെക് കോഴിക്കൂടുകൾ ● കാടക്കൂടുകൾ ● തേനീച്ചപ്പെട്ടികൾ ● മുട്ടക്കോഴിക്കുഞ്ഞുങ്ങൾ ● കാടക്കുഞ്ഞുങ്ങൾ ● മത്സ്യക്കുഞ്ഞുങ്ങൾ ● കോഴി–കാട–മത്സ്യത്തീറ്റകൾ ● കാർഷികമൂല്യവർദ്ധിതഭക്ഷ്യോത്പന്നങ്ങൾ ● വെളിച്ചെണ്ണ ● അരിപ്പൊടി ● പുട്ടുപൊടി ● കറിപ്പൗഡറുകൾ ● സോപ്പുകൾ ● ലോഷനുകൾ ● പലവ്യഞ്ജനങ്ങൾ ● ജൈവപച്ചക്കറികൾ etc...

# പ്രതിവിധി കണ്ടെത്താനാവാത്ത ഒരു പ്രശ്നവുമില്ല

## കാലിത്തൊഴുത്തു നല്കുന്ന പാഠങ്ങൾ



ബിഷപ്
ഡോ. അലക്സ്
വടക്കുംതല

അഗസ്റ്റസ് സീസറിന്റെ കല്പന പാലിക്കാനാണ് പിറന്ന നാടും പരിചിതസാഹചര്യങ്ങളും ഉപേക്ഷിച്ച് നീതിമാനായ ജോസഫ് പൂർണഗർഭിണിയായ മറിയത്തെയുംകൂട്ടി ഗലീലിയായിലെ നസ്രത്തിൽനിന്ന്, യൂദയായിൽ ദാവീദിന്റെ പട്ടണമായ ബത്‌ലഹേമിലേക്കു യാത്രയായത്. പ്രതിസന്ധിയുള്ള എല്ലാ കുടുംബങ്ങൾക്കും വെല്ലുവിളിയും ഹൃദയസ്പർശിയുമായ ഒരു വാക്യം ലൂക്കാ 2:7 ൽ കാണാം: സത്രത്തിൽ അവർക്കു സ്ഥലം ലഭിച്ചില്ല. കുടുംബത്തിൽ പ്രശ്നങ്ങൾ ഉണ്ടാവുമ്പോൾ, വലിയ കടക്കെണിയിൽ പെടുമ്പോൾ, വാടകവീട്ടിൽനിന്ന് ഇറക്കിവിടുമ്പോൾ, വീട് ജപ്തിയിലാകുമ്പോൾ, നിരാശയുടെ ഇരുട്ടുമുറിയിലേക്കു ചുരുങ്ങണമോ? കൂട്ട ആത്മഹത്യയാണോ പ്രതിവിധി? അല്ല; ക്രിയാത്മകമായ പരിഹാരങ്ങൾ കണ്ടെത്തുക! അതാണ് ജോസഫിന്റെയും മറിയത്തിന്റെയും കുടുംബം നല്കുന്ന പ്രതിവിധി, പരിഹാരം തേടാനുള്ള പ്രത്യാശാമാർഗം.

പ്രതിവിധി കണ്ടെത്താനാവാത്ത ഒരു പ്രശ്നവുമില്ല. ഫ്രാൻസീസ് പാപ്പാ സുവിശേഷത്തിന്റെ സന്തോഷം (Evangelii Gaudium) എന്ന അപ്പസ്തോലികാഹ്വാനത്തിന്റെ 286-ാം ഖണ്ഡികയിൽ എഴുതുന്നു: മോശപ്പെട്ട വസ്ത്രക്കഷണങ്ങളും സമൃദ്ധമായ സ്നേഹവുംകൊണ്ട് ഒരു തൊഴുത്തിനെ യേശുവിന്റെ ഭവനമാക്കാൻ മറിയത്തിനു കഴിഞ്ഞു. അവൾ നമ്മുടെ കഷ്ടപ്പാടുകളിൽ പങ്കുചേരുന്നു. അവൾ മാതൃസഹജമായവിധത്തിൽ ആശ്വസിപ്പിക്കുന്നു, സ്നേഹിക്കുന്നു. നമ്മുടെ ചെവികളിൽ ഇങ്ങനെ മന്ത്രിക്കുകയും ചെയ്യുന്നു: നിന്റെ ഹൃദയം അസ്വസ്ഥമാകരുത്... നിന്റെ അമ്മയായ ഞാൻ ഇവിടെയില്ലേ?! സേവനത്തിനും ഫലപൂർണതയ്ക്കുമായി നിശ്ചയിക്കപ്പെട്ട വിശ്വാസതീർഥാടനത്തിൽ പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടാൻ മറിയം തന്നെത്തന്നെ അനുവദിച്ചു. പ്രതിസന്ധികൾ നിറയുമ്പോൾ പ്രശസ്തമായ ചോദ്യമിതാണ്: എന്റെ വിശ്വാസതീർഥാടനത്തിൽ പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടാൻ എന്നെത്തന്നെ അനുവദിക്കാറുണ്ടോ, മറിയത്തെപ്പോലെ.

വാർദ്ധകൃത്തിൽ ഗർഭിണിയായ എലിസബത്തിനെ ശുശ്രൂഷിക്കാനെത്തിയ മറിയം പറഞ്ഞു: എന്റെ ആത്മാവ് കർത്താവിനെ മഹത്ത്വപ്പെടുത്തുന്നു; എന്റെ ചിത്തം എന്റെ രക്ഷകനായ ദൈവത്തിൽ ആനന്ദിക്കുന്നു (ലൂക്കാ 1:47-48). മറിയത്തിന്റെ ഈ ആനന്ദവും പ്രത്യാശയും സത്രത്തിൽ ഇടംകിട്ടാതെ കാലിത്തൊഴുത്തിൽ എത്തുമ്പോഴുമുണ്ട്; കാലികൾക്കിടയിൽ കടിഞ്ഞൂൽപുത്രനു ജന്മമേകുമ്പോഴുമുണ്ട്. കാൽവരിയിൽ കുരിശിൻചുവട്ടിൽ നിൽക്കുമ്പോഴുമുണ്ട്.

ബെനഡിക്ട് പതിനാറാമൻ പാപ്പാ നസ്രത്തിലെ യേശു എന്ന പുസ്തകത്തിന്റെ മൂന്നാം വാല്യത്തിൽ യേശുവിന്റെ ബാല്യകാലചരിത്രം വ്യാഖ്യാനിക്കുന്ന ഭാഗം ശ്രദ്ധേയമാണ്. ലൂക്കാ അവതരിപ്പിക്കുന്ന മംഗളവാർത്തയിലെ അന്തിമവചനം പ്രധാനപ്പെട്ടതാണെന്നും ഞാൻ കരുതുന്നു. അപ്പോൾ ദൂതൻ അവളുടെ മുമ്പിൽനിന്നു മറഞ്ഞു (ലൂക്കാ 1:38). ദൈവത്തിന്റെ സന്ദേശവാഹകനുമായി സന്ധിച്ച ആ മഹത്തായ മണിക്കൂർ, മറിയത്തിന്റെ ജീവിതത്തെ അടിമുടി മാറ്റിമറിച്ച ആ മുഹൂർത്തം സമാപിച്ചിരിക്കുന്നു. മാനുഷികമായ എല്ലാ സാധ്യതകളെയും അതിശയിക്കുന്ന നിയോഗദൗത്യവുമായി അവൾ അവിടെ ഏകയായിത്തീർന്നു. അവളുടെ ചുറ്റും ഇപ്പോൾ ദൈവദൂതന്മാരില്ല; കറുത്തിരുണ്ട നിമിഷങ്ങളിലേക്കു നയിക്കുന്ന പാതയിലൂടെ അവൾ യാത്ര തുടരേണ്ടിയിരിക്കുന്നു. അവളുടെ ഗർഭത്തെക്കുറിച്ചു ജോസഫിനുണ്ടാകുന്ന നടുക്കവും ഭീതിയും തുടങ്ങി യേശുവിനു സുബോധം നഷ്ടപ്പെട്ടിരിക്കുന്നു (മർക്കോസ് 3:21, യോഹന്നാൻ 10:20) എന്നു കരുതുന്ന നിമിഷങ്ങളിലൂടെ അവൾ കടന്നുപോകേണ്ടിയിരിക്കുന്നു. തീർന്നില്ല; കറുത്തിരുണ്ട നിഴൽ വീണ കാൽവരിയുടെ പടവുകൾ കയറുമ്പോൾ കാണുന്ന കുരിശിന്റെ രാത്രിവരെ അതു നെടുനീളെ നീണ്ടുനിവർന്നുകിടക്കുന്നു. കാണാത്തതും കരുതാത്തതുമായ ഭയാശങ്കകൾ മനസ്സിൽ തീ കോരിയിട്ട പൊള്ളുന്ന യാഥാർഥ്യങ്ങളുടെ അത്തരം സന്ദർഭങ്ങളിൽ നന്മ നിറഞ്ഞവളേ, ആനന്ദിച്ചാലും എന്നും ഭയപ്പെടേണ്ട എന്നും ദിവ്യസംവാദകൻ പറഞ്ഞ തിരുവചനങ്ങളിലേക്ക് എത്രയോ പ്രാവശ്യം ആന്തരികമായ പുനർവിചാരത്തോടെ മറിയം തിരിഞ്ഞിട്ടുണ്ടാകില്ല! ഓരോ പ്രാവശ്യവും അതിനെക്കുറിച്ചു നവമായി ചിന്തിച്ചിട്ടുണ്ടാകില്ല! ദൈവദൂതൻ യാത്രയാകുന്നു. ദൈവദൂതന്റെ ദൗത്യം അവസാനിച്ചു. അവളുടെ ദൗത്യം അവശേഷിക്കുന്നു അതോടെ ദൈവവുമായുള്ള അവളുടെ ആന്തരികമായുള്ള അടുപ്പം പക്വത പ്രാപിക്കുന്നു. തന്റെ ഹൃദയത്തിൽ അവൾക്കു കാണാനും സ്പർശിക്കാനും കഴിയുന്ന അടുപ്പമായി അതു വളരുന്നു.



മറിയം പറയുന്നു: രക്ഷകനായ ദൈവത്തിൽ ആനന്ദിക്കുക! താഴ്മയെ കടാക്ഷിക്കുന്നതിൽ സമാധാനം കണ്ടെത്തുക. ഇതേപോലെതന്നെയാണ് ജോസഫിന്റെ അനുഭവവും...

മരിയ സിസിലിയ ബൈജ എന്ന സന്ന്യാസിനി ഇറ്റാലിയൻഭാഷയിൽ എഴുതിയ പുസ്തകം മലയാളത്തിൽ വി. യൗസേപ്പിതാവിന്റെ ആത്മീയജീവിതയാത്ര എന്ന പേരിൽ സി. റാണിറ്റ് പരിഭാഷപ്പെടുത്തിയിട്ടുണ്ട്. അതിന്റെ പേജ് 196 ലെ വിവരണം ഇപ്രകാരമാണ്: വിവിധ സ്ഥലങ്ങളിൽനിന്നു വന്ന ധാരാളം ആളുകളെക്കൊണ്ട് പട്ടണത്തിലെ സത്രങ്ങൾ നിറഞ്ഞുകവിഞ്ഞിരുന്നു. ജോസഫ് പല വാതിലുകളും മുട്ടിനോക്കി. എവിടെയും അവർക്ക് ഒരു മുറി ലഭിച്ചില്ല. മറിയത്തിന്റെ ശാരീരികാവസ്ഥ അടിയന്തരമായ വിശ്രമം ആവശ്യപ്പെടുന്നുണ്ടായിരുന്നു. അത് ജോസഫിനെ കൂടുതൽ അസ്വസ്ഥനാക്കുകയും ചെയിതിരുന്നു. പൂർണഗർഭിണിയായ ഒരു സ്ത്രീയോടുള്ള പരിഗണനപോലും കാണിക്കാതെയുള്ള ബെത്‌ലഹേം നഗരവാസികളുടെ തിരസ്കരണവും അവഗണനയും ജോസഫിനെയും മറിയത്തെയും ഒരുപോലെ ദുഃഖിപ്പിക്കുകയും വിഷമത്തിലാക്കുകയും ചെയ്തു. അവസാനം അവർ ആ ഗുഹയിലെത്തിച്ചേർന്നു. ദൈവം മുൻകൂട്ടി ഒരുക്കിയ ആ അഭയസ്ഥലത്തു പ്രവേശിച്ചപ്പോൾ ആഡംബരപൂർണമായ ഒരു മണിമന്ദിരത്തിൽ പ്രവേശിച്ച പ്രതീതിയാണ് അവർക്ക് അനുഭവപ്പെട്ടത് (പേജ് 199).

അവസാനം ഇതാ, എത്ര വലിയ ഭാഗ്യം! കാത്തിരുന്ന ദിവ്യരക്ഷകനെ ജോസഫ് മനുഷ്യരൂപത്തിൽ കണ്ടു. സൂര്യനെക്കാൾ തേജോമയനായി പ്രകാശത്താൽ വലയം ചെയ്യപ്പെട്ട് ദിവ്യശിശു കിടക്കുന്നു. ആ കാലിത്തൊഴുത്ത് മുഴുവൻ പ്രകാശപൂർണമായിത്തീർന്നിരുന്നു. ഇതെല്ലാം കണ്ടുകൊണ്ട് സന്തോഷവദനനായ ജോസഫ് ദിവ്യശിശുവിന്റെ കാൽക്കൽ സാഷ്ടാംഗപ്രണാമം ചെയ്ത് അല്പനേരം അങ്ങനെ കിടന്നു. മണ്ണിൽ പിറന്ന ലോകരക്ഷകനെ ആരാധിച്ചുകൊണ്ട് അവൻ മണ്ണിൽത്തന്നെ കിടന്നു. അപ്പോൾ ജോസഫ് അനുഭവിച്ച സ്വർഗീയപരമാനന്ദവും സമാധാനവും അവന്റെ ഹൃദയത്തിന് വഹിക്കാമായിരുന്നതിലും വളരെ അപ്പുറമായിരുന്നു. ഇല്ലായ്മകൾക്കപ്പുറം, ജീവിതത്തിലെ വല്ലായ്മകൾക്കപ്പുറം, ദൈവം നല്കുന്ന ആനന്ദവും സമാധാനവും അനുഭവിക്കാനുള്ള ക്ഷണമാണ് ക്രിസ്മസ്.

മരം കോച്ചുന്ന തണുപ്പിൽ ബെത്‌ലഹേമിലെ മലഞ്ചെരുവിൽ ആടുകളെ പാലിച്ചുകഴിഞ്ഞിരുന്ന ഇടയന്മാർക്കുള്ള മാലാഖമാരുടെ സന്ദേശമിതായിരുന്നു: ആനന്ദിച്ചാലും! (ലൂക്കാ 2:10). വലിയ ആനന്ദത്തിന്റെ സദ്വാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു: കാലിത്തൊഴുത്തിൽ ഓമനത്തം തുളുമ്പുന്ന ദിവ്യപൈതലിനെ കൺകുളിർക്കെ കാണുമ്പോൾ ലഭ്യമാകുന്ന ആനന്ദമാണത്. ഉത്ഥിതനായ ക്രിസ്തുവിനെ കാണുമ്പോൾ ശിഷ്യന്മാർ ഈ ആനന്ദം അനുഭവിച്ചു. കർത്താവിനെക്കണ്ട് ശിഷ്യന്മാർ ആനന്ദിച്ചു (യോഹ. 20:20). യേശുവിന്റെ വിടവാങ്ങൽപ്രഭാഷണത്തിലും നാം ഇതു കാണുന്നു. ഞാൻ നിങ്ങളെ വീണ്ടും കാണും. അപ്പോൾ നിങ്ങളുടെ ഹൃദയം ആനന്ദിക്കും. നിങ്ങളുടെ ആനന്ദം ആരും നിങ്ങളിൽനിന്ന് എടുത്തുകളയുകയില്ല (യോഹ. 16:22).

ദൈവത്തിന്റെ സാന്നിധ്യം തിരിച്ചറിയുന്ന എല്ലാവർക്കും അവകാശപ്പെട്ടതാണ് ഈ ആനന്ദം. കൈറേ (ആനന്ദിച്ചാലും) എന്ന ഗ്രീക്കുഭാഷയിലെ ആശംസ എല്ലാവർക്കുംവേണ്ടി നല്കപ്പെട്ടതാണ്. മറിയത്തോടുള്ള ഗബ്രിയേൽദൂതന്റെ ആശംസ സെഫാനിയായുടെ ഭൂതകാലത്തിലെ പ്രവചനത്തെ വർത്തമാനത്തിലേക്കു കൊണ്ടുവരുന്നു. സീയോൻപുത്രീ, ആനന്ദിച്ചാലും. ഇസ്രായേലേ, ആർത്തുവിളിച്ചാലും. ഇസ്രായേലിന്റെ രാജാവായ കർത്താവു നിന്റെ മധ്യത്തിലുണ്ട് എന്നാണ് സെഫാനിയ പ്രവചിച്ചത് (സെഫാനിയ 3:14-17).

ബെനഡിക്ട് പാപ്പാ നല്കുന്ന താരതമ്യവും വ്യാഖ്യാനവും ശ്രദ്ധേയമാണ് മറിയത്തോടുള്ള ദൈവദൂതന്റെ വാക്കുകളും സെഫാനിയായുടെ പ്രവചനവും തമ്മിലുള്ള താരതമ്യം പ്രശസ്തമാണ്. സീയോൻപുത്രിക്ക് ആനന്ദിക്കാനുള്ള സത്താപരമായ കാരണം പാഠത്തിൽത്തന്നെയുണ്ട്. കർത്താവ് നിന്റെ മധ്യത്തിൽത്തന്നെയുണ്ട് (സെഫാനിയ 3:15-17). മൊഴിമാറ്റം ചെയ്താൽ അവൻ നിന്റെ ഉദരത്തിലുണ്ട് എന്നാണ് അർഥം. ഉടമ്പടിയുടെ പേടകത്തിൽ കർത്താവ് വസിക്കുന്നതിനെ സൂചിപ്പിച്ചുകൊണ്ട് പുറപ്പാടുഗ്രന്ഥത്തിൽ വായിക്കുന്ന പദസന്ധിയാണ് ഇസ്രായേലിന്റെ ഉദരത്തിൽ കർത്താവുണ്ട് എന്നത് (പുറപ്പാട് 34:9). ഇതാണു സെഫാനിയാപ്രവാചകന്റെ മനസ്സിലുണ്ടായിരുന്നത്. അതേവാക്ക് ദൈവദൂതൻ മറിയത്തിനു നല്കിയ സന്ദേശത്തിലുണ്ട് (ലൂക്കാ 1:31). നിന്റെ ഉദരത്തിൽ ഗർഭം ധരിക്കും.

കാലിത്തൊഴുത്തിൽ ശയിക്കുന്ന ഓമനത്തം തുളുമ്പുന്ന ദിവ്യപൈതൽ നമുക്കു നല്കുന്ന സന്ദേശം സന്തോഷമായിരിക്കുക! സമാധാനമായിരിക്കുക എന്നതാണ്. പല കാരണങ്ങൾകൊണ്ട് സാമ്പത്തികപ്രതിസന്ധിയിലായവരും തങ്ങളുടേതല്ലാത്ത കാരണങ്ങളാൽ പ്രശ്നങ്ങളിലേക്കു വലിച്ചിഴയ്ക്കപ്പെട്ടവനും അഭയാർഥിയായി അലയുന്നവനും അന്യസംസ്ഥാനത്തൊഴിലാളിയായി കഷ്ടപ്പെടുന്നവനും തെരുവിലലയുന്നവനും പീടികത്തിണ്ണയിൽ അന്തിയുറങ്ങുന്നവനും കാലിത്തൊഴുത്തിൽ അന്തിയുറങ്ങുന്ന കുടുംബവും പ്രത്യാശയുടെ ഓർമ പകരുന്ന വൈക്കോൽക്കച്ച പിള്ളക്കച്ചയാക്കുന്ന മറിയവും മറ്റാരും ആശ്രയമില്ലാതെ മൗനിയായി മാറുന്ന മരപ്പണിക്കാരനും ഏതൊരു പ്രതിസന്ധിയും പ്രത്യാശയുടെ ഉൾക്കണ്ണുകൊണ്ടു നോക്കിക്കാണാൻ മുന്നറിയിപ്പുനല്കുന്നു.

സന്തോഷമായിരിക്കുക! സമാധാനമായിരിക്കുക! എന്ന സന്ദേശം എല്ലാവർക്കും പകരുന്ന പെരുന്നാളാണ് ക്രിസ്മസ്. ഇല്ലായ്മയിലും വല്ലായ്മയിലും ഈ സന്തോഷവും സമാധാനവും കാത്തുസൂക്ഷിക്കാൻ ഓർമിപ്പിക്കുന്ന അവസരമാണിത്. സാമ്പത്തികപ്രതിസന്ധിയുണ്ടാകാം, രോഗവും അതു നല്കുന്ന അസ്വസ്ഥതകളും ഉണ്ടാകാം, കുടുംബത്തിൽ തെറ്റുധാരണകളോ പ്രശ്നങ്ങളോ പ്രാരബ്ധങ്ങളോ കടന്നുവന്നേക്കാം; എങ്കിലും, സമാധാനമായിരിക്കുക! സന്തോഷിക്കുക! എന്ന് ഓർമിപ്പിക്കുന്ന അവസരമാണ് ക്രിസ്മസ്കാലം. അതുകൊണ്ട്, എല്ലാ അർഥത്തിലും നമുക്ക് പരസ്പരം ആശംസിക്കാം. ഹാപ്പി ക്രിസ്മസ്.

കഥ

# വിണ്ണിൽ താരമുദിച്ച ദിനം



പീറ്റർ കുരിശിങ്കൽ

ക്രിസ്മസ് അടുത്തുവരികയായി. ക്രിസ്മസ് ഒരുക്കങ്ങളുമായി കുട്ടികൾ ഒത്തുകൂടി; അവർ തിരക്കിലാണ്.

പുൽക്കൂടൊരുക്കണം. കരോൾഗാനങ്ങൾ ചിട്ടപ്പെടുത്തണം. കരോൾ റിഹേഴ്സലുകൾ വേണം. നക്ഷത്രദീപങ്ങൾ ഉയരെ കൊളുത്തണം.

തമ്മിൽത്തമ്മിൽ കാണുമ്പോഴെല്ലാം അവർക്കിതേ പറയാനുള്ളൂ.




ജോസുകുട്ടിയാണവരുടെ നേതാവ്. പാവം ജോസുകുട്ടി. ഏഴാംക്ലാസ് കഴിഞ്ഞപ്പഴേ പഠനം നിറുത്തേണ്ടി വന്നു. രോഗിയായ അച്ഛൻ. താഴെ രണ്ടു സഹോദരിമാർ. അമ്മ ഹോട്ടലിൽ അടുക്കളപ്പണിക്കുപോകും. അങ്ങനെ അരവയറുമായി കഴിയുമ്പോൾ, ജോസുകുട്ടിക്ക് പഠനം സ്വപ്നം മാത്രമായി. എങ്കിലും ജോസുകുട്ടി ചുറുചുറുക്കുള്ളവനാണ്. നന്നായി പാടും. ചിത്രം വരയ്ക്കും, കളിമണ്ണു കുഴച്ചുരുട്ടി ശില്പങ്ങളുണ്ടാക്കും; നല്ലൊരു കലാകാരൻ!

ക്രിസ്മസ് അടുത്താൽ കുട്ടികൾ ജോസുകുട്ടിയുടെ ചുറ്റും കൂടും, ക്രിസ്മസ് ആഘോഷങ്ങൾ ഭംഗിയാക്കാൻ.

ജോസുകുട്ടിയുടെ ചെറ്റപ്പുരയ്ക്കരുകിൽ പണിതീരാത്ത പുരത്തറയിൽ എല്ലാവരും ഒത്തുകൂടി. ഒരുക്കങ്ങളൊക്കെ ഫൈനൽ സ്റ്റേജിലാണ്. കളിമണ്ണിൽ മെനഞ്ഞ ഉണ്ണിരൂപത്തിന്റെ മിനുക്കുപണികളും കഴിഞ്ഞു.

ജീവൻ തുടിക്കുന്ന ഉണ്ണി. തിളങ്ങുന്ന കണ്ണുകൾ. ചുണ്ടിൽ പുഞ്ചിരി തങ്ങിനില്ക്കുന്നു. കൈകൾ വിരിച്ച് ആശ്ലേഷിക്കാനായുകയാണെന്നു തോന്നും. പൂജരാജാക്കൾ കണ്ട അതേ ഉണ്ണിതന്നെ. ക്രിസ്മസ് തലേന്ന് സന്ധ്യയ്ക്കുതന്നെ മേളം തുടങ്ങി. കരോൾസംഘം റെഡിയായി. പീഠത്തിൽ കെട്ടിയൊരുക്കിയ പുൽക്കൂട്ടിൽ ഉണ്ണിയെ കിടത്തി. മാതാവും ഔസേപ്പിതാവും സാന്താക്ലോസും എല്ലാവരും വേഷമിട്ടെത്തി.

കരോൾസംഘം ക്രിസ്മസ് മംഗളഗാനങ്ങൾ ആലപിച്ചുകൊണ്ട് വീടുകൾതോറും കയറിയിറങ്ങി. ഗായകസംഘം ക്രിസ്മസ് ഗാനങ്ങൾ പാടിക്കൊണ്ട് മുമ്പേ നടന്നു.

“വിണ്ണിൽ താരമുദിച്ച ദിനം
വാനവർ ഗാനമുതിർത്ത ദിനം
മണ്ണിൽ യേശു പിറന്ന ദിനം
മണ്ണിൽ ശാന്തി പരന്ന ദിനം
പാടാമൊന്നായ് പാടീടാം
ഹാപ്പി ക്രിസ്മസ്
വിണ്ണിൻ നാഥനു സ്തുതിഗീതം
മാനവരൊന്നായ് പാടീടാം
ശാന്തിമന്ത്രമുയർത്തീടാം
ശാന്തിയീ മന്നിൽ പുലരട്ടെ
പാടാമൊന്നായ് പാടീടാം
ഹാപ്പി ക്രിസ്മസ്

കരോൾസംഘം ഓരോ വീടും പിന്നിട്ട് മെറീനമോളുടെ വീട്ടിലെത്തി. മിടുമിടുക്കിയാണ് മെറീനമോൾ. നല്ലൊരോമന! പക്ഷേ, എല്ലാവരെയും ദുഃഖിപ്പിക്കുന്നൊരു കാര്യം; ആ കുട്ടിക്ക് കാഴ്ചശക്തിയില്ല!

അവളുടെ അപ്പച്ചൻ ജോണിച്ചൻ ചെയ്യാത്ത ചികിത്സകളൊന്നുമില്ല. കഴിക്കാത്ത നേർച്ചകളുമില്ല. പക്ഷേ, അവർ തങ്ങളുടെ ദുഃഖം ദൈവതിരുമുമ്പിൽ സമർപ്പിച്ചു!

കരോൾസംഘം എത്തിയപ്പോൾ മെറീനമോൾ പുൽക്കൂട്ടിലെ ഉണ്ണിയേശുവിനു കാഴ്ചയുമായി ഇറങ്ങിവന്നു. അവൾ ഉണ്ണിയെ തൊട്ടുതലോടി. ഇരുകൈകളും ഉണ്ണിയേശുവിന്റെ കണ്ണുകളിൽവച്ച് അവളുടെ കണ്ണുകളിൽ ചേർത്തു പലവട്ടം.

കരോൾസംഘം മുന്നോട്ടു നീങ്ങി. ഗായകസംഘത്തിന്റെ പാട്ട് അകന്നകന്നുപോയി. പാതിരാവായി. പള്ളികളിൽനിന്നു മണിനാദമുയർന്നുതുടങ്ങി. പിറവിക്കുർബാനയ്ക്കു സമയമായി!

മെറീനയുടെ കാതുകളിൽ അപ്പോഴും കരോൾഗാനം അലയടിച്ചുകൊണ്ടിരുന്നു. കണ്ടവരൊക്കെ പറഞ്ഞുകേട്ട് ചിരിക്കുന്ന ഉണ്ണിയേശുവിന്റെ രൂപം അവളുടെ മനസ്സിൽ പതിഞ്ഞിരുന്നു.

ആ ചിരിക്കുന്ന ഉണ്ണിയെ ഒന്നു കാണാൻ കഴിഞ്ഞിരുന്നെങ്കിൽ; ആ കുഞ്ഞുമനസ്സ് കൊതിച്ചു.

മഞ്ഞുപുതച്ച ആ രാത്രിയിൽ ദേവാലയങ്ങളിലെ അൾത്താരകളിലും ഒപ്പം മനുഷ്യഹൃദയങ്ങളിലും ഉണ്ണിയേശു പിറവിയെടുത്തു. പള്ളിമണികളും കതിനാവെടികളും മുഴങ്ങി.

മെറീന ഉറക്കത്തിൽനിന്നു ഞെട്ടിയുണർന്നു. അവൾ ജോണിച്ചനെ വിളിച്ചു.

“അപ്പച്ചാ, അപ്പച്ചാ, ഉണ്ണിയേശു എന്നെ വിളിച്ചു അപ്പച്ചാ; ഉണ്ണിയേശു എന്റെ കണ്ണുകളിൽ തൊട്ടു അപ്പച്ചാ.”

ജോണിച്ചൻ എഴുന്നേറ്റു വിളക്കു തെളിച്ചു. ജോണിച്ചൻ മകളോടു പറഞ്ഞു:

“മോള് സ്വപ്നം കണ്ടതാ; മോള് ഉറങ്ങിക്കോ.”

“സ്വപ്നമല്ലപ്പച്ചാ, ഉണ്ണിയേശു എന്റെ കണ്ണിൽ തൊട്ടു. ഉണ്ണിയേശുതന്നെ. എനിക്കിപ്പോൾ നന്നായി കാണാം. എല്ലാം; എല്ലാം കാണാം.’

ആഹ്ലാദോത്സവമായിരുന്നു പിന്നെ ആ വീട്ടിൽ. തങ്ങളുടെ വീട്ടിൽ ഒരുക്കിയിരുന്ന പുൽക്കൂടിനു മുന്നിൽ പ്രാർഥനാഗാനങ്ങളുമായി അവർ നേരം വെളുപ്പിച്ചു.

കരോൾസംഘം വഹിച്ചിരുന്ന ഉണ്ണിയേശുവിനെ അവർക്കു മറക്കാനായില്ല. അവർക്കറിയാം ആ പുൽക്കൂടും ഉണ്ണിയും ജോസുകുട്ടിയുടെ വീട്ടിലുണ്ടാകുമെന്ന്. ജോണിച്ചനും മെറീനയും വീട്ടിലുള്ളവരുമൊത്ത് പുലർച്ചെതന്നെ ജോസുകുട്ടിയുടെ വീട്ടിലെത്തി.

ജോസുകുട്ടിയുടെ കുടിലിനു മുന്നിൽ പണിതീരാത്ത പുരത്തറയിൽ തൂത്തുനിരത്തിയ മണലിൽ ആ പുൽക്കൂട് ഇരിക്കുന്നു. പുൽക്കൂടിനു മുന്നിൽ കത്തിനിൽക്കുന്ന രണ്ടു മെഴുകുതിരികൾ! പുൽക്കൂട്ടിലെ അരണ്ട വെളിച്ചത്തിൽ മെറീന കണ്ടു. ചിരിതൂകുന്ന ഉണ്ണിയേശു!

അവൾ ആ ഉണ്ണിപ്പാദങ്ങൾ ചുംബിച്ചു. കൈയിൽ കരുതിയിരുന്ന പൂക്കളും കുന്തിരുക്കവും ആ തൃപ്പാദങ്ങളിൽ കാണിക്ക അർപ്പിച്ചു. അവൾ കൈകൾ കൂപ്പി; ആ ഉണ്ണിക്കണ്ണുകളിലേക്കു നോക്കി അങ്ങനെ നിന്നു.

ജോണിച്ചൻ ജോസുകുട്ടിയുടെ കുടിൽ നോക്കിക്കാണുകയായിരുന്നു. പുലർകാലസൂര്യന്റെ കിരണങ്ങൾ തുളവീണ മേൽക്കൂരയിലൂടെ എത്തിനോക്കുന്നുണ്ടായിരുന്നു.

“മഴ പെയ്താൽ ഒരു തുള്ളി വെള്ളം പുറത്തു പോവില്ല. ജോസുകുട്ടി മെനഞ്ഞ ഉണ്ണിയെ വയ്ക്കാൻപോലും അവന്റെ കുടിലിൽ ഇടമില്ല.” ജോണിച്ചൻ മനസ്സിൽ കുറിച്ചു.

അല്പനേരമങ്ങനെ നിന്ന ജോണിച്ചൻ ഉറച്ചൊരു തീരുമാനത്തിലെത്തി. ജോസുകുട്ടിയുടെ അടുത്ത ക്രിസ്മസ് ഒരു പുതിയ ഭവനത്തിലായിരിക്കും. ഞാൻ ഈ വീടിന്റെ പണി പൂർത്തിയാക്കി ജോസുകുട്ടിക്കു സമ്മാനിക്കും.

■



*വായനപൂർണിമ മലയാളശ്രീ പുരസ്കാരം അക്ഷരസമരസാരഥി ഡോ. തോമസ് മൂലയിൽ മോൻസ് ജോസഫ് എം.എൽ.എ. യിൽനിന്ന് ഏറ്റുവാങ്ങുന്നു. കൊല്ലം ജില്ലാ മജിസ്ട്രേറ്റ് നിയത പ്രസാദ്, ബിന്ദു കെ.സി., ഇ.പി. നാരായണൻ, എം.എം. ഷാജഹാൻ, ജോസഫ് ചാമക്കാല, ഫാ. തോമസ് മറ്റത്തിൽ, സാബു മൈലക്കാട് തുടങ്ങിയവർ സമീപം.*

## ശ്രേഷ്ഠമലയാളം

ഡോ. ഡേവിസ് സേവ്യർ

# വാക്ക്



മലയാളത്തിന്റെ പദകോശത്തിൽ മൂന്നുലക്ഷത്തിൽപ്പരം വാക്കുകളുണ്ട്. ഫ്രഞ്ച്, ജർമൻ, റഷ്യൻ തുടങ്ങിയ യൂറോപ്യൻ ഭാഷകളിലും മൂന്നുലക്ഷത്തോളം വാക്കുകളേയുള്ളൂ. ഇംഗ്ലീഷിന് ഈ രംഗത്ത് അസന്ദിഗ്ധമായ മേൽക്കൈ നേടാൻ സാധിച്ചിട്ടുണ്ട്. ഇംഗ്ലീഷിന്റെ പദകോശത്തിൽ പത്തുലക്ഷത്തിലധികം വാക്കുകൾ ഉള്ളതായി കണക്കാക്കപ്പെടുന്നു. അന്യഭാഷകളിൽനിന്നു സങ്കോചമില്ലാതെയുള്ള ആദാനംമൂലമത്രേ ഇംഗ്ലീഷിന് അസാധാരണമായ നേട്ടം കൈവരിക്കാൻ സാധിച്ചത്.

ഏതൊരു ഭാഷയിലെയും വാക്കുകളെ എണ്ണിത്തിട്ടപ്പെടുത്താം. എന്നാൽ, വാക്യങ്ങളുടെ കാര്യം അങ്ങനെയല്ല. പരിമിതമായ വാക്കുകൾകൊണ്ട് കോടാനുകോടി വാക്യങ്ങൾ സൃഷ്ടിക്കാമെന്നതത്രേ ഭാഷയുടെ സർഗാത്മകത. വാക്യങ്ങളുടെ മൂലഭൂതങ്ങൾ വർണങ്ങൾ കൊണ്ടു സൃഷ്ടിക്കപ്പെടുന്ന പദങ്ങളാണല്ലോ. പദങ്ങളുടെ നിരുക്തി കണ്ടെത്തേണ്ടത് എങ്ങനെ? മുഖത്തുനിന്നു പുറപ്പെടുന്ന സാർഥകശബ്ദമാണ് വാക്ക്. വചിക്കുന്നതും വചിക്കപ്പെടുന്നതും വാക്കാവും. സംസ്കൃതത്തിൽ വാക് എന്നാണ് ധാതു. പദാന്തത്തിലും දൃഢത്തിനു മുമ്പും ചവർഗത്തിനു കവർഗമാദേശം. അങ്ങനെ വാച് → വാക് → വാക്ക് എന്നാകുന്നു. മലയാളത്തിൽ അന്ത്യവ്യഞ്ജനത്തിന് ദ്വിത്വവും സംവൃതോകാരവും ചേർത്ത് പ്രയോഗിക്കണം. വാക് → വാക്ക്. സമാസത്തിലല്ലാതെ വരുമ്പോൾ വാക്ക് എന്നുതന്നെയാണ് എഴുതേണ്ടത്. സംവൃതോകാരം ചേർത്തെഴുതുന്ന രീതി ഇന്നത്തെ മലയാളം ഉപേക്ഷിച്ചു. (വാക്-വാക്ക്).

പ്രശസ്തങ്ങളായ വാക്കുകളുള്ളവനാണ് വാഗ്മി. ‘പ്രശസ്താ വാഗസ്യേതി വാഗ്മി’* എന്നു നിരുക്തി. വാക് + മയം = വാങ്മയം (മയ്ക്കു മുന്നിലെ കകാരം ങകാരമാകും.) വാക്+ ജാലം = വാഗ്ജാലം (ജയ്ക്കു മുന്നിലെ കകാരം ഗകാരമാകും.) വാക് + ഭടൻ = വാഗ്ഭടൻ (മൃദുക്കൾക്കും ഘോഷങ്ങൾക്കും മുമ്പിലുള്ള കകാരം ഗകാരമായിത്തീരും.)

വാക്+അർത്ഥം = വാഗർത്ഥം (സ്വരത്തിനു മുന്നിലെ കകാരം ഗ കാരമാകും). വാക്കിന്റെ പര്യായമെന്ന നിലയിൽ പദം പ്രയോഗത്തിലുണ്ട്. ‘പദ്യതേ ഗമ്യതേ ജ്ഞായതേ അനേന ഇതി പദം’* എന്നു പദത്തിനു നിരുക്തി. ഇതിനാൽ അറിയുന്നതുകൊണ്ട് പദം എന്നർത്ഥം. (പദം = വാക്ക്).

* രാജഗോപാൽ, എൻ.കെ., സംസ്കൃതനിരുക്തകോശം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1999, പുറം – 201

** രാജഗോപാൽ, എൻ.കെ., സംസ്കൃതനിരുക്തകോശം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1999, പുറം – 138.

# ദൈവസ്നേഹത്തിന്റെ ഭൂമിഗീതം

(1-ാം പേജ് തുടർച്ച)

അതുകൊണ്ടാണ് ഗബ്രിയേൽ ദൈവദൂതൻ അഭിസംബോധന ചെയ്തത്, 'കൃപനിറഞ്ഞവളേ' എന്ന്. എലിസബത്തു പറഞ്ഞു: "എന്റെ കർത്താവിന്റെ അമ്മ എന്റെ അടുത്തു വരാനുള്ള ഈ ഭാഗ്യം എനിക്ക് എവിടെനിന്ന്?" (ലൂക്കാ. 1:43).



പരിശുദ്ധ കന്യാമറിയത്തെക്കുറിച്ച് നാലു വിശ്വാസപ്രഖ്യാപനങ്ങളുണ്ട്: എ.ഡി. 431 എഫേസൂസ് സൂനഹദോസിൽ ദൈവമാതൃത്വം, എ.ഡി. 649 ലാറ്ററൻ സൂനഹദോസിൽ നിത്യകന്യാത്വം, 1854 ഡിസംബർ 8 ന് പരിശുദ്ധ അമ്മയുടെ അമലോദ്ഭവം, 1950 നവംബർ 1 ന് പരിശുദ്ധ അമ്മയുടെ സ്വർഗാരോപണം. ഇതെല്ലാം കാണിക്കുന്നത്, പരിശുദ്ധ അമ്മ ജന്മംകൊടുത്തത് ദൈവപുത്രനാണ് എന്നുതന്നെയാണ്. അതുകൊണ്ടാണ്, മറിയത്തെ ദൈവത്തിന്റെ അമ്മ എന്നു വിളിക്കുന്നത്.


പരിശുദ്ധ മറിയത്തോടുചേർന്ന് നമ്മൾ ദൈവികപദ്ധതിയുടെമുമ്പിൽ എങ്ങനെ വ്യാപരിക്കണമെന്നാണ് ഈ ക്രിസ്മസ്നാളിൽ ധ്യാനിക്കേണ്ടത്. മറിയം വചനം ശ്രവിച്ച് ദൈവികപദ്ധതിക്കുമുമ്പിൽ 'ഇതാ, കർത്താവിന്റെ ദാസി! നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ' (ലൂക്കാ. 1:38) എന്നു പറഞ്ഞു പരിപൂർണമായി സമർപ്പിച്ചു. പരിശുദ്ധാത്മാവിനാൽ വചനത്തിനു മാംസം കൊടുത്തു. ദൈവപുത്രനു ജന്മം നല്കി ലോകത്തിനു സമ്മാനിച്ചു.

നമ്മൾ ഉദ്ഭവപാപരഹിതരാകുന്നത് മാമ്മോദീസായുടെ അവസരത്തിലാണ്. ജറെമിയായെ അമ്മയുടെ ഉദരത്തിൽവച്ചാണ് വിശുദ്ധീകരിച്ചത് (ജറെ. 1:5). പരിശുദ്ധാത്മാവ് നിറഞ്ഞപ്പോൾ എലിസബത്തിന്റെ ഉദരത്തിൽ ശിശു കുതിച്ചുചാടി എന്നാണല്ലോ ലൂക്കാ 1: 41 ൽ നാം വായിക്കുന്നത്. അപ്പോൾ, സ്നാപകയോഹന്നാൻ എലിസബത്തിന്റെ ഉദരത്തിൽവച്ചാണ് ദൈവകൃപ നിറഞ്ഞത്. നമ്മിൽ ദൈവകൃപ നിറയുന്നത്, ഉദ്ഭവപാപവും കർമപാപമുണ്ടെങ്കിൽ അതും മാറുന്നത് മാമ്മോദീസയിലാണ്. പരിശുദ്ധ അമ്മ നിർമലമായ ജീവിതം നയിച്ചതുപോലെ, നമ്മളും വിശുദ്ധമായ ജീവിതം നയിച്ചുകൊണ്ടാണ് ക്രിസ്മസിനു തയ്യാറെടുക്കേണ്ടത്. അങ്ങനെയാണ് കർത്താവിനെ നാം മഹത്ത്വപ്പെടുത്തേണ്ടത്. പരിശുദ്ധ അമ്മയെ തലമുറകൾ ഭാഗ്യവതി എന്നു പ്രകീർത്തിച്ചിട്ടുണ്ടെങ്കിൽ, നിന്റെ ഉദരഫലം അനുഗൃഹീതം എന്ന് എലിസബത്ത് മറിയത്തോടു പറഞ്ഞിട്ടുണ്ടെങ്കിൽ, അനുഗ്രഹമായ ഈശോയുടെ കൃപയ്ക്കു പാത്രീഭൂതരായി പരിശുദ്ധ അമ്മയോടൊപ്പം ഈ ക്രിസ്മസിനു നമുക്കൊരുങ്ങാം.

## വായന

### വാക്കിന്റെ വിസ്മയം


ഗ്രന്ഥകർത്രി : കുഞ്ഞൂഞ്ഞമ്മ ജോസഫ്
പ്രസാധനം : വിമല ബുക്സ്, കാഞ്ഞിരപ്പള്ളി
വിതരണം : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ
വില : ₹ 140



ഇന്നത്തെ സമൂഹത്തിന്റെ നേർക്കു തിരിച്ചുവച്ച കണ്ണാടി. നിരീക്ഷണങ്ങളും വിശകലനങ്ങളും ഉൾക്കാഴ്ചകളും നിറഞ്ഞ പുസ്തകം. ആനുകാലികവിചിന്തനങ്ങളുടെ ഈടുറ്റ സമാഹാരം, വിശാലമായ വായനയുടെ വാതായനങ്ങൾ ഇവിടെ തുറക്കുന്നു.

### ഒരു കവിളരുവി


ഗ്രന്ഥകർത്താ : സജി കപ്പൂച്ചിൻ
പ്രസാധനം : തിയോ ബുക്സ്, കൊച്ചി
വിതരണം : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ
വില : ₹ 150



കണക്ടിംഗ് ദ ഡോട്സ് എന്ന കുട്ടികളുടെ കളിയിലെന്നപോലെ ഈ പുസ്തകത്തിലൂടെ ഒരു പെൻസിൽ ഓടിക്കുമ്പോൾ തെളിയുന്നത് കരുണാർദ്രനായ ഒരു യേശുവിന്റെ മുഖമാണ്. പഞ്ചേന്ദ്രിയങ്ങളെയെല്ലാം കൂർമതയോടെ നിലനിറുത്തി ഒരു വേദപുസ്തകപാരായണത്തിനു നേരമായെന്നാണ് ഈ പുസ്തകം ആത്യന്തികമായി പറയാൻ ശ്രമിക്കുന്നത്. ദൈവത്തിന്റെ പ്രകാശമുള്ള ഒരു നിഴൽ ഈ പുസ്തകത്തിലുടനീളം പടർന്നുകിടപ്പുണ്ട്.

### നിഴൽ

ഗ്രന്ഥകർത്രി : ഡോ. സി. പ്രിൻസി ഫിലിപ്പ്
പ്രസാധനം : കാർമൽ പബ്ലിഷിംഗ് ഹൗസ്, തിരുവനന്തപുരം
വിതരണം : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ
വില : ₹ 160



സാധാരണ കാഴ്ചകൾ അവിചാരിതമായി മനസ്സിലുടക്കുമ്പോൾ തെളിഞ്ഞുകിട്ടുന്ന വെളിച്ചനൂലുകളുടെ നൂറ്റിയിരുപത്തഞ്ചു നിഴൽചിത്രങ്ങളും ചിന്തകളും.

# ക്രിസ്മസിന്റെ ചരിത്രവഴികൾ

## പ്രതികരണം

ക്രിസ്തുമസ് (ക്രിസ്ത്മസ്) എന്ന സമസ്തപദത്തിന് ഒരു ചരിത്രമുണ്ട്. ക്രിസ്തുവിന്റെ ജനനദിനാഘോഷത്തിനാണ് ഈ പേരു പറയുന്നത്.

ക്രിസ്തു എന്ന വാക്ക് ക്രിസ്തോസ് എന്ന ഗ്രീക്കുവാക്കിൽനിന്നുണ്ടായ ക്രിസ്തൂസ് എന്ന ലത്തീൻ വാക്കിൽനിന്നുണ്ടായതാണ്. ഇംഗ്ലീഷിൽ ക്രൈസ്റ്റ് എന്നു പറയുന്നു. അഭിഷിക്തൻ എന്നാണ് ഈ പദത്തിന്റെ അർഥം. ഹീബ്രുവിൽ മെശിഹാ എന്നും അറമായ (സുറിയാനി) ഭാഷയിൽ മിശിഹാ എന്നും പറയുന്നു.

യേശു എന്ന പദം യേസൂസ് എന്ന ലത്തീൻപദത്തിൽനിന്നുണ്ടായതാണ്. ഇംഗ്ലീഷിൽ അത് ജീസസ് എന്നായി. അറമായ ഭാഷയിൽ ഈശോ എന്നാണ്.

ക്രിസ്ത്മസ് എന്നതിലെ മസ് എന്ന പദത്തിന്റെ ഉത്പത്തി ആകസ്മികവും വിസ്മയനീയവുമാണ്. ലത്തീൻഭാഷയിലെ മീസാ എന്ന ക്രിയാരൂപത്തിൽനിന്നാണ് അതുണ്ടായത്. അയയ്ക്കപ്പെട്ടു എന്നാണ് അതിന്റെ അർഥം. അതു സ്ത്രീലിംഗമാണുതാനും.

യൂറോപ്പിൽ ലത്തീൻഭാഷയിലാണല്ലോ കുർബാന ചൊല്ലിയിരുന്നത്. അന്നത്തെ സാധാരണ ജനങ്ങൾക്ക് ലത്തീൻഭാഷ അജ്ഞാതമായിരുന്നു. കുർബാനയുടെ അവസാനം ഈത്തേ കോൺഗ്രിഗാസ്യോ മീസാ എസ്ത് എന്നു വൈദികൻ ഉച്ചസ്വരത്തിൽ പറഞ്ഞിരുന്നു. ഈത്തേ എന്നതിന് പോകുക എന്നും കോൺഗ്രിഗാസ്യോ എന്നതിന് സമൂഹം (സഭ) എന്നും മീസാ എസ്ത് എന്നതിന് അയയ്ക്കപ്പെട്ടിരിക്കുന്നു എന്നുമാണ് അർഥം.

ഈ വാചകത്തിലെ മീസാ എന്ന ക്രിയാരൂപത്തിന് യൂറോപ്പിലെ സാധാരണജനം കുർബാന എന്ന അർഥം കല്പിച്ചു! അവർക്ക് ലത്തീൻ ഭാഷ അജ്ഞാതമായിരുന്നല്ലോ.

കുർബാന എന്ന അർഥം കല്പിക്കപ്പെട്ട മീസാ എന്ന വാക്ക് പഴയ ഇംഗ്ലീഷിൽ മെസേ എന്നും ഫ്രഞ്ചുഭാഷയിലും ജർമൻഭാഷയിലും മെസ്സേ എന്നുമായി. ആംഗ്ലോസാക്സണിലെ മെസേ എന്നതിന് ആഘോഷം എന്ന ഒരർഥം കല്പിക്കപ്പെട്ടു. അങ്ങനെ ക്രിസ്മസ് എന്നതിന് ക്രിസ്തുവിനെ സംബന്ധിച്ച ആഘോഷം എന്ന അർഥമുണ്ടായി.

മീസാ എസ്ത് എന്ന ലത്തീൻ ക്രിയാരൂപം മിത്തെരെ എന്ന ക്രിയയിൽനിന്നുണ്ടായതാണ്. അയയ്ക്കപ്പെട്ടു എന്നാണർഥം. ഒരു ക്രിയാരൂപം നാമമായി പ്രയോഗിച്ചുവെന്നത് വിസ്മയനീയമാണ്.

ക്രിസ്ത്മസ് ദിവസം മരം അലങ്കരിക്കുന്ന സമ്പ്രദായം ജർമനിയിൽ തുടങ്ങി. ഇംഗ്ലണ്ടിൽ എലിസബത്തു രാജ്ഞി അതു സ്വീകരിക്കുകയും അതോടെ യൂറോപ്പിൽ എല്ലായിടത്തും നടപ്പിലാകുകയും ചെയ്തു. ഗായകസംഘം പാട്ടുപാടിക്കൊണ്ട് വീടുകൾ സന്ദർശിക്കുന്ന സമ്പ്രദായം മധ്യകാല ഇംഗ്ലീഷ് ഭാഷയിൽ കുറോൾ എന്നു വിളിക്കപ്പെട്ടു. പാട്ടുപാടി നൃത്തം ചെയ്യലാണ് അതുകൊണ്ട് ഉദ്ദേശിക്കുന്നത്. ക്രിസ്ത്മസിന് സമ്മാനം കൊടുക്കൽ, ആശംസ അയയ്ക്കൽ മുതലായവ യൂറോപ്പിൽ തുടങ്ങിയതാണ്.

**മോൺ. ഡോ. ജോർജ് കുരുക്കൂർ**

# HAPPY മതി MERRY വേണ്ട

ലോകരക്ഷകന്റെ ജനനത്തിരുനാൾ ആചരിക്കുന്ന, അല്ല ആഘോഷിക്കുന്ന ഒരു ക്രിസ്മസ്കൂടി സമാഗതമാവുകയാണല്ലോ. ബന്ധങ്ങൾ പുതുക്കാനും ആശംസകൾ നേരാനും ഒരു കാലഘട്ടംവരെ പ്രയോഗിച്ചിരുന്നത് wish you happy christmas എന്നായിരുന്നെങ്കിൽ പിന്നീട് പദപ്രയോഗം Merry christmas എന്നു മാറിയത് അല്ലെങ്കിൽ മാറ്റിയത് ആരുടെ പ്രചോദനംമൂലമാണെന്നു പരിശോധിച്ചറിയേണ്ടിയിരിക്കുന്നു. ഒരു കാര്യം വ്യക്തമാണ്; കമ്പോളശക്തികൾക്ക് ഈ മാറ്റം വളരെ സ്വീകാര്യമായി. അവർ അതു സമൂഹത്തിൽ അടിച്ചേല്പിച്ച് ഏതാണ്ട് ഉറപ്പിക്കുകയും ചെയ്തു എന്നു തന്നെ പറയാം. പക്ഷേ, ഇതിലെ അപകടം അറിയേണ്ടവർ തിരിച്ചറിയുന്നതായി കാണുന്നില്ല. സഭാസ്ഥാപനങ്ങൾപോലും Merry നെഞ്ചേറ്റി ലാളിക്കുന്നത് വേദനയോടെയേ നോക്കിക്കാണാൻ കഴിയൂ.

തീനും കുടിയും തമാശയുമായി ഉല്ലസിച്ച് ആനന്ദിക്കുക എന്നാണ് Make Merry എന്നതിന് നിഘണ്ടുവിൽ കൊടുത്തിരിക്കുന്ന അർഥം. ഫ്ളക്സ് ബോർഡും നക്ഷത്രവും ആകാശത്തുയർത്തി Merry christmas ആശംസിക്കുന്ന ചെറുപുഷ്പമിഷൻലീഗും എസ്എംവൈഎമ്മും ഇതു തിരിച്ചറിയുന്നുണ്ടോ ആവോ? എന്തിനേറെ! ഒരു ക്രിസ്മസ് ദിവസം പുരാതനമായ ഒരു ദൈവാലയത്തിന്റെ മദ്ബഹയിൽ വിശ്വാസികൾക്ക് ആശംസ നേർന്ന് Merry christmas സ്ഥാനം പിടിച്ചതു കണ്ടു നെഞ്ചുപിടഞ്ഞു.

പള്ളിയിലും പള്ളിയുമായി ബന്ധപ്പെട്ട ഇടങ്ങളിലുമെങ്കിലും Merry ഇനി കാണാതിരുന്നെങ്കിൽ എന്നു പ്രാർഥിച്ചു പോകുന്നു. തീറ്റയ്ക്കും കുടിക്കും വ്യർഥഭാഷണരസത്തിനും ദിവ്യരക്ഷകന്റെ പിറവിത്തിരുനാളുമായി ബന്ധമുണ്ടാകാതിരിക്കട്ടെ. Happy christmas മതി നമുക്ക്. രക്ഷകന്റെ പിറവിയുടെ ഓർമ പുതുക്കുന്ന ദൈവികസന്തോഷവും ഭക്ത്യഭ്യാസങ്ങളും ആയിരിക്കട്ടെ നമ്മുടെ ലക്ഷ്യം. Merry വേണ്ടേ, വേണ്ട.

**ബേബി നായ്ക്കംപറമ്പിൽ കാളികാവ്**

# കച്ചവടവൽക്കരിക്കപ്പെടുന്ന ക്രിസ്മസുകൾ




**ലോ**കത്തിന്റെ മുഴുവൻ സന്തോഷമാണ് ക്രിസ്മസ്. അതുകൊണ്ടാണ് പ്രകാശത്തിന്റെ ഉത്സവം എന്നൊക്കെ ക്രിസ്മസ് വിശേഷിപ്പിക്കപ്പെടുന്നത്. ക്രൈസ്തവരിൽമാത്രം ഒതുങ്ങിനില്ക്കുന്ന ആഘോഷവുമല്ല അത്. അക്രൈസ്തവർപോലും ക്രിസ്മസിന്റെ സന്തോഷങ്ങളിലും ആഘോഷങ്ങളിലും മനസ്സുനിറഞ്ഞു പങ്കുചേരുന്നുണ്ട്.

മലയാളസിനിമയുടെ തുടക്കകാലങ്ങളിൽ പലതിലും പ്രത്യക്ഷപ്പെട്ട ക്രിസ്മസ് ഈ സന്തോഷത്തിന്റെ ബഹിർസ്ഫുരണങ്ങളായിരുന്നു. ആത്മാവിന്റെ ആനന്ദവും രക്ഷകന്റെ പിറവിയിലുള്ള സന്തോഷവും അതിൽ പ്രകടമായിരുന്നു. 1961 ൽ പുറത്തിറങ്ങിയ ക്രിസ്മസ്‌രാത്രി എന്ന സിനിമയാവാം ഒരുപക്ഷേ, ക്രിസ്മസിന്റെ സന്തോഷം പകർന്നുതന്ന ആദ്യത്തെ മലയാളസിനിമ.

പിന്നീടു വന്ന നിരവധി മലയാളസിനിമകളിൽ ക്രിസ്മസ് ഒരു അവിഭാജ്യഘടകമോ അല്ലെങ്കിൽ ഗാനരംഗങ്ങളിൽ പ്രധാന ഉള്ളടക്കമോ ആയി മാറിയിട്ടുണ്ട്. ക്രിസ്മസ് എന്താണെന്നും അതിന്റെ സന്ദേശമെന്തെന്നും വ്യക്തമായി രേഖപ്പെടുത്തിയവയായിരുന്നു അത്തരം ഗാനങ്ങളെല്ലാം.

നമ്മുടെ ദേവാലയങ്ങളിൽ ഇന്നുപോലും ആലപിക്കപ്പെടുന്ന 'കാലിത്തൊഴുത്തിൽ പിറന്നവനേ' എന്ന ഗാനത്തിന്റെ കാര്യംതന്നെ ഓർക്കുക. അതൊരു സിനിമാഗാനമാണെന്ന് അറിയാവുന്നവർ ചിലപ്പോൾ വളരെ കുറവായിരിക്കും. എന്നാൽ 1979 ൽ പുറത്തിറങ്ങിയ സായുജ്യം എന്ന സിനിമയിലെ ഗാനമാണിത്. എഴുതിയതാവട്ടെ യുസഫലി കേച്ചേരിയും. എസ് ജാനകിയുടെ ശബ്ദസൗകുമാര്യത്തിൽ ഈ ഗാനം ഇന്നും അനശ്വരമായി നില്ക്കുന്നു.

ആരാധനാ നിശാസംഗീത മേള
വരൂ വരൂ ദേവൻ പിറന്നിതാ

തൊഴാം തൊഴാം നാഥൻ പിറന്നിതാ എന്ന ഗാനം പലരുടെയും ഓർമയിലുണ്ടാവാം. ക്രിസ്മസ് കരോളിന്റെ പശ്ചാത്തലത്തിൽ ഈ ഗാനം അണിയിച്ചൊരുക്കപ്പെട്ടിരിക്കുന്നത് ഫാസിലിന്റെ 'നോക്കെത്താദൂരത്ത് കണ്ണും നട്ട്' എന്ന സിനിമയിലാണ്.

ശ്രീകുമാർ (മോഹൻലാൽ) ഗേളിക്ക് (നദിയാമൊയ്തു) ഇന്നത്തെ ഭാഷയിൽ പറഞ്ഞാൽ 'പണി' കൊടുക്കുന്നത് ഈ ഗാനരംഗത്തിലാണ്. എന്നാൽ, അതുതന്നെ അവർക്കിടയിൽ ആരോഗ്യകരമായ ഒരു ബന്ധത്തിന് വഴി സൃഷ്ടിക്കുകയും ചെയ്യുന്നുണ്ട്. അങ്ങനെയാണ് ഈ ഗാനരംഗം സിനിമയിൽ നിർണായകമാകുന്നത്.

ഗപ്പി എന്ന സമീപകാലസിനിമയിലെ 'ഗബ്രിയേലിന്റെ ദർശനസാഫല്യമായി' എന്ന ഗാനം ഇപ്പോൾ വൈറലാണല്ലോ. ക്രിസ്മസിന്റെ പശ്ചാത്തലമാണ് ഈ ഗാനത്തിനുമുള്ളത്.

ഭരതന്റെ കാതോടു കാതോരം, ജയരാജിന്റെ ലൗഡ് സ്പീക്കർ, മണിരത്നത്തിന്റെ ഏകമലയാളസിനിമയായ ഉണരൂ, സത്യൻ അന്തിക്കാടിന്റെ മനസ്സിനക്കരെ തുടങ്ങിയ സിനിമകളിലെല്ലാം ക്രിസ്മസിന്റെ അന്തസ്സത്തയുടെ പ്രകടനങ്ങളുണ്ടായിരുന്നു. ക്രിസ്മസിന്റെ സന്തോഷം പ്രേക്ഷകരിലേക്കു പകരാൻ അവയ്ക്കെല്ലാം കഴിഞ്ഞിട്ടുമുണ്ടായിരുന്നു. ഇങ്ങനെ ഗാനരംഗങ്ങളിലൂടെ ക്രിസ്മസ് അനുഭവവേദ്യമാകുന്ന മറ്റനേകം സിനിമകളുമുണ്ട്.

ഉണ്ണിക്കൃഷ്ണന്റെ ആദ്യത്തെ ക്രിസ്മസ്, ഏലിയാമ്മച്ചിയുടെ ആദ്യത്തെ ക്രിസ്മസ് തുടങ്ങിയ ചലച്ചിത്രശീർഷകങ്ങളിൽത്തന്നെ ക്രിസ്മസ് കടന്നുവരുന്നുണ്ട്. 1988 ൽ പുറത്തിറങ്ങിയ കമൽ-ജയറാംചിത്രമാണ് ഉണ്ണികൃഷ്ണന്റെ ആദ്യത്തെ ക്രിസ്മസ്. കാക്കനാടന്റെ കഥയ്ക്ക് ജോൺപോളും കലൂർ ഡെന്നീസും ചേർന്നാണ് തിരക്കഥയും സംഭാഷണവുമൊരുക്കിയത്. കളിക്കൂട്ടുകാരിയായ സോഫിയായെ അവൾ അകപ്പെട്ടിരിക്കുന്ന കെണിയിൽനിന്നു മോചിപ്പിക്കാനുള്ള ഉണ്ണിക്കൃഷ്ണന്റെ ശ്രമങ്ങളും അതിനിടയിൽ സംഭവിക്കുന്ന ദുരന്തവുമാണ് ഈ ചിത്രത്തിന്റെ പ്രതിപാദ്യം. ഒരു ക്രിസ്മസ്‌രാത്രിയുടെ പശ്ചാത്തലത്തിലാണ് ചിത്രത്തിന്റെ ക്ലൈമാക്സ്. കെപിഎസി ലളിത കേന്ദ്രകഥാപാത്രമായ ബെന്നി ആശംസ ചിത്രമാണ് ഏലിയാമ്മച്ചിയുടെ ആദ്യത്തെ ക്രിസ്മസ്.

ഇൻ ഹരിഹർ നഗർ എന്ന സിനിമയിൽ ആൻഡ്രൂസിന്റെ അമ്മയെത്തേടി സേതുമാധവൻ എത്തുന്നത് ഒരു ക്രിസ്മസ്‌രാത്രിയിലാണ്. ഇങ്ങനെ പല സിനിമകളിലും ക്രിസ്മസിനെ അതിന്റെ തനിമയോടെയാണ് അവതരിപ്പിച്ചിരിക്കുന്നത്. സിനിമാറ്റിക് ആയ ചേരുവകൾ ഇവയ്ക്കൊക്കെ ഉണ്ടെങ്കിലും അവയൊന്നും ക്രിസ്മസിന്റെ അന്തസ്സത്ത ചോർത്തിക്കളയുന്നുണ്ടായിരുന്നില്ല. കാരണം, അത് അങ്ങനത്തെ കാലമായിരുന്നു.

പക്ഷേ, ഇന്ന് കാലം മാറി. ക്രിസ്മസ് കച്ചവടവത്കരിക്കപ്പെട്ടുതുടങ്ങി. പണ്ടുകാലങ്ങളിൽ ക്രിസ്മസിനോട് വളരെ അടുത്ത ദിവസങ്ങളിൽ മാത്രമായിരുന്നു നക്ഷത്രങ്ങളും പുൽക്കൂടും മറ്റും വിപണിയിൽ എത്തിയിരുന്നത്. പക്ഷേ, ഇന്ന് നവംബറിൽത്തന്നെ അവയെല്ലാം വിപണി കീഴടക്കുന്നു. ക്രിസ്മസിന്റെ അർഥം മനസ്സിലാവാതെ ആഘോഷം മാത്രമായി അവ അധഃപതിച്ചുകഴിഞ്ഞു. ഇത്തരമൊരു മാറ്റത്തിന് ഏറ്റവുമധികം വിധേയമായിരിക്കുന്നത്, അല്ലെങ്കിൽ മാറിക്കൊണ്ടിരിക്കുന്ന ക്രിസ്മസ് കാലത്തെ പ്രതീകം സാന്താക്ലോസാണ്. ക്രിസ്മസുമായി ബന്ധപ്പെട്ട പുരാവൃത്തങ്ങളിൽ ഏറ്റവും മനോഹരമാണല്ലോ സാന്താക്ലോസ്. സെന്റ് നിക്കോളാസിൽനിന്നാണ് സാന്താക്ലോസ് എന്ന കഥ രൂപപ്പെട്ടിരിക്കുന്നത്.

പിതൃസ്വത്ത് മുഴുവൻ ദരിദ്രർക്കു വിതരണം ചെയ്ത നിക്കോളാസ് ചെറുപ്രായത്തിൽത്തന്നെ മീറായിലെ മെത്രാനായി അവരോധിതനായി എന്നാണ് പാരമ്പര്യവിശ്വാസം, പുഴയറിയാതെ കുളിച്ചുകയറുന്നതുപോലെയുള്ള പങ്കുവയ്ക്കലുകളുടെ കഥ പറയുന്ന സാന്താക്ലോസിനെ ഇന്നത്തെ മലയാളസിനിമയിൽ പൊടിപോലും കാണാനില്ല. മറിച്ച്, അക്രമോത്സുകതയുടെ, പ്രതികാരനിർവഹണത്തിന്റെ ഭാഗമായാണ് ഇന്ന് ഇത്തരം സാന്താമാർ സിനിമകളിൽ കാണുന്നത്. 2019 ൽ പുറത്തിറങ്ങിയ ദിലീപ്-സുഗീത് ചിത്രമായ മൈ സാന്റ, 2012 ലെ ആഷിക്ക് അബു-ശേഖർ ചിത്രമായ ഡാ തടിയാ, 2021 ലെ ബേസിൽ-ടൊവീനോ ടീം ചിത്രമായ മിന്നൽമുരളി തുടങ്ങിയ സിനിമകളിലെ സാന്താക്ലോസ് ചിത്രീകരണങ്ങൾ ഇക്കാര്യങ്ങളാണ് വ്യക്തമാക്കുന്നത്. പ്രതികാരത്തിനും തിരിച്ചടിക്കുമായാണ് മൈ സാന്റയിലെയും ഡാ തടിയായിലെയും കേന്ദ്രകഥാപാത്രങ്ങളുടെ സാന്താക്ലോസ് വേഷങ്ങൾ.

നിസ്സഹായയായ ഒരു പെൺകുഞ്ഞിന്റെ ജീവിതത്തിൽ രക്ഷകനായിട്ടാണ് മൈ സാന്റയിലെ സാന്താക്ലോസ് പ്രത്യക്ഷപ്പെടുന്നതെന്ന് ആദർശവത്കരിച്ചാലും, ആ കഥാപാത്രത്തിന്റെ പ്രവൃത്തികളെ വസ്തുനിഷ്ഠമായി വിലയിരുത്തുമ്പോൾ മനസ്സിലാവുന്നത് തിരിച്ചടികളും പ്രതികാരങ്ങളും മാത്രമാണ് അതിനെല്ലാം പിന്നിലുള്ളതെന്നാണ്. മകളുടെ കൂട്ടുകാരിയുടെ ആഗ്രഹങ്ങൾ സാധിച്ചുകൊടുക്കുക എന്ന ലക്ഷ്യത്തോടെയാണ് സാന്റായുടെ അവതാരമെങ്കിലും ഈ ചിത്രത്തെയോ സാന്റായെയോ ക്രിസ്തീയപരിപ്രേക്ഷ്യത്തിൽ കാണാനുമാവില്ല. സാന്താക്ലോസിന്റെ ആത്മാവില്ലാത്ത കെട്ടുകാഴ്ചകൾ മാത്രമായിട്ടാണ് ഈ ചിത്രം അനുഭവപ്പെടുന്നത്. അതിമാനുഷികനായ, സൂപ്പർ പവറുള്ള ഒരു വ്യക്തി. അതാണ് ഇതിലൂടെ സാന്റായെക്കുറിച്ച് രൂപപ്പെടുത്തിയെടുക്കുന്ന ചിത്രം. യഥാർഥ ക്രിസ്മസുമായി, സാന്തായുമായി ഇതിന് പുലബന്ധംപോലുമില്ല. ഇവിടെയാണ് നാം ആശങ്കപ്പെടേണ്ടത്. വരുംകാലങ്ങളിൽ സാന്തായെന്നാൽ അതിമാനുഷികനായി അവതരിപ്പിക്കപ്പെടും. അയാളുടെ വീരേതിഹാസം കായികമായി മാത്രം നിർണയിക്കപ്പെടും.

വണ്ണം കുറയ്ക്കാനുള്ള മരുന്നിന്റെ പേരിൽതന്നെ കൂട്ടുകാരൻ ചതിക്കുകയായിരുന്നുവെന്നു മനസ്സിലാകുമ്പോൾ സാന്താക്ലോസായി വേഷംകെട്ടിച്ചെന്ന് ശത്രുവിനെ ആക്രമിക്കുകയാണ് ഡാ തടിയായിലെ ലൂക്ക് ചെയ്യുന്നത്. രൂപാന്തരീകരണമല്ല വേഷപ്പകർച്ചയാണ് ഇവിടെ സംഭവിക്കുന്നത്. ശത്രുനിഗ്രഹത്തിനുമുള്ള പുതിയ മാർഗമായി സാന്താ മാറുമ്പോൾ യഥാർഥ സാന്തായ്ക്കു കരയാതിരിക്കാനാവുമോ?



ഏറെ ശ്രദ്ധേയമായ മിന്നൽമുരളിയിലാവട്ടെ കാമുകിയെ കാണാനുള്ള അവസരം പ്രയോജനപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് നായകൻ സാന്താക്ലോസായി വേഷം കെട്ടുന്നത്.

ഇത്തരം ചിത്രീകരണങ്ങളിലൂടെയെല്ലാം ക്രിസ്മസിന്റെ അന്തസ്സത്തതന്നെ ചോദ്യം ചെയ്യപ്പെടുകയും സാന്താക്ലോസ് വെറും കോമാളിക്കാരനായി മാറുകയും ചെയ്യുന്നു. ചുരുക്കത്തിൽ, ക്രിസ്മസ്പ്രതീകങ്ങളെ ലാഘവബുദ്ധിയോടെയോ അർഥം മനസ്സിലാക്കാതെയോ ആണ് മലയാളസിനിമ സമീപിക്കുന്നത്. ക്രൈസ്തവരും കൗദാശികജീവിതവും കുരിശും വൈദികരും സന്ന്യസ്തരുമെല്ലാം പരിഹാസദ്യോതകമായി ചിത്രീകരിക്കപ്പെടുകയും അവയെല്ലാം അവമതിക്കപ്പെടുകയും ചെയ്തുകൊണ്ടിരിക്കുമ്പോഴാണ് ലോകത്തിൽ ക്രിസ്തുവിന്റെ ആഗമനം തന്നെ വിളിച്ചുപറയുന്ന ക്രിസ്മസുമായി ബന്ധപ്പെട്ടും ഇത്തരത്തിലുള്ള അപനിർമിതികൾ സംഭവിച്ചുകൊണ്ടിരിക്കുന്നത്.





# ആനന്ദത്തിന്റെ കാഴ്ചവെളിച്ചങ്ങൾ!



ബിപിൻ ചന്ദ്രൻ

'It is Christmas in the heart that puts Christmas in air " - W. T. Ellis

ഏപ്രിലാണേറ്റവും ക്രൂരമാസം എന്ന് എലിയറ്റ് എഴുതിയിട്ടുണ്ട്. എലിയറ്റിന് അങ്ങനെ പറയാമെങ്കിൽ എനിക്ക് എന്റെ അഭിപ്രായവും പറയാമല്ലോ. ഡിസംബറാണ് ഏറ്റവും മികച്ച മാസം.

ഏതു കാര്യത്തിനു പിന്നിലും ഒരു കാരണമുണ്ടാകും, ഏതു പ്രസ്താവനയ്ക്കു പിന്നിലും.

എന്റെ പ്രസ്താവനയ്ക്കു പിന്നിലെ കാരണം ക്രിസ്മസാണ്, ക്രിസ്മസിന്റെ ചിഹ്നങ്ങളാണ്.

ഇത്രയധികം ചിഹ്നങ്ങളോ പ്രതീകങ്ങളോ മനുഷ്യർക്കുമുന്നിൽ നിരത്തിവയ്ക്കുന്ന മറ്റൊരു പെരുന്നാളും ഉണ്ടെന്നു തോന്നുന്നില്ല. മനുഷ്യരുടെ മനസ്സുകളിൽ പ്രത്യേകിച്ചൊരു കാരണവും കൂടാതെ സന്തോഷം നിറച്ചുവയ്ക്കുന്ന എത്രയെത്ര കാഴ്ചവെളിച്ചങ്ങളാണ് ക്രിസ്മസ് നിരത്തിവയ്ക്കുന്നത്. കേക്കുകൾ, നക്ഷത്രങ്ങൾ, നത്താൾവിളക്കുകൾ, സാന്താസമ്മാനങ്ങൾ, ചിത്രതോരണങ്ങൾ, കരോൾ സംഘങ്ങൾ, ക്രിസ്മസ്മരങ്ങൾ, പച്ചപ്പുൽക്കൂടുകൾ, പാതയലങ്കാരങ്ങൾ, പാപ്പാഞ്ഞിത്തൊപ്പികൾ...

പണ്ടൊരു ക്രിസ്മസ്കാലത്ത് എഴുതിയ കുറിപ്പിലെ വരികൾ ഇവിടെ ഒന്നു പകർത്തട്ടെ:

'കിഴക്കൻമലകളിലെ ക്രിസ്മസ്രാത്രികളിലൂടെ നടക്കണം. അപ്പോൾ കാണാം, തേയിലത്തോട്ടങ്ങൾക്കിടയിലൂടെ മഞ്ഞിന്റെ ഷാളും പുതച്ച് ഒരു കരിങ്കൽപള്ളി. പശമാവുകൊണ്ട് ഒട്ടിച്ചെടുത്ത കടലാസുനക്ഷത്രം തൂങ്ങുന്ന കുരിശടി. അപ്പുറത്തെ മലയിലൂടെ പെട്രോമാക്സ് വെളിച്ചത്തിൽ ഉറുമ്പുവരിപോലൊരു കരോൾസംഘം. ഈറൻ കാറ്റിന്റെ തോളിൽ കയറിവരുന്ന 'യഹൂദിയായിലെ ഒരു ഗ്രാമം...'

ഡിസംബർ റൊമാന്റിക്കായ ഒരു മാസവും ക്രിസ്മസ് കാല്പനികമായ ഒരു കാലവുമാകുന്നു. നടക്കാതെ പോയ ഒരു നാടകത്തിൽ അഭിനയിക്കാൻ പണ്ട് എന്നെ ചങ്ങനാശ്ശേരിക്കു വിളിച്ചുവരുത്തിയ മാർട്ടിൻ പി.എസ്. എന്ന കൂട്ടുകാരൻ എനിക്കു കാണിച്ചുതന്നത് ക്രിസ്മസ് മാത്രമല്ല, പുതൂർപള്ളിയിലെ ചന്ദനക്കുടവും പുഴവാത് അമ്പലത്തിലെ ചിറപ്പുംകൂടിയാണ്. റിഹേഴ്സലും കഴിഞ്ഞ് മഹാരാജാസ് ഹോസ്റ്റലിന്റെ ടെറസിൽ ഒത്തുകൂടിയ കാമ്പസ്നടന്മാരുടെ ക്രിസ്മസിന് കൊച്ചി തെരുവുകളെക്കാൾ ഊർജം നൽകിയത് അൻവർ എ.ആർ. എന്ന കൂട്ടുകാരനായിരുന്നു. മാർട്ടിൻ പ്രക്കാട്ട്, അൻവർ റഷീദ് എന്നിങ്ങനെ നാട്ടുകാർ അറിയുന്ന പേരുകളിൽ ക്രിസ്മസും കുളിരും മറന്നു നല്ല സിനിമ വേവിച്ചെടുക്കുന്ന ചൂടിലാണ് സംവിധായകന്മാരായ ആ ചങ്ങാതിമാരിപ്പോൾ.

പണം പടക്കംപോലെ പൊട്ടിച്ചിട്ട് വിശന്നിരിക്കുന്ന ഒരു ക്രിസ്മസ്കാലത്ത് ദീപ്തി എന്നൊരു കൊച്ചിക്കാരി അനുരാഗിനും കൃഷ്ണദാസ് എന്ന ഓപ്പയ്ക്കും എനിക്കും വയറുനിറച്ച് ബിരിയാണി വാങ്ങിത്തന്നു. കൊച്ചിയിൽ കൊള്ളാവുന്ന പോത്തുകറി കിട്ടാൻ പാടാണ്. നല്ല പോത്ത് ഇല്ലാത്ത പെരുന്നാൾ ഒരു പോരായ്മയാണെങ്കിലും വർഷങ്ങളായിട്ട് ഞാൻ ക്രിസ്മസ് കൂടുന്നത് ആ കൊച്ചിക്കാരിയുടെ വീട്ടിലാണ്. പോത്തിറച്ചി പോട്ടെന്നുവയ്ക്കാം. പക്ഷേ, എന്റെ കുഞ്ഞുങ്ങളുടെ അമ്മയുടെ ഒപ്പമല്ലാതെ ഞാൻ എങ്ങനെയാണ് ക്രിസ്മസ് ആഘോഷിക്കുക? സ്നേഹിക്കുന്നവരുടെ കണ്ണിലെ വെളിച്ചത്തെക്കാൾ തെളിച്ചമുള്ള ഏതു ക്രിസ്മസ്വിളക്കാണ് നമുക്കു കാണാൻ കഴിയുക?

എവിടെനിന്നാണ് ക്രിസ്മസ് ഇത്രയധികം ആനന്ദം മനുഷ്യരിലേക്ക് ഇറക്കുമതി ചെയ്യുന്നത്? എങ്ങനെയാണാ സന്തോഷം മനുഷ്യരിൽനിന്നു മനുഷ്യരിലേക്കു പടരുന്നത്?

അറിയേണ്ടതില്ലെനിക്കത്.

ചിലതിന്റെയൊന്നും കാരണം തിരഞ്ഞുപോകേണ്ട കാര്യമില്ല. ക്രിസ്മസ് എന്നും കാരണം കൂടാതെ മനുഷ്യമനസ്സുകളെ ആനന്ദഭരിതമാക്കിക്കൊണ്ടേയിരിക്കട്ടെ.

ക്രിസ്മസ് ഒരു സീസൺ അല്ല ഒരു വികാരമാണെന്ന് എഡ്ന ഫെർബെർ പറഞ്ഞത് എത്ര സത്യം! ക്രിസ്മസ് ഒരു തീയതി അല്ല, അതൊരു മാനസികാവസ്ഥയാണെന്ന് മേരി എല്ലെൻ ചെയ്സ് പറഞ്ഞതിന്റെ പൊരുളും അതുതന്നെ. ചാൾസ് ഡിക്കൻസ് ക്രിസ്മസ് കാരളിൽ കുറിച്ച വാക്കുകൾ നമുക്കും നമ്മുടെ കരളിൽ പതിച്ചുവയ്ക്കാം:

"I will honour Christmas in my heart and try to keep it all the year."

നാവിൽ അലിഞ്ഞുതീരാത്തൊരു മധുരമിഠായിപോലെ ക്രിസ്മസ് എന്ന മാനസികാവസ്ഥ നമ്മുടെയെല്ലാം വാഴ്വുകളിൽ വർഷം മുഴുവനും മായാതെ നിറഞ്ഞുനിൽക്കട്ടെ.

ഏവർക്കും ക്രിസ്മസ്മംഗളങ്ങൾ!

---



ടി.പി. ശാസ്തമംഗലം

പാട്ടെഴുത്തിലെ പാഠഭേദങ്ങൾ

# മനം പെയ്ത മനസ്സ്

ഗാനരചനാരംഗത്തേക്ക് അക്ഷരവൈരികൾ തള്ളിക്കയറാൻ തുടങ്ങിയിട്ട് കാലം കുറച്ചായി. ഇന്നും അത് അഭംഗുരം തുടരുകയാണ്. വന്നുവന്ന് ഏറ്റവും അവഗണിക്കപ്പെട്ട വർഗമായി അവർ മാറിയിരിക്കുന്നു. എന്നിട്ടും അവർക്കു യാതൊരു കുലുക്കവുമില്ല എന്നതത്രേ ഏറെ വിചിത്രമായ വസ്തുത. ഗാനത്തിനു പിന്നിൽ പ്രവർത്തിക്കുന്നവരെ ശില്പികൾ എന്നു വിശേഷിപ്പിക്കാറുണ്ട്. എന്നാൽ, ഇന്ന് അവർ ആ പേരിനുപോലും അർഹതയില്ലാത്തവരായി മാറിയിരിക്കുന്നു. ഗാനങ്ങൾ പടച്ചുവിടാൻ പരിശ്രമിക്കുന്നവർക്ക് സാഹിത്യമോ സംഗീതമോ അറിയണമെന്നില്ല. എന്തുമെഴുതാം, എങ്ങനെയും ചിട്ടപ്പെടുത്താം. എല്ലാം നേർച്ച മാത്രമായി അധഃപതിച്ചിരിക്കുന്നു. ഇപ്പറഞ്ഞതെല്ലാം വെളിപ്പെടുത്തുന്ന ഒരു ഗാനം. ചിത്രം – സാറ്റർഡേ നൈറ്റ്; ഗാനരചന – ജോപോൾ; സംഗീതം – ജോക്സ് ബിജോയ്; ആലാപനം – വിജയ് യേശുദാസ്.

ആദ്യമേ പറയട്ടെ, ഈ ഗാനത്തിന് നാം ഭാഷയിൽ സാധാരണ ഉപയോഗിക്കുന്ന ചിഹ്നങ്ങളൊന്നും ബാധകമല്ല. അതായത്, അല്പവിരാമം, അർദ്ധവിരാമം, അപൂർണവിരാമം, പൂർണവിരാമം ഇവയൊന്നും പാട്ടെഴുത്തുകാരന്റെ തൂലികത്തുമ്പിൽ മാത്രമല്ല മനസ്സിലും കടന്നുവന്നിട്ടില്ല. അതിന്റെ ഫലമാകട്ടെ ഗാനം കാളമൂത്രംപോലെ നീണ്ടുനീണ്ടു പോകുന്നു. വരികൾക്കു തമ്മിൽ ബന്ധമുണ്ടോ, അതുമില്ല.

“നിലാത്തുമ്പി നീ
നിഴൽപ്പൂവിനെ
തൊടാൻ വൈകിയോ
അറിയുകില്ലയോ
ഒരേ ചില്ലയിൽ
ഇടം തന്നതോ
മറന്നതെന്തിനായ്
അകലെ നിന്നുവോ”

നെയ്തെടുത്ത കല്പനകൾ പുതുമയുള്ളവയല്ല എന്നതോ പോകട്ടെ അനൗചിത്യത്തിന്റെ സന്തതികളുമായിപ്പോയി. നിഴൽപ്പൂവിന് എന്താണു പ്രസക്തി? എന്തോ ഗഹനമായ ആശയം അവതരിപ്പിക്കുന്ന മട്ടിൽ പാട്ടെഴുത്തുകാരൻ തികച്ചും ബാലിശമായ ചിലതൊക്കെ വിളമ്പുന്നു. ഇത്തരം വരികൾ ഒരിക്കലും ഉത്തമഗാനത്തിന് അനുയോജ്യമല്ല എന്ന് അദ്ദേഹം തിരിച്ചറിയാത്തതാണു കഷ്ടം!

“കനവായ് ഉരുകും
പറയാവാക്കും
പകലായ് തെളിയും
ഏതോ നിമിഷം
വെയിൽ വീണവഴി നിറഞ്ഞ
കഥയിലിതുവരെ
കടംതന്ന തണലകന്ന
അറിയുമാദ്യമായ്
മനം പെയ്ത് മനസ്സറിഞ്ഞ
മധുരമിനിയിതാ.”

ഗാനരചയിതാവ് ഇപ്രകാരം കാടുകയറിപ്പോകുകയാണ്. അദ്ദേഹത്തിന് ഒരു ലക്ഷ്യവുമില്ല. ഒരിടത്തും ചുവടുറപ്പിക്കുന്നതുമില്ല. പദങ്ങൾ ചേർന്നു വരുമ്പോഴാണ് വരിക്ക് അർത്ഥം വരുന്നത്. ഏതെങ്കിലുമൊക്കെ വാക്കുകൾ തോന്നിയതുപോലെ ചേർത്താൽ ഉളവാകുന്നത് വ്യക്തമായ ആശയമായിരിക്കണമെന്നില്ല. കഴിവുള്ള കവികൾ എഴുതുന്നതു പലപ്പോഴും കാവ്യാത്മകമായിരിക്കും. മുകളിൽ എടുത്തെഴുതിയ ഗാനഭാഗം ശ്രദ്ധിക്കുക. അതു വായിക്കുമ്പോൾ (ഗാനം കേൾക്കുമ്പോഴും) ആസ്വാദകനു തോന്നുന്നതെന്താണ്? ശൂന്യതമാത്രം. ഇത്തരം ശൂന്യതയാണ് ഇന്നത്തെ പാട്ടുകളുടെ പരാജയകാരണം. എത്രയൊക്കെ എഴുതിയിട്ടും എന്നെപ്പോലുള്ളവർ വായിട്ടലച്ചിട്ടും നവീന പാട്ടെഴുത്തുകാർ ആരുംതന്നെ അതു മനസ്സിലാക്കുന്നില്ല എന്നതാണ് ഏറെ ഖേദകരം.

കനവും പകലും വെയിലും തണലും ഒന്നും നമുക്കന്യമായ പദങ്ങളല്ല. എന്നിട്ടും അവ ചേർന്നു വന്ന ഈ ഗാനം പൂർണമായും നമുക്ക് അന്യമായിപ്പോകുന്നു. മനവും മനസ്സും ഒന്നാണെന്നിരിക്കെ 'മനംപെയ്ത് മനസ്സറിഞ്ഞ' എന്നെഴുതാൻ ജോ പോളിന് എങ്ങനെ മനസ്സുവന്നു എന്നാലോചിക്കുകയാണു ഞാൻ. ശ്രദ്ധയില്ലായ്മ രചയിതാവിന്റെ മുഖമുദ്രയാണെന്നതിനു വേറേ തെളിവെന്തിന്? ഭാഷയും സാഹിത്യവും വേണ്ടതുപോലെ പഠിച്ചതിനുശേഷം ഇക്കൂട്ടർ തൂലികയെടുത്തിരുന്നെങ്കിൽ എന്ന് ആശിച്ചുപോകുകയാണ്. ആസ്വാദകരുടെ ആ ആഗ്രഹം ഒരിക്കലും നടക്കാൻ പോകുന്നില്ലെന്ന് ഗാനങ്ങളിലൂടെ വീണ്ടും വീണ്ടും ഉദ്ഘോഷിക്കുകയാണു പാട്ടെഴുത്തുകാർ. ഈശ്വരോ രക്ഷതു! ■

# ഓർമയിൽ ഒരു നക്ഷത്രം!



ഇഗ്നേഷ്യസ് കലയന്താനി

**പ**ഴയ തലമുറയിലെ ആളുകൾക്കു മറക്കാനാവുമോ അരനൂറ്റാണ്ട് മുമ്പത്തെ ആ ക്രിസ്മസ് കാലം! ഓർമയില്ലേ മുറ്റത്തെ മാവിൻകൊമ്പിൽ രാത്രിയിൽ തെളിഞ്ഞു നിൽക്കുന്ന ആ ഈറ്റനക്ഷത്രവും മാവിൻചുവട്ടിൽ വൈക്കോലുകൊണ്ടുണ്ടാക്കിയ പുൽക്കൂടും? ജാതിമതഭേദമന്യേ ക്രിസ്മസ് വലിയ ആഘോഷമാക്കിയിരുന്ന അക്കാലത്ത് വീട്ടുമുറ്റത്തൊരുക്കിയ പുൽക്കൂടു കാണാൻ അന്യമതസ്ഥരായ അയൽവീട്ടുകാർപോലും ഓടിയെത്തുമായിരുന്നു. എന്നുമാത്രമല്ല, പുൽക്കൂടുനിർമാണത്തിൽ അവരും പങ്കാളികളാവുകയും ചെയ്യുമായിരുന്നു. മതവിദ്വേഷമോ തീവ്രവാദമോ തൊട്ടുതീണ്ടിയിട്ടില്ലാത്ത, സഹജീവിസ്നേഹം പൂത്തുലഞ്ഞുനിന്ന ആ കാലം എത്ര സുന്ദരകാലമായിരുന്നു!

അന്നു സ്വന്തമായി വാഹനമുള്ളവർ വിരളം. അതുകൊണ്ടുതന്നെ വീടിനുമുമ്പിൽ ഒരു റോഡു വേണമെന്ന ചിന്തയേ ആർക്കുമുണ്ടായിരുന്നില്ല. സർക്കാർജോലി എന്നതിനേക്കാൾ കൃഷിഭൂമി വാങ്ങിക്കൂട്ടുന്നതിലായിരുന്നു ക്രിസ്ത്യാനികൾക്ക് ഏറെ താത്പര്യം. പത്താം ക്ലാസിൽ തോൽക്കുന്നതോടെ അവസാനിക്കും പഠനം. (അന്നു ജയിക്കുന്നവരേക്കാൾ നാലിരട്ടിയായിരുന്നു പത്തിൽ തോൽക്കുന്നവർ).

വിശാലമായ പറമ്പിന്റെ നടുവിലായിരുന്നു മിക്ക വീടുകളും. ഇന്നത്തെപ്പോലെ കൂറ്റൻ മതിലുകളോ ഗേറ്റുകളോ ഒന്നും വീടിനുണ്ടായിരുന്നില്ല. വിസ്തൃതമായ പറമ്പിൽ തലങ്ങും വിലങ്ങും ഒറ്റയടിപ്പാതകൾ. രാത്രി നിലാവെളിച്ചത്തിൽ നടന്നുപോകുന്ന രൂപം കാണുമ്പോൾ, 'ആരെടാ എന്റെ പറമ്പിൽ' എന്നായിരുന്നില്ല ചോദ്യം. മറിച്ച്, മത്തായിച്ചേട്ടനാണോ, ഇന്നെന്താ വൈകിയത് എന്ന കുശലാന്വേഷണമായിരിക്കും. ഏതു പാതിരാത്രിയിലും ഏതു വീട്ടിലും കയറിച്ചെന്ന് ഇത്തിരി വെട്ടം തരാമോ ചേടത്തീ എന്ന് ചോദിച്ചാൽ ചൂട്ടുകറ്റ കെട്ടി തീകത്തിച്ചു കൊടുക്കുമായിരുന്നു. ചിലപ്പോൾ മെഴുകുതിരിയും ഒരു ചിരട്ടയുമാകും കൈമാറുക.

പറഞ്ഞുവന്നത് അന്നത്തെ ക്രിസ്മസ്നാളുകളെപ്പറ്റിയാണല്ലോ. അന്ന് നാട്ടിൻപുറത്തെ മിക്ക വീടുകളിലും വൈദ്യുതിയുണ്ടായിരുന്നില്ല. ഇന്നത്തെപ്പോലെ മിഴിചിമ്മുന്ന നക്ഷത്രങ്ങൾ കടയിൽനിന്നു വാങ്ങിക്കാനും കിട്ടുമായിരുന്നില്ല.

ക്രിസ്മസ്കാലമായാൽ നക്ഷത്രങ്ങൾ ഉണ്ടാക്കുന്ന തിരക്കിലായിരിക്കും ഓരോ വീടും. കടയിൽനിന്നു വാങ്ങിക്കുന്ന വിവിധ വർണങ്ങളിലുള്ള ചൈനാപ്പേപ്പറും പറമ്പിൽനിന്നു വെട്ടിയെടുക്കുന്ന ഈറ്റയുംകൊണ്ട് കുടുംബാംഗങ്ങൾ ഒന്നിച്ചിരുന്നാണ് നക്ഷത്രം ഉണ്ടാക്കുന്നത്. ഒരു വീട്ടിൽ ഏഴെട്ടു മക്കൾ ഉണ്ടായിരുന്ന അക്കാലത്ത് നക്ഷത്രങ്ങളും പുൽക്കൂടും ഉണ്ടാക്കുന്നത് ഒരു ബുദ്ധിമുട്ടേ ആയിരുന്നില്ല. മറിച്ച്, അതൊരു ആവേശമായിരുന്നു, ആഹ്ലാദമായിരുന്നു, ഒത്തൊരുമയായിരുന്നു. ചിലപ്പോൾ അയൽപക്കത്തെ കുട്ടികളും സഹായിക്കാൻ ഓടിയെത്തും.

ഈറ്റ കീറി നക്ഷത്രം ഉണ്ടാക്കി, അതിനകത്തു മണ്ണെണ്ണവിളക്കോ മെഴുകുതിരിയോ കത്തിച്ചുവച്ച് വീട്ടുമുറ്റത്തെ മാവിൻകൊമ്പിലോ തെങ്ങിൻമുകളിലോ കയറി അയൽക്കാർക്കുകൂടി കാണത്തക്കവിധം ഉയരത്തിൽ കെട്ടും. എത്രയധികം ഉയർത്തുന്നുവോ അവനാണു കേമൻ. ആകാശം മുട്ടെ നിൽക്കുന്ന നക്ഷത്രങ്ങളെ നോക്കി, ആ നക്ഷത്രത്തിൽനിന്നു വരുന്ന രശ്മികൾ നോക്കി സ്വയംമറന്നുനിന്ന ആ നാളുകൾ പോയകാലത്തെ നിറമുള്ള ഓർമയാണ്. തന്റെ സ്വന്തം കൈകളിൽ രൂപംകൊണ്ട നക്ഷത്രമാണല്ലോ ഉയരത്തിൽ ജ്വലിച്ചുനിൽക്കുന്നത് എന്ന സന്തോഷമാണ് അപ്പോൾ മനസ്സിൽ.



ഈറ്റ വെട്ടിക്കൊണ്ടുവന്നു നെടുകെ കീറി ചെറിയ കമ്പുകളാക്കി നക്ഷത്രത്തിന്റെ ആകൃതിയിൽ ഒട്ടുപാലുകൊണ്ട് കൂട്ടിക്കെട്ടിയാണ് നക്ഷത്രമുണ്ടാക്കിയിരുന്നത്. കടയിൽനിന്നു വാങ്ങിക്കുന്ന വർണക്കടലാസുകൊണ്ട് ഈറ്റ പൊതിയും. നക്ഷത്രത്തിന്റെ മുകൾവശത്ത്, താഴെനിന്നു നോക്കിയാൽ കാണില്ലാത്തവിധം ഒരു ചെറിയ വിടവ് ഇട്ടിരിക്കും. ആ വിടവിലൂടെ മണ്ണെണ്ണവിളക്കോ മെഴുകുതിരിയോ അകത്തുകയറ്റി ഉറപ്പിച്ചു ദീപം തെളിക്കും. രാത്രിയിൽ ആ പ്രകാശം വർണക്കടലാസുകൾ ഭേദിച്ച് പുറത്തേക്കു വരുമ്പോൾ നക്ഷത്രം വെട്ടിത്തിളങ്ങും. വീട്ടിൽ വൈദ്യുതിയുള്ളവർ ഫിലമെന്റുബൾബുകളാണ് ഇടുക.

അന്നത്തെ നക്ഷത്രങ്ങൾക്ക് അഞ്ചു കാലുകളേ ഉണ്ടായിരുന്നുള്ളൂ. രണ്ടു കാലുകളിൽ തൂങ്ങിയാണു നില്പ്. രാത്രിയിൽ തിരിനാളത്തിന്റെ വെളിച്ചത്തിൽ ജ്വലിച്ചുനിൽക്കുന്ന ആ നക്ഷത്രം നോക്കിനിൽക്കാൻ കുട്ടികൾക്കാആവേശമാണ്, സന്തോഷമാണ്.

കാലക്രമേണ ഈറ്റയും വർണ്ണക്കടലാസുകളും കടകളിലെ റെഡിമെയ്ഡ് നക്ഷത്രങ്ങൾക്കു വഴിമാറി. അഞ്ചു കാലുകളുടെ സ്ഥാനത്ത് അനവധി കാലുകൾ മുളച്ചു. കണ്ടിട്ടും കേട്ടിട്ടുമില്ലാത്ത ആകൃതിയിൽ നക്ഷത്രങ്ങൾ പിറവിയെടുത്തു. നക്ഷത്രത്തിനുള്ളിൽ മണ്ണെണ്ണവിളക്കിനും മെഴുകുതിരിക്കും പകരം വൈദ്യുതബൾബുകൾ സ്ഥാനം പിടിച്ചു. കുറേക്കാലം അവർ ഈ നാട്ടിലെ താരങ്ങളായി വിരാജിച്ചു.

കാലം കടന്നുപോയപ്പോൾ കടലാസുനക്ഷത്രങ്ങൾ ചവറ്റുകുട്ടയിലായി. പകരം വന്നവവനാകട്ടെ പ്ലാസ്റ്റിക്കിൽ രൂപംകൊണ്ട എൽ.ഇ.ഡി. നക്ഷത്രങ്ങൾ. അവനാണിപ്പോൾ നാട്ടിലെ താരം. നിറങ്ങൾ മാറിമാറി മിന്നിത്തെളിയുന്ന പ്ലാസ്റ്റിക് നക്ഷത്രങ്ങൾ ഓരോ വർഷവും ഓരോ രൂപം പ്രാപിച്ചാണ് വിപണിയിൽ എത്തുന്നത്. കാലം മാറുമ്പോൾ കോലവും മാറണമല്ലോ! ഈ മാറ്റം ടെക്നോളജിയിൽ മാത്രമല്ല, മനുഷ്യന്റെ ഇഷ്ടാനിഷ്ടങ്ങളിലും കടന്നുകൂടി. അതിനിയും മാറിക്കൊണ്ടേയിരിക്കും. ഇന്നത്തെ എൽഇഡി നക്ഷത്രങ്ങൾ നാളെ മറ്റൊന്നിനായി വഴിമാറുമെന്നുറപ്പാണ്.

എല്ലാവർക്കും ശാന്തിയുടെയും സമാധാനത്തിന്റെയും ക്രിസ്മസ് ആശംസകൾ...

## ഡോക്ടറേറ്റ്



*റോമിലെ പൊന്തിഫിക്കൽ ലാറ്ററൻ യൂണിവേഴ്സിറ്റിയിൽനിന്ന് സഭാനിയമത്തിൽ ഡോക്ടറേറ്റ് നേടിയ സി. ജോസ്ന ജോൺ കട്ടക്കയത്ത്. സിസ്റ്റേഴ്സ് ഓഫ് സെന്റ് മർത്താസ് പാലാ സന്ന്യാസിനീസമൂഹാംഗവും ഏഴാച്ചേരി കട്ടക്കയത്ത് ജോൺ-എൽസി ദമ്പതികളുടെ മകളുമാണ്.*







**ഡിസംബർ 25**
**പിറവിക്കാലം**
**ഒന്നാം ഞായർ**

ഏശ 7:10–16,9:1–3;6–7
മിക്ക 4:1–3, 5:2–5; 8–9
ഗലാ 3:15–4:6
ലൂക്കാ 2:1–20



# പ്രകാശമായ ഈശോയുടെ പിറവി



**ഡോ. ജോസഫ് കരികുളം**

നക്ഷത്രവിളക്കുകളുടെയും പുൽക്കൂടുകളുടെയും ദിനം! ക്രിസ്മസ് പാപ്പാമാരുടെയും കേക്കുകളുടെയും ദിനം! ഉണ്ണിയേശു ജനിച്ചതിന്റെ സന്തോഷം എല്ലാവരെയും പ്രകാശിപ്പിക്കുന്ന പുണ്യദിനം! അതേ, ക്രിസ്മസ് പ്രകാശത്തിന്റെ ഉത്സവമാണ്. "എല്ലാ മനുഷ്യരെയും പ്രകാശിപ്പിക്കുന്ന യഥാർഥ വെളിച്ചം ലോകത്തിലേക്കു വരുന്നുണ്ടായിരുന്നു" (യോഹ. 1:9). ദൈവവചനമായ ഈശോമിശിഹായായിരുന്നു ആ വെളിച്ചം (യോഹ. 1:1–4, 14). "ആ വെളിച്ചം ഇരുളിൽ പ്രകാശിക്കുന്നു; അതിനെ കീഴടക്കാൻ ഇരുളിനു കഴിഞ്ഞില്ല" (യോഹ. 1:5). ഈശോമിശിഹായാകുന്ന പ്രകാശത്തിന്റെ ശക്തിയാൽ നാമോരോരുത്തരും നമ്മുടെ ഭവനങ്ങളും പ്രകാശിക്കട്ടെ. ക്രിസ്മസ് ആശംസകൾ!

സീറോ മലബാർ ആരാധനക്രമത്തിൽ, മാർ തെയദോറിന്റെ കൂദാശക്രമത്തിലെ മൂന്നാം പ്രണാമജപത്തിൽ ഇപ്രകാരം നാം ചൊല്ലുന്നു: "ലോകസൃഷ്ടിക്കു മുമ്പുതന്നെ അങ്ങയുടെ അനന്തമായ ജ്ഞാനത്താൽ ഒരുക്കപ്പെട്ടിരുന്ന മഹനീയവും വിസ്മയാവഹവുമായ രക്ഷാപദ്ധതി മുഴുവനും കാലത്തിന്റെ തികവിൽ അവിടുന്നു തന്റെ കരങ്ങൾവഴി നിറവേറ്റുകയും പൂർത്തിയാക്കുകയും ചെയ്തു." മനുഷ്യനുവേണ്ടിയുള്ള ദൈവത്തിന്റെ രക്ഷാപദ്ധതിയുടെ കാലത്തിന്റെ തികവിലുള്ള നിറവേറലാണ് ക്രിസ്മസ്. ആ രക്ഷാകരപദ്ധതിയുടെ പൂർത്തിയാക്കലുകളാകട്ടെ, ഈശോയുടെ കുരിശുമരണത്തിലൂടെയും ഉത്ഥാനത്തിലൂടെയും നമുക്കായി ദൈവം നേടിത്തരുന്ന അവിടുത്തെ മഹത്ത്വത്തിലേക്കുള്ള നമ്മുടെ തിരികെപ്രവേശനമാണ്.

ദൈവത്തിന്റെ രക്ഷാപദ്ധതി കാലത്തിന്റെ തികവിൽ സംഭവിക്കുമെന്ന രണ്ടു പ്രവചനങ്ങളാണ് ഇന്നത്തെ ആദ്യ രണ്ടു വായനകൾ. ഏശയ്യായുടെ പുസ്തകത്തിൽനിന്നാണ് ഒന്നാം വായന (ഏശ. 7:10–16; 9, 1–3, 6–7). ഈശോയ്ക്കുമുമ്പ് (ബി. സി.) എട്ടാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന പ്രവാചകനാണ് ഏശയ്യാ. പ്രവാസകാലത്തും അതിനുശേഷവുമുള്ള ഇസ്രായേൽജനത്തിന്റെ അവസ്ഥാന്തരങ്ങൾ നേരിട്ടു മനസ്സിലാക്കിയ പ്രവാചകൻ. ബാബിലോൺ അടിമത്തത്തിലായിരുന്ന ജനത്തിന്റെ വിമോചനം അടുത്തിരിക്കുന്നുവെന്നും രക്ഷകനായി വാഗ്ദാനം ചെയ്യപ്പെട്ട മിശിഹായുടെ ആഗമനം ഉടനുണ്ടാകുമെന്നും ഏശയ്യാ പ്രവചിച്ചു. ഈ പ്രവചനങ്ങളിലെ ഏറ്റവും പ്രധാനപ്പെട്ടതാണ് 'യുവതി ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. അവൻ ഇമ്മാനുവേൽ എന്നു വിളിക്കപ്പെടും' (7:14) എന്നത്.

അടിമത്തത്തിൽനിന്ന് ഇസ്രായേൽ മോചനം നേടും എന്നതിന്റെ പ്രവചനം മാത്രമല്ല ഇത്. പാപത്തിന്റെ അടിമത്തത്തിൽ, ആത്മീയാന്ധകാരത്തിൽ ആയിരിക്കുന്ന ജനത്തിന്റെ വിമോചനത്തിന്റെ കാഹളംകൂടിയാണത്. "എന്നാൽ, ദുഃഖത്തിലാണ്ടുപോയവളുടെ അന്ധകാരം നീങ്ങിപ്പോകും. ജനതകളുടെ ഗലീലിയെ അവിടുന്നു മഹത്ത്വപൂർണമാക്കും. അന്ധകാരത്തിൽ കഴിഞ്ഞിരുന്ന ജനം മഹത്തായ ഒരു പ്രകാശം കണ്ടു. കൂരിരുട്ടിന്റെ ദേശത്തു വസിച്ചിരുന്നവരുടെമേൽ പ്രകാശം ഉദിച്ചു" (9:1–2). ഇതു സംഭവിക്കുന്നത് അവസാനനാളുകളിലായിരിക്കുമെന്ന് ഏശയ്യാ എടുത്തുപറയുന്നുണ്ട് (9:1c). കന്യകയിൽനിന്നു ജനിക്കുന്ന ഇമ്മാനുവേലിന്റെ നാളുകളായിരിക്കും അടിമത്തത്തിന്റെ അവസാനനാളുകൾ.

മിക്കായുടെ പ്രവചനവും അന്തിമനാളുകളെപ്പറ്റിത്തന്നെ! (മിക്കാ. 4:1–3; 5:2–5; 8–9). വരാനിരിക്കുന്ന മിശിഹായുടെ ജനനസ്ഥലം മിക്കാ കൃത്യമായി പ്രവചിക്കുന്നുണ്ട്. "ബത്‌ലഹേം – എഫ്രാത്ത, യൂദാഭവനങ്ങളിൽ നീ ചെറുതാണെങ്കിലും ഇസ്രായേലിനെ ഭരിക്കേണ്ടവൻ എനിക്കായി നിന്നിൽനിന്നു പുറപ്പെടും" (5:20). 'മിശിഹാ ആദിമുതലേ ഉള്ളവനായിരുന്നു' (യോഹ. 1:1) എന്നു മിക്കാ സാക്ഷ്യപ്പെടുത്തുന്നു. "അവൻ പണ്ടേ, യുഗങ്ങൾക്കുമുമ്പേ ഉള്ളവനാണ്" (5:2b). മിശിഹാ ദൈവം തന്നെയാണെന്നും അവിടുത്തെ പ്രവൃത്തികൾ ഈ ഭൂമിയിൽ ചെയ്യുമെന്നുമാണു പ്രവചനം.

അവസാനനാളുകളിൽ വരാനിരിക്കുന്നവൻ (ഏശ. 9:1; മിക്കാ 4:1) സമാധാനരാജാവ് (ഏശ. 9:6; മിക്കാ 5:5), ദൈവശക്തിയാൽ നിറഞ്ഞവൻ (ഏശ. 9:6; മിക്കാ 5:4), ദൈവമഹത്ത്വത്തിൽ ആയിരുന്നുകൊണ്ട് ജനത്തെ നയിക്കുന്നവൻ (ഏശ. 9:1 c.7; മിക്കാ 5:4), എന്നിവയെല്ലാം ഏശയ്യായുടെയും മിക്കായുടെയും പ്രവചനഭാഗങ്ങളിൽ പൊതുവായിക്കാണുന്ന മിശിഹായുടെ സ്വഭാവവിശേഷങ്ങളാണ്.

കാലത്തിന്റെ തികവിൽ, ഈ അവസാനനാളുകളിൽ, മറിയത്തിന്റെ ഉദരത്തിൽ ദൈവത്തിന്റെ വചനം നിറവേറപ്പെടുന്നതാണ് ക്രിസ്മസ് (ലൂക്കാ 2:1–20). സമയത്തിലൂടെ കടന്നുപോകുന്ന മനുഷ്യരുടെ അനുഭവക്കുറിപ്പുകളാണ് ചരിത്രമെങ്കിൽ ഈശോയുടെ ജനനവും ചരിത്രത്തിൽ അടയാളപ്പെടുത്തപ്പെട്ടതുതന്നെ. അവിടുത്തെ ജനനം കൃത്യമായി അടയാളപ്പെടുത്തപ്പെട്ട ഒരു സമയത്തായിരുന്നു; ലോകമാസകലമുള്ള ജനതകളുടെ പേര് എഴുതിച്ചേർക്കണമെന്ന് അഗസ്റ്റസ് സീസർ കല്പന പുറപ്പെടുവിച്ചു സമയം (ലൂക്കാ 2:1). സ്ഥലം ചരിത്രത്തിന്റെ പ്രധാന ഭാഗമാണ്. നസ്രത്തും ബത്‌ലഹേമുമൊക്കെ മിശിഹാസംഭവം ചരിത്രത്തിന്റെ ഭാഗമാണെന്ന് ഓർമിപ്പിക്കുന്നു. ചരിത്രത്തിന്റെ അടയാളം അതിൽ ജീവിക്കുന്നവരുടെ അവസ്ഥാന്തരങ്ങളെങ്കിൽ അഗസ്റ്റസ് സീസറും കിരിനീയൂസും മറിയവും ജോസഫും ഈശോയും ആട്ടിടയന്മാരുമൊക്കെ ചരിത്രപുരുഷന്മാർതന്നെ. മറിയവും ജോസഫും ഈശോയും ആട്ടിടയന്മാരുമൊക്കെ റോമാചരിത്രത്തിൽ അടയാളപ്പെടുത്തേണ്ടവർ അല്ലായിരുന്നെങ്കിലും ചരിത്രത്തിലെ ദൈവത്തിന്റെ ഇടപെടലിൽ ഈ ചെറിയ മനുഷ്യരും വലിയവരാകുന്നു.

ദൈവം ചരിത്രത്തിലേക്കിറങ്ങുന്നു എന്നു പറയുന്നതിന് വലിയ അർഥമുണ്ട്. ചരിത്രമില്ലാത്ത, സമയമില്ലാത്ത, ഇന്നലെയും നാളെയുമില്ലാത്ത, ഇന്നു മാത്രമുള്ള 'ദൈവം മനുഷ്യനാകുന്നത് മനുഷ്യനെ ദൈവമാക്കുന്നതിനാണെന്ന്' സഭാപിതാക്കന്മാർ പഠിപ്പിക്കുന്നു. (അത്തനേഷ്യസ് 298 –373). ദൈവവചനത്തിന്റെ ആത്യന്തികലക്ഷ്യം മനുഷ്യനു സദ്വാർത്ത നൽകുകയെന്നതാണ്. ആ സദ്വാർത്ത നഷ്ടപ്പെട്ടുപോയ ദൈവസാദൃശ്യം മനുഷ്യനു തിരികെനൽകാൻ ദൈവം തന്നെ മനുഷ്യനാകുന്നു എന്നതാണ്. തിരികെ ദൈവസാദൃശ്യത്തിലെത്തുമ്പോൾ ദൈവമഹത്ത്വത്തിൽ മനുഷ്യരെ പങ്കാളികളാക്കാൻ ദൈവം തിരുമനസ്സാകുന്നു. അതുകൊണ്ടുതന്നെ, മാലാഖാവൃന്ദത്തിന്റെ സ്തുതിപ്പിന് വലിയ അർഥമുണ്ട്. "അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്ത്വം. ഭൂമിയിൽ ദൈവകൃപ ലഭിച്ചവർക്കു സമാധാനം" (ലൂക്കാ 1:14). ദൈവത്തിന്റെ മഹത്ത്വത്തിലായിരിക്കുക എന്നതാണ് മനുഷ്യനു സമാധാനം ലഭിക്കാവുന്ന ഏകവഴി. അതിനുള്ള മാർഗമാണ് ഈശോമിശിഹാ. ദൈവമായിരുന്നുകൊണ്ടുതന്നെ തന്റെ മഹത്ത്വത്തിലേക്കു നമ്മെ ചേർത്തുപിടിക്കാൻ ഈശോമിശിഹാ മനുഷ്യനാകുന്നു.

സുവിശേഷത്തിന്റെ അവസാനഭാഗമാകട്ടെ, പൗലോസ് ശ്ലീഹാ എഴുതുന്നതുപോലെ (ഗലാ. 3:15–4,6) മിശിഹായെ ധരിച്ചിരിക്കുന്നവരുടെ അനുഭവമാണ് (ഗലാ. 3:27). മറിയം ഹൃദയത്തിൽ സംഗ്രഹിക്കുന്നതും (ലൂക്കാ 1:19) ആട്ടിടയന്മാർ കേട്ടറിഞ്ഞ് വിശ്വസിച്ചതും (ലൂക്കാ 1:20) മിശിഹാനുഭവമാണ്. ഇതുവരെ പഴയ ഉടമ്പടിയെ നേർവഴി നയിച്ച നിയമസംഹിതകളായിരുന്നു ദൈവവിശ്വാസത്തിന്റെ അടിസ്ഥാനമായിരുന്നതെങ്കിൽ, ഇനിമുതൽ ഈശോമിശിഹായിലുള്ള വിശ്വാസമാണ് ദൈവവിശ്വാസത്തിന്റെയും സമൂഹജീവിതത്തിന്റെയും അടിസ്ഥാനം (ഗലാ. 3:24,25)




ഉണ്ണീശോയുടെ പിറവിത്തിരുനാളിന് പ്രാർത്ഥനാനിർഭരമായ ആശംസകൾ

**സാംസൺ പാലാ**
**കണ്ടത്തിൽ & ഫാമിലി**
**വെള്ളാപ്പാട് – പാലാ**
**ഫോൺ: 7559982102**



# ഇന്നലെയുടെ സ്മാരകങ്ങൾ



ഹണി സുധീർ

ഇന്ത്യയുടെ ചരിത്രത്തിൽ മാത്രമല്ല, മുസിരിസ്കാലഘട്ടത്തിന്റെ പെരുമ കടന്നുവന്നിരിക്കുന്നത്, വിദേശസഞ്ചാരസാഹിത്യത്തിലുംകൂടിയാണ്.

എ ഡി ഒന്നാം ശതകത്തിൽ എഴുതപ്പെട്ടതായി കണക്കാക്കുന്ന പെരിപ്ലസ് എന്ന ഗ്രന്ഥത്തിലും ടോളമിയുടെ ഗ്രന്ഥങ്ങളിലും മുസിരിസ് പ്രധാനപ്പെട്ട കച്ചവടകേന്ദ്രമായി നിലകൊള്ളുന്നതായി എഴുതിയിട്ടുണ്ട്. റോമൻ പണ്ഡിതനായ പ്ലിനിയുടെ പുസ്തകത്തിലും ഇന്ത്യയിലെ ഏറ്റവും പ്രധാനതുറമുഖമായി മുസിരിസിനെ രേഖപ്പെടുത്തിയിരിക്കുന്നു. പൗരാണികതമിഴ് സംഘം കൃതികളിൽ വാണിജ്യതുറമുഖമായിരുന്ന മുസിരിയെക്കുറിച്ച് നിരവധി പരാമർശങ്ങളുണ്ട്. സംഘം കാലഘട്ടത്തിലെ പ്രമുഖ തമിഴ്കൃതിയായ 'അകനാന്നൂറു'വിൽ പെരിയാർതീരത്തടുക്കുന്ന യവനകപ്പലുകളെക്കുറിച്ചു പരാമർശമുണ്ട്. സംഘം കാലഘട്ടത്തിലെ മറ്റൊരു പ്രമുഖകൃതിയായ 'പുറനാന്നൂറു'വിൽ മുസിരിയുടെ ജലാശയങ്ങളെക്കുറിച്ചും വാണിജ്യസംഘങ്ങളെക്കുറിച്ചും ചർച്ച ചെയ്യുന്നു. തമിഴ് പൗരാണികകൃതിയായ പത്തിരുപ്പാട്ടിൽ കടലിൽക്കൂടി കൊണ്ടുവന്ന ചരക്കുകളും മറ്റു വസ്തുക്കളും സൂക്ഷിക്കുന്ന തുറമുഖങ്ങളെക്കുറിച്ചു പരാമർശങ്ങളുണ്ട്.

തൃശൂർ ജില്ലയുടെ തെക്കുപടിഞ്ഞാറൻ അതിർത്തിയിലുള്ള പുരാതനമായ പട്ടണമാണ് കൊടുങ്ങല്ലൂർ അഥവാ ക്രാങ്കന്നൂർ. ഈ സ്ഥലത്തിന്റെ പടിഞ്ഞാറേ അതിർത്തി അറബിക്കടലാണ്. ചേരമാൻ പെരുമാൾമാരുടെ തലസ്ഥാനമായിരുന്നു കൊടുങ്ങല്ലൂർ. ജൂത-ക്രൈസ്തവ-ഇസ്ലാം മതക്കാരുടെ ആദ്യത്തെ സങ്കേതങ്ങളും ദേവാലയങ്ങളും ഇവിടെയാണു സ്ഥാപിതമായത്. അനുഗൃഹീതകവിയായ കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ കൊടുങ്ങല്ലൂരാണു ജീവിച്ചിരുന്നത്. ഇന്ത്യയിലെ ആദ്യത്തെ മുസ്‌ലിം പള്ളിയായ ചേരമാൻ ജുമാ മസ്ജിദ്, തോമാശ്ലീഹ ആദ്യമായി വന്നിറങ്ങിയെന്നു വിശ്വസിക്കപ്പെടുന്ന സ്ഥലം, മധുര ചുട്ടെരിച്ച കണ്ണകിയുടെ പേരിൽ ചേരൻ ചെങ്കുട്ടുവൻ നിർമ്മിച്ച ശ്രീകുരുംബ ഭഗവതിക്ഷേത്രം തുടങ്ങി പുരാതനമായ പല ആരാധനാലയങ്ങളും ഇവിടെയാണു സ്ഥിതിചെയ്യുന്നത്.

1523 ൽ പോർട്ടുഗീസുകാർ നിർമിച്ച കോട്ടയാണ് കൊടുങ്ങല്ലൂർ കോട്ട. കോട്ടപ്പുറം എന്ന സ്ഥലത്താണിത്. കോട്ടപ്പുറം കോട്ട, ക്രാങ്കന്നൂർ കോട്ട എന്നീ പേരുകളിലും ഇത് അറിയപ്പെടുന്നു. കൊച്ചിയിൽ പോർച്ചുഗീസ് മേധാവിത്വത്തിന്റെ മൂന്നു നെടുംതൂണുകളിലൊന്നാണിത്. മറ്റു രണ്ടെണ്ണം 1503 ൽ നിർമിച്ച ഇമ്മാനുവൽ കോട്ടയും 1507 ലെ പള്ളിപ്പുറം കോട്ടയും (അയീകോട്ട) ആണ്. കരയിൽനിന്നും കടലിൽനിന്നുമുള്ള ആക്രമണങ്ങളെ സമർഥമായി ചെറുക്കാൻ സാധ്യമായ സ്ഥലത്താണ് ഇതു നിർമിച്ചത്. നിറുത്തലാക്കിയ കോട്ടപ്പുറം ജെട്ടിക്ക് അല്പം കിഴക്കായി കൃഷ്ണൻകോട്ടയുടെ പടിഞ്ഞാറായി ഒരു കോണിലാണ് ഇതിന്റെ സ്ഥാനം. ഒരു ചെറിയ കുന്നിൻപുറം ഉൾപ്പെടുന്ന തരത്തിലാണ് ഈ കോട്ടയുടെ നിർമാണം. അകത്ത് കൊത്തളങ്ങളും വെടിക്കോപ്പുശാലയുമുണ്ട്.

**ചരിത്രത്തിന്റെ ബാക്കിപത്രങ്ങൾ**





ഇന്ത്യയിലെ ആദ്യത്തെ മുസ്‌ലിം പള്ളിയാണ് കൊടുങ്ങല്ലൂരിലെ ചേരമാൻ ജുമാ മസ്ജിദ്. ഇന്ത്യയിൽത്തന്നെ ജുമ'അ നമസ്കാരം ആദ്യമായി നടന്ന പള്ളിയാണിത്. ക്രിസ്തുവർഷം 629 ലാണ് ഈ പള്ളി സ്ഥാപിക്കപ്പെട്ടത്. രാഷ്ട്രപതി എ പി ജെ അബ്ദുൾ കലാം തന്റെ ഭരണകാലത്ത് ഇവിടം സന്ദർശിച്ചിരുന്നു. അറബ് നാട്ടിൽനിന്നു വന്ന മാലിക് ഇബ്നു ദിനാറാണ് ഇതു പണികഴിപ്പിച്ചതെന്നാണ് ഐതിഹ്യം. പുരാതന കേരളീയ വാസ്തുശില്പകലയുടെ ഉത്തമോദാഹരണമാണിത്.

ഇന്ന് ഇതിന് വളരെയേറേ മാറ്റം വന്നിട്ടുണ്ട്. എന്നാലും ഈ പള്ളിയുടെ സമീപത്തുള്ള, പഴയ ക്ഷേത്രക്കുളങ്ങളെ അനുസ്മരിപ്പിക്കുന്ന കുളം സംരക്ഷിക്കപ്പെട്ടുപോരുന്നു. 2016 ൽ ഇന്ത്യൻ പ്രധാനമന്ത്രി സൗദി അറേബ്യയിൽ സന്ദർശനം നടത്തിയപ്പോൾ സൗദി ഭരണാധികാരി സൽമാൻ ബിൻ അബ്ദുൽ അസീസ് രാജാവിനു സമ്മാനമായി നൽകിയത് ചേരമാൻ ജുമാ മസ്ജിദിന്റെ സ്വർണംകൊണ്ടുള്ള മാതൃകയായിരുന്നു.

ഭാരതത്തിൽ പുരാവസ്തുഗവേഷണത്തിനുവേണ്ടി



ഏറ്റവും കുറച്ചു ഭൂഗർഭഖനനം നടന്നിട്ടുള്ള പ്രദേശങ്ങളിൽ ഒന്നാണ് കേരളം. അതുകൊണ്ടുമാത്രമാണ് പഴയ മുസിരിസിന്റെ അവശിഷ്ടങ്ങൾ പുറത്തുവരാതെയിരിക്കുന്നത്. ചരിത്രത്തിന്റെ അവശേഷിപ്പുകളെ മുന്നോട്ടുകൊണ്ടുവരേണ്ടത് ടൂറിസത്തിന്റെ ചുമതലയാണ്.

**മുസിരിസ് പൈതൃകസംരക്ഷണപദ്ധതി**

കേരളസർക്കാരിന്റെ ആഭിമുഖ്യത്തിൽ ആവിഷ്കരിച്ച പദ്ധതിയാണിത്. മൺമറഞ്ഞുപോയ മുസിരിസിന്റെ ചരിത്രപരവും സാംസ്കാരികവുമായ ഔന്നത്യം പുറംലോകത്തിനു പ്രകാശനം ചെയ്യാൻ ലക്ഷ്യമിട്ടാണ് ഇത് നടപ്പാക്കുന്നത്. 2006 ൽ പട്ടണം ഉൽഖനനത്തോടെയാണ് പദ്ധതി ആരംഭിച്ചത്. ഇന്ത്യയിലെ ഏറ്റവും വലിയ പൈതൃകസംരക്ഷണപദ്ധതികൂടിയാണ് മുസിരിസ്.

■

പഴയ / പുതിയ
സ്വർണ്ണം
വിൽക്കാനും / വാങ്ങാനും
പണയത്തിൽ ഇരിക്കുന്ന സ്വർണ്ണാഭരണങ്ങൾ എടുത്ത് വിൽക്കാൻ സഹായിക്കുന്നു.
സ്വർണ്ണം വെള്ളി ആഭരണങ്ങൾ പണിതു നൽകുന്നു.
സ്വർണ്ണം ഉയർന്ന വിലയിൽ എടുക്കുന്നു.
ഗോൾഡ് അഡ്വാൻസ് ബുക്കിംഗ് സൗകര്യം.
JASS GOLD
PUTHUMANA TOWER, OPP. GOVT. HOSPITAL
PALA Mob: +91 7902 592 280, 7561873227

Xmas - new year greetings !
Joji Sebastian
9447026712
9526261110
BETTER LIFE COOL TECH
Good Health through Indoor Air Quality
Authorized Service Centre of
Edacheril Buildings, Near Kadappattoor Temple, PALA
Email: betterlifecooltech@gmail.com
Experts in
Maintenance of Airconditioning Systems
HVAC Indoor Air Quality Maintenance
HVAC Robotic Duct Cleaning,
Refrigerators, Washing Machines, Microwave Oven
LED TVs & Dish Washer

# പാലായിലെ ക്രിസ്മസ് നാളുകൾ



എതിരൻ കതിരവൻ

ക്രിസ്മസിനെ അതിന്റെ മതാത്മകതയിൽനിന്നു വേർപെടുത്തിയെടുത്തിട്ട് ഏറെ നാളായി. ക്രിസ്തുവിന്റെ ജനനനവുമായി ബന്ധപ്പെട്ട ഈ ആഘോഷം ഇപ്പോൾ വിപണി പിടിച്ചടക്കുകയും ചെയ്തിരിക്കുന്നു. ക്രിസ്തുമസിനോടനുബന്ധിച്ച് വൈദ്യുതദീപങ്ങൾ കൊണ്ടുള്ള അലങ്കാരങ്ങൾ ഇന്ന് ലോകത്താകമാനം പ്രാധാന്യം നേടിയിരിക്കുന്നു. കേരളത്തിലും വൈദ്യുതിയുടെ സുലഭതയോടെ ഈ പരിഷ്കാരം പ്രചലിതമായിട്ടുണ്ട്. ഇവിടെ, ഷിക്കാഗോയിൽ എന്റെ വീടുൾപ്പെടെ, ചുറ്റുമുള്ള എല്ലാ വീടുകളും രാത്രിയിൽ എൽഇഡി ബൾബിന്റെ വെട്ടത്തിൽ പ്രകാശിക്കുകയാണ്.

വൈദ്യുതി അത്ര ലഭ്യമല്ലായിരുന്ന ക്രിസ്മസ് ദിനങ്ങളാണ് എന്റെ പാലാ ഓർമകൾ സമ്മാനിക്കുന്നത്. പുൽക്കൂടുണ്ടാക്കി അലങ്കരിക്കുന്നതാണ് മിക്കവരുടെയും പ്രധാന ആവേശം. ചെറിയ ഇല്ലിക്കമ്പുകൾ സ്വല്പം വളച്ച് വർണക്കടലാസ് ഒട്ടിച്ച് വലിയ നക്ഷത്രവിളക്കുകളുണ്ടാക്കും. പുൽക്കൂട്ടിൽ ഉണ്ണിയേശുവും യൗസേപ്പും മറിയവും. ചിലപ്പോൾ കിഴക്കുനിന്നു വന്ന മൂന്നു രാജാക്കന്മാരും പശുക്കളും ആടുകളും യുക്തം പോലെ. എന്റെ ആത്മാർഥസുഹൃത്ത് പുളിക്കക്കുന്നേൽ സക്കറിയ പുൽക്കൂടും രൂപങ്ങളും ഉണ്ടാക്കുന്നതിൽ വിദഗ്ധനാണ്. കണ്ണാടിയുറുമ്പിൽനിന്നു കടപ്പാട്ടൂരേക്കുള്ള ചെറിയ റോഡിന്റെ അരികിലാണ് സക്കറിയയുടെ വീട്. കളിമണ്ണു കുഴച്ച് യൗസേപ്പിനെയും കന്യാമറിയത്തെയും ഉണ്ണിയേശുവിനെയും സ്വതവേയുള്ള കലാചാതുരിയോടെ നിർമിച്ചെടുക്കും സക്കറിയ. പുലിയന്നൂരുള്ള ശിവരാമനും ഞാനും ഈ നിർമിതി വീക്ഷിക്കാൻ അവിടെ പലപ്പോഴും എത്തും. ഞങ്ങൾ ഒരു മൂവർ സംഘമാണ് (ഇപ്പോഴുമതേ, നാട്ടിലെത്തി, ഒത്തുകൂടാൻ സാഹചര്യം കിട്ടുമ്പോഴൊക്കെ). സക്കറിയയും ഞാനും നാടക/കലാമത്സരങ്ങളിൽ സ്ഥിരം പങ്കാളികളുമായിരുന്നു. അന്ന് കുട്ടികളുടെ കൈയിൽ പണം എത്തിച്ചേരുന്നത് വിരളമായിരുന്നതിനാൽ സക്കറിയ കൈയിൽ കിട്ടിയ എന്തും ഉപയോഗിച്ചു രൂപങ്ങൾ നിർമിച്ചെടുക്കും, പുൽക്കൂട് ഗംഭീരമാക്കും. ഉണ്ണിയേശുവിനെ നോക്കി നിൽക്കുന്ന ആടുകളും പശുക്കളും തന്മയത്വമാർന്നവയാണ്. പാലാ ഭാഗത്തെ മറ്റു വീടുകളിലെ പുൽക്കൂടുകളും അലങ്കാരങ്ങളും കാണാൻ ചുറ്റിനടക്കുന്നതുതന്നെയാണ് പ്രധാന വിനോദം. പട്ടി കടിക്കാൻ വരാത്ത വീടുകളിലെ പുൽക്കൂടുകൾ അടുത്തുചെന്നു കാണും. നക്ഷത്രവിളക്കിനുള്ളിൽ ബൾബ് വയ്ക്കാൻ പറ്റാത്തവർ മെഴുകുതിരി കത്തിച്ചു വയ്ക്കുകയാണു പതിവ്. ക്രിസ്മസ് സംബന്ധിയായ ഒന്നും പാലായിലെ കടകളിൽ അന്ന് ലഭ്യമായിരുന്നില്ല. ഗ്രീറ്റിങ് കാർഡുകൾ വിപണിയിൽ ഇല്ലതന്നെ. ഞങ്ങൾതന്നെ വരച്ചെടുത്ത ക്രിസ്മസ് കാർഡുകളാണ് കൈമാറിയിരുന്നത്.

പാലായിലും പരിസരങ്ങളിലും കടകളോ വീടുകളോ ബൾബുമാലകളാൽ അലങ്കരിക്കുന്ന പതിവുണ്ടായിരുന്നില്ല. അതെങ്ങനെയാ, വൈദ്യുതി ഉണ്ടായിട്ടുവേണ്ടേ? ഇടുക്കി അണക്കെട്ട് പണിയുന്നതല്ലേയുള്ളൂ? നിതാന്തമായി മിന്നിത്തിളങ്ങിയിരുന്നത് പാലാ സെൻട്രൽ ബാങ്കിന്റെ പേരെഴുതിയ നിയോൺ ലൈറ്റ് മാത്രം. അതിന്റെ പ്രതിബിംബം മീനച്ചിലാറ്റിൽ പതിഞ്ഞുവീണ് ഓളങ്ങളിൽ വെട്ടിത്തിളങ്ങുന്നത് വലിയ പാലത്തിൽനിന്നുള്ള നയനാനന്ദകരമായ കാഴ്ചയായിരുന്നു. ബാങ്ക് പൊട്ടി, അവിടെ ക്രിസ്തുരാജ് ആശുപത്രി തുടങ്ങി. നിയോൺ ലൈറ്റും ഇല്ലാതായി.

സവിശേഷമായ പഞ്ചസാരപ്പലഹാരങ്ങളാണ് ക്രിസ്മസ് ഓർമകളെ മധുരതരമാക്കുന്നത്. ഞങ്ങൾ ഹിന്ദുക്കൾക്ക് പായസം, അരിയുണ്ട, സുഖിയൻ എന്നിവയൊക്കെ മാത്രമാണ് പരിചയം. ക്രിസ്ത്യൻസുഹൃത്തുക്കൾ നൽകുന്നത് മറ്റു വെറൈറ്റി മധുരങ്ങളാണ്. രണ്ടു ഡൈമണ്ട് കട്ടകൾ ഒന്നിച്ചു ചേർത്തുവച്ചതുപോലുള്ള 'കേക്ക്' എന്നു വിളിക്കുന്ന ഒരു പലഹാരം കടകളിലും എത്തിത്തുടങ്ങിയിരുന്നു. ചില വീടുകളിൽനിന്നു ബോർമ (oven എന്നതിന്റെ പാലാഭാഷയാണ് 'ബോർമ')യിൽ ബേക്ക് ചെയ്ത കേക്ക് കിട്ടും. അച്ചപ്പവും കുഴലപ്പവും വേറേ. മിസ്സിസ് കെ എം മാത്യുവിന്റെ പാചകവിധി പരീക്ഷിക്കുന്ന ക്രിസ്ത്യൻകുടുംബങ്ങൾ ഉണ്ടായിരുന്നതുകൊണ്ട്, അന്ന് അത്ര ലഭ്യമല്ലാതിരുന്ന 'അമേരിക്കൻ മാവ്' (ഇന്ന് സുലഭമായതും മലയാളിക്കു പൊറോട്ടയാക്കിത്തിന്നാൻ അവശ്യം വേണ്ടതുമായ മൈദ)കൊണ്ടുണ്ടാക്കിയ പലഹാരങ്ങൾ പുതിയ രുചികൾ സമ്മാനിച്ചിരുന്നു. 'കോക്കനട്ട് നൻകട്ട' ഒരു സുഹൃത്തിന്റെ അമ്മ ഉണ്ടാക്കിത്തന്നതിന്റെ മാധുര്യം ഇന്നും നാവിലുണ്ട്. അപ്പം (കള്ളപ്പം, പാലപ്പം എന്നൊക്കെ അറിയപ്പെടുന്നത്) കടകളിൽ ലഭ്യമായിത്തുടങ്ങിയിട്ടില്ല, ക്രിസ്ത്യൻവീടുകളിൽനിന്ന് ഞങ്ങൾക്ക് അതിന്റെയൊക്കെ രുചിയറിയാൻ സാധിച്ചു. പാലായിൽ അന്ന് ബേക്കറി ഉണ്ടായിരുന്നോ എന്നുതന്നെ സംശയം. അതുകൊണ്ട് കൂട്ടുകാരുടെ വീട്ടിൽനിന്നു കിട്ടുന്ന ക്രിസ്മസ് പലഹാരങ്ങൾക്ക് അപൂർവതയുടെ പ്രത്യേക സ്വാദായിരുന്നു.

ഇവിടെ ഷിക്കാഗോയിൽ ചില വീടുകളുടെ മുന്നിൽ പുൽക്കൂട് (Nativity scene എന്ന് അറിയപ്പെടുന്നു) കാണുമ്പോൾ പാലാ ക്രിസ്മസാണ് ഓർമയിൽ വരുന്നത്. യൗസേപ്പിന്റെയും മറിയത്തിന്റെയും വലിയ പ്രതിമകളായിരിക്കും ചിലപ്പോൾ കാണുന്നത്. എല്ലാ വീട്ടിലും മതഭേദമെന്യേ ക്രിസ്മസ് മരങ്ങളുണ്ട്, പ്ലാസ്റ്റിക് നിർമിതമോ ശരിക്കും പൈൻമരമോ. അതിന്റെ ചുവട്ടിൽ ക്രിസ്മസ്ദിനത്തിനു രാവിലെ തുറക്കാനുള്ള സമ്മാനപ്പെട്ടികൾ എന്റെ മക്കളുടെയും കൗതുകകരമായ ആകാംക്ഷയാണ്. എന്റെ സുഹൃത്ത് രാജേഷ് നായർ നാട്ടിലേക്കു തിരിച്ചുപോയപ്പോൾ വച്ചിട്ടുപോയ ക്രിസ്മസ്മരമടക്കം രണ്ടെണ്ണമാണ് എനിക്കുള്ളത്. രണ്ടും മിന്നുന്ന ബൾബിട്ട്, തോരണങ്ങൾ തൂക്കി അലങ്കരിച്ചിട്ടുണ്ട്.




ലേഖകന്റെ ബാല്യകാലസുഹൃത്ത് സക്കറിയ പുളിക്കക്കുന്നേൽ നിർമിച്ച പുൽക്കൂട്




Best Quality Material

വിലക്കുറവ് എവിടെ?

ഞങ്ങളുടെ വസ്ത്രങ്ങളുടെ വിലയും ക്വാളിറ്റിയും
മറ്റുള്ളവരുടെ വിലയും ക്വാളിറ്റിയുമായി താരതമ്യം ചെയ്യൂ..
എന്നിട്ടു മനസ്സിലാക്കൂ... യഥാർത്ഥ വിലക്കുറവ്

angelform SINCE 1966 | JOCKEY | VSTAR | KITEX | Siyaram's | Raymond

ചെറുപുഷ്പം
മെയിൻ റോഡ്, പാലാ
Ph: 212378

കഥ

ജോഷി മുഞ്ഞനാട്ട്

# ദൈവദൂതൻ തന്ന സമ്മാനം

ക്രിസ്മസ്കാലം ആരംഭിച്ചപ്പോഴേ ഒരു നക്ഷത്രം മുറ്റത്തെ മാവിൻകൊമ്പിൽ കെട്ടിത്തൂക്കി പക്ഷേ, അതു കൂടുതൽ ദിവസം നിന്നില്ല. നല്ല കാറ്റും മഴയും തന്നെ കാരണം.

മറ്റൊരു നക്ഷത്രം ഉണ്ടാക്കാം, ഭാര്യ പറഞ്ഞു. ഈറ്റയും മുളയും മടലും ഒക്കെക്കൊണ്ട് പഴയകാലത്തെപ്പോലെ ഒരു നക്ഷത്രം. ശരിയാ, ഞാനും സമ്മതിച്ചു.

കുട്ടിക്കാലത്ത് ഇത്തരം നക്ഷത്രങ്ങളാണ് എല്ലാ വീടുകളിലും ഉണ്ടാക്കുന്നത്. അതിന്റെ ഓർമ ഒന്നു പുതുക്കുകയും ചെയ്യാം.

ദിവസങ്ങൾ പലതും കഴിഞ്ഞുപോയി. ക്രിസ്മസ് ദിവസമാണ് നക്ഷത്രം പണിപൂർത്തിയായത്. വർണക്കടലാസും ഗ്ലാസ് പേപ്പറും മറ്റും ഒട്ടിച്ച് മനോഹരമാക്കി. മുറ്റത്തെ ചെറിയ പേരമരത്തിന്റെ കൊമ്പിൽത്തന്നെ കെട്ടിത്തൂക്കി.



അക്കാലത്ത് ഏഴുമണിമുതൽ എട്ടു മണിവരെ കറന്റുകട്ടാണ്. ആ സമയത്തും നക്ഷത്രവിളക്ക് തെളിക്കണമെന്നു ഞങ്ങൾക്കു തോന്നി. ഒട്ടും താമസിച്ചില്ല, വലിയ മെഴുകുതിരി നക്ഷത്രവിളക്കിനുള്ളിൽ കത്തിച്ചുവച്ചു.

ഏഴുമണിയായി, കറന്റു പോയി. ചുറ്റുവട്ടത്തുള്ള നക്ഷത്രങ്ങൾ എല്ലാംതന്നെ മിഴിയടച്ചു. ഞങ്ങളുടെ നക്ഷത്രം പ്രകാശിക്കാൻ തുടങ്ങി.

ഭാര്യ അടുക്കളയിലേക്കു വട്ടയപ്പം ഉണ്ടാക്കാൻ പോയി. ഞാൻ നക്ഷത്രത്തിന്റെ ഭംഗി കണ്ടുനിന്ന സമയം, നക്ഷത്രത്തിന്റെയുള്ളിൽ കത്തിച്ചുവച്ച മെഴുകുതിരി ചെരിഞ്ഞിരിക്കുന്നു. തിരി നേരേ വച്ചില്ലെങ്കിൽ ചിലപ്പോൾ മറിഞ്ഞുവീഴും. ഞാൻ തിരി നേരേയാക്കി വയ്ക്കാൻ നോക്കിയതും തിരി മറിഞ്ഞുവീണു.

നിമിഷനേരംകൊണ്ട് നക്ഷത്രത്തിനു തീ പിടിച്ചു. വർണക്കടലാസുകൾ പല നിറത്തിൽ ആളിക്കത്തി. നക്ഷത്രം പൂർണമായി കത്തിത്തീർന്നു. കരിഞ്ഞ മണവും എന്റെ ശബ്ദവും കേട്ടാണ് വട്ടയപ്പത്തിന്റെ പണി നിറുത്തിവച്ച് ഭാര്യ അവിടേക്കു വന്നത്.

“എടീ... നക്ഷത്രം മുഴുവനും കത്തിയെടീ.”

“എന്തു പറ്റിയെതാ മനുഷ്യനേ! നിങ്ങൾ വല്ലതും കാണിച്ചോ.”

ചെരിഞ്ഞിരുന്ന തിരി നേരേ വയ്ക്കാൻ നോക്കിയതാ, മറിഞ്ഞുവീണു. പെട്ടെന്ന് തീയും പിടിച്ചു. എന്തു ചെയ്യാനാ! എത്ര കഷ്ടപ്പെട്ടുണ്ടാക്കിയ നക്ഷത്രമാ കത്തിപ്പോയത്. ഇനിയും ഒന്നു കടയിൽ പോയി വാങ്ങാനും സമയമില്ല. അല്ലെങ്കിൽത്തന്നെ കടയെല്ലാം അടച്ചുകാണും.”

ഞാനും ഭാര്യയും മുറ്റത്തെ നടയിൽ വിഷമിച്ചിരുന്ന സമയം.

ആരോ റോഡിൽനിന്നു വിളിക്കുന്നതു കേട്ടു ഞാൻ അവിടേക്കു ചെന്നു. എമർജൻസി ലൈറ്റ് കത്തിച്ച് ഉയർത്തിനോക്കി.

താടിയും മുടിയും നീട്ടിവളർത്തിയ അപരിചിതനായ ഒരു മനുഷ്യൻ.

“ഒരു തിരിവെട്ടം തരുമോ?”

ഭാര്യ ഒരു തിരിയും തീപ്പെട്ടിയും പിന്നെ കാറ്റിൽ തിരി കെട്ടുപോകാതെയിരിക്കാൻ ഒരു ചിരട്ടയുമായി വന്നു.

ഞാൻ അവ വാങ്ങി ആ മനുഷ്യനു കൊടുത്തു. ഈ സമയം കറന്റ് വന്നു. അയൽപക്കത്തെ വീടുകളിലെല്ലാം നക്ഷത്രങ്ങൾ മിന്നിക്കത്തി.

ആ അപരിചിതൻ ചോദിച്ചു: “എന്താ, ക്രിസ്മസ് ആയിട്ട് നക്ഷത്രം ഒന്നും ഇട്ടില്ലേ...?”

“ഇട്ടിരുന്നതാ ചേട്ടാ. അത് കുറച്ചുമുമ്പ് കത്തിപ്പോയി.”

അതു പറഞ്ഞുതീരുംമുമ്പേ ആ മനുഷ്യൻ തന്റെ കൈയിലുള്ള സഞ്ചിയിൽനിന്ന് എന്തോ എടുക്കുന്നതു കണ്ടു. ഒരു നക്ഷത്രം. അത് എന്റെ നേരേ നീട്ടിയിട്ടു പറഞ്ഞു: “ഇതാ, ഇതെടുത്തോളൂ.”

“ഏയ് വേണ്ട ചേട്ടാ വേണ്ട.”

“ഇത് സ്വീകരിക്കൂ കുഞ്ഞേ... മക്കൾക്കു കൊടുക്കാൻ എന്റെ സഞ്ചിയിൽ ഇനിയും നക്ഷത്രങ്ങൾ ബാക്കിയുണ്ട്.”

ഇത്രയും പറഞ്ഞ് ആ മനുഷ്യൻ എന്റെ കൈയിൽ നക്ഷത്രവും തന്ന് തിരിയും കത്തിച്ച് വളരെ വേഗം നടന്നുനീങ്ങി. വളവുകൾ തിരിഞ്ഞ് ആ തിരി വെട്ടം മുമ്പോട്ടു നീങ്ങിക്കൊണ്ടിരുന്നു.

ഭാര്യ ആ നക്ഷത്രത്തെ കൗതുകപൂർവം നോക്കിയിട്ട് പറഞ്ഞു: “എത്ര മനോഹരമാണ് ഈ നക്ഷത്രം! ഇത്ര ഭംഗിയുള്ള ഒരു നക്ഷത്രം ഞാൻ ഇതിനുമുമ്പ് കണ്ടിട്ടുപോലുമില്ല.” ഭാര്യ തുടർന്നു:

“ആ മനുഷ്യൻ ആരാണോ എവിടെപ്പോകുന്നുവെന്നോ ചോദിച്ചുപോലുമില്ലല്ലോ. നമ്മൾ...”

അയാൾ ആരായിരിക്കും. പെട്ടെന്ന് ഒരു ടോർച്ചും എടുത്ത് ഞാൻ തിരിവെട്ടം ലക്ഷ്യമാക്കി പിന്നാലേ പാഞ്ഞു. കുറേദൂരം ചെന്നപ്പോൾ ഞാൻ ആ തിരിവെട്ടം കണ്ടു. അവിടെ ഒരു കുന്നിൻചെരിവായിരുന്നു.




അവിടെനിന്ന് ആ തിരിവെട്ടം ആകാശത്തിലേക്ക് ഉയരുന്നതു കണ്ടു. പിന്നെ അത് ഒരു നക്ഷത്രമായി ആകാശത്തു തെളിഞ്ഞുനിന്നു.

ദൈവമേ! എന്തായിത്! എന്ത് അദ്ഭുതം! പിന്നെ നക്ഷത്രം മിന്നിമറഞ്ഞു. ഞാൻ തിരികെ വീട്ടിലേക്കു പാഞ്ഞുചെന്നു. ആ മനുഷ്യൻ തന്ന നക്ഷത്രം ഭാര്യ തൂക്കിയിട്ടിരിക്കുന്നു. അതു നന്നായി പ്രകാശിച്ചു നിൽക്കുന്നു. ഞാൻ ഭാര്യയോടു കണ്ട കാര്യം പറഞ്ഞു അദ്ഭുതത്തോടെ ഭാര്യ പറഞ്ഞു: തീർച്ചയായും ആ അപരിചിതൻ ഒരു ദൈവദൂതൻ ആയിരിക്കും. നമ്മെ കാണാൻ വന്ന ദൈവദൂതൻ.

ഭാര്യ പറഞ്ഞതു ശരിയാണ്. അത് ഒരു ദൈവദൂതൻതന്നെ.

വർഷങ്ങൾ പലതു കഴിഞ്ഞു. ഓരോ ക്രിസ്മസ് രാത്രിയിലും ഞങ്ങൾ ഇപ്പോഴും കാത്തിരിക്കുന്നു. അപരിചിതനായി വന്ന ദൈവദൂതനെ ഒന്നുകൂടി കാണുവാൻ. ■

ക്രിസ്മസ് പുതുവത്സരാശംസകൾ



ഗുണമേന്മയും വിലക്കുറവും അനുഭവിച്ചറിയൂ...

തൊടുകയിൽ

WOOD PALACE

Near Carmel Hospital, Thodupuzha Road

PALA

Ph: 8943480001

Our Sister Concern:

തൊടുകയിൽ

CLASSIC FURNITURE

Near KSEB, PAIKA, Ph: 8943480001

Quality Wooden Furniture Manufactures

# സമ്മാനം

## കഥാപ്രസംഗ-ദൃശ്യാവിഷ്കാരം



ഷാജി മാലിപ്പാറ

*(വേദിയുടെ ഒരു പകുതിയിൽ കാഥികനും പിന്നണിയും ഉൾപ്പെടുന്ന സംഘം. കീബോർഡ്, തബല, സിംബൽ തുടങ്ങിയ അത്യാവശ്യ വാദ്യോപകരണങ്ങൾ ഉണ്ടായാൽ നന്ന്. വേദിയുടെ മറുപകുതി ദൃശ്യാവിഷ്കരണത്തിനായി ഉപയോഗിക്കാം. സദസ്സിന്റെ വിവിധ ഭാഗങ്ങളും ഇതിനായി ഉപയോഗപ്പെടുത്താം.)*



കഥാപ്രസംഗശൈലിയിൽ കാഥികൻ ആരംഭിക്കുന്നു: പ്രിയ കലാസ്നേഹികളേ, നിങ്ങൾക്കെന്റെ വിനീതമായ കൂപ്പുകൈ!

സന്തോഷം അലയടിച്ചുയരുന്ന ഈ ക്രിസ്മസ്വേളയിൽ ഞങ്ങൾ അഭിമാനപൂർവം കാഴ്ചവയ്ക്കുന്നു - സമ്മാനം!

ഈ കലാവിരുന്ന് ആസ്വദിക്കാൻ എത്തിയിരിക്കുന്ന നിങ്ങളെ ഞാൻ ഒരു യാത്ര പോകാൻ ക്ഷണിക്കുകയാണ്. എങ്ങോട്ടാണ് എന്നല്ലേ? കേട്ടോളൂ...

**ദൂരേ കിഴക്കായി കാണുന്നൊരു ദേശം**
**ചന്തം തികഞ്ഞൊരു നല്ല ഗ്രാമം**
**മലയും വയലുമായ് മഞ്ഞും മഴയുമായ്**
**മാനവർ ജീവിക്കും നല്ലനാട്.**

*(ഗാനങ്ങൾ പിന്നണിയോടൊപ്പം പാടുന്നു)*

അതേ, മഞ്ഞുപെയ്യുന്ന ബത്‌ലേഹം. അപ്പത്തിന്റെ ഭവനം എന്നു പേരുള്ള നാട്. കൃഷീവലന്മാരും ആട്ടിടയരുമുള്ള നാട്. ഇപ്പോഴവിടെ ഡിസംബറിന്റെ കുളിരാണ്. വെയിൽ ചാഞ്ഞു തുടങ്ങിയ നേരം.

*(ജോസഫും മറിയവും ദൂരെനിന്ന് വേദിയിലേക്കു നടന്നടുക്കുന്നു)*

അതാ, അങ്ങോട്ടു നോക്കൂ. ആ വരുന്ന രണ്ടുപേരെ കണ്ടോ? ജോസഫും മറിയവുമാണവർ. ഒറ്റനോട്ടത്തിലറിയാം. അവർ ക്ഷീണിതരാണ്. ഈ നടപ്പു തുടങ്ങിയിട്ട് ദിവസം കുറച്ചായി. ഒന്നു വിശ്രമിക്കാൻ ഇടമില്ല.

പാലസ്തീനായിലെ നസ്രത്ത് എന്ന ഗ്രാമത്തിലാണ് അവരുടെ വീട്. രാജകല്പനയനുസരിച്ച് ജനസംഖ്യാകണക്കെടുപ്പിൽ പേരുചേർക്കാൻ ഇവിടെ വന്നതാണവർ. അവരെ ഒന്നു ശ്രദ്ധിച്ചുനോക്കൂ. മറിയം പൂർണഗർഭിണിയാണ്. ജോസഫ് അവളെ താങ്ങി നടത്തുന്നതു കണ്ടോ? അവർക്കു താമസിക്കാൻ ഒരിടം വേണം. ജോസഫ് പല വീടുകളിലും സത്രങ്ങളിലും മുട്ടിനോക്കി. എങ്ങും സ്ഥലമില്ലത്രേ. ഇനിയെന്തു ചെയ്യും? മറിയത്തെ എവിടെ കിടത്തും? അവൾ എവിടെ പ്രസവിക്കും? അവർ അന്വേഷണം തുടരുകയാണ്.

*(ജോസഫും മറിയവും വേദിയിലെത്തി രണ്ടുവട്ടം നടന്ന് പിന്നിലേക്കു നടന്നുമറയുന്നു)*

**ചുവടൊന്നു വയ്ക്കുവാൻ ആവതില്ലാ**
**തലയൊന്നു ചായ്ക്കുവാൻ ഇടവുമില്ല**
**ദയതോന്നി നൽകണേ ഞങ്ങൾക്കിന്ന്**
**രാത്രി കഴിക്കുവാൻ അല്പമിടം.**

ഒടുവിൽ ഒരു കാലിത്തൊഴുത്തിൽ അവർക്ക് അന്തിയുറങ്ങാൻ ഇടം കിട്ടി. കാലിത്തൊഴുത്തിലെ പുൽത്തൊട്ടിയിൽ വൈക്കോൽകൊണ്ട് കിടക്കവിരിച്ച് ജോസഫ് മറിയത്തെ കിടത്തി. അവർ ദൈവത്തിനു നന്ദി പറഞ്ഞു. ഇതെങ്കിലും കിട്ടിയല്ലോ. അപ്പോഴേക്കും നേരം രാത്രിയായി.

ഇതേസമയം സ്വർഗത്തിലെ ഗായകസംഘം ആകാശത്തു നിരന്നു. വാദ്യോപകരണങ്ങളുമായി മാലാഖമാർ ഗാനങ്ങൾ ആലപിക്കാൻ തുടങ്ങി.

*(വേദിയിൽ മാലാഖമാരുടെ ഗായകസംഘം പാടുന്നു)*

**കാലിത്തൊഴുത്തിൽ പിറന്നിടുന്നു**
**കാലത്തിൻ നാഥനാം ഉണ്ണിയിന്ന്**
**ഭൂമിയിലെല്ലാർക്കും കൈവരുന്നു**
**സന്മനസ്സുള്ളോർക്കു ശാന്തിയെന്നും.**
**പാടിടാം പാടിടാം മോദമോടെ**
**ഉണ്ണിക്ക് കീർത്തനമാലപിക്കാം.**

*(പാട്ടുതീർന്ന് മാലാഖമാർ വശങ്ങളിലേക്കു നീങ്ങുമ്പോൾ ജോസഫിനെയും മറിയത്തെയും ഉണ്ണിയെയും വേദിയിൽ കാണാം)*

കാലിത്തൊഴുത്തിലെ വൈക്കോൽമെത്തയിൽ മറിയം തന്റെ ഉണ്ണിയെ പ്രസവിച്ചു. ഓമനത്തം തുളുമ്പുന്ന ഒരുണ്ണി. തുണിയിൽ പൊതിഞ്ഞ ഉണ്ണിയെ മറിയം പാലൂട്ടി. ജോസഫ് ഉണ്ണിക്ക് യേശു എന്നു പേരിട്ടു. അതിനു സമീപമുള്ള വയലിൽ രാത്രിയിൽ ആടുകളെ കാത്തുകൊണ്ട് ഇടയന്മാർ ഉണ്ടായിരുന്നു. അതാ, ഒരു മാലാഖ അവരുടെ മുമ്പിൽ പ്രത്യക്ഷപ്പെടുന്നു.

*(വേദിയുടെ മറ്റൊരു വശത്ത് മാലാഖ കൈയിൽ നക്ഷത്രവടിയുമായി പ്രത്യക്ഷപ്പെടുന്നു)*

വെള്ളച്ചിറകുകൾ വീശി മാലാഖ അവരോടു പറഞ്ഞു: "ഇതാ, നിങ്ങൾക്ക് വലിയൊരു സന്തോഷവാർത്ത. നിങ്ങൾക്കായി ഒരു രക്ഷകൻ, കർത്താവായ യേശു ഇന്ന് ജനിച്ചിരിക്കുന്നു. സകല മനുഷ്യർക്കും വേണ്ടിയുള്ള രക്ഷകനാണ് അവൻ. നിങ്ങൾ പോയി ആ ഉണ്ണിയെ കാണുവിൻ."

**യഹൂദിയായിലെ ഒരു ഗ്രാമത്തിൽ**
**ഒരു ധനുമാസത്തിൻ കുളിരും രാവിൽ**
**രാപാർത്തിരുന്നോരജപാലകർ**
**ദേവനാദം കേട്ടു ആമോദരായ്**

*(ആട്ടിടയന്മാർ ആട്ടിൻകുട്ടികളെയും കൂട്ടി വേദിയിലേക്കു വരുന്നു. ഉണ്ണിക്കു മുമ്പിൽ വണങ്ങി നിൽക്കുന്നു.)*

ആട്ടിടയന്മാർ ഒട്ടും വൈകാതെ കാലിത്തൊഴുത്തിലേക്കു യാത്രയായി. ഒപ്പം ആട്ടിൻകുട്ടികളും. പുൽക്കൂട്ടിൽ കിടത്തിയ ഉണ്ണിയേശുവിനെ അവർ കൗതുകത്തോടെ നോക്കിനിന്നു. ആട്ടിടയർ മുട്ടുകുത്തി വണങ്ങി.

**പുൽക്കൂട്ടിൽ വാഴുന്ന പൊന്നുണ്ണീ നിൻ**
**തൃപ്പാദം കുമ്പിട്ടു നിൽക്കുന്നു ഞാൻ (2)**

ആട്ടിടയന്മാരുടെ ഉള്ളിൽ സന്തോഷം നിറഞ്ഞു. കാരണമെന്തെന്നോ? ലോകത്തിലെ ഏറ്റവും വലിയ സമ്മാനമാണ് ഉണ്ണിയേശു. സ്വർഗം ഭൂമിക്കു നൽകിയ സമ്മാനം. ദൈവം മനുഷ്യനു നൽകിയ വലിയ സമ്മാനം. ആ ദിവ്യസമ്മാനത്തെ ആദ്യമായി കാണാൻ കഴിഞ്ഞതിൽ ആട്ടിടയർ അതിയായി സന്തോഷിച്ചു. അപ്പോഴതാ, ഒരു നക്ഷത്രം അകലെനിന്ന് അടുത്തേക്കു വരുന്നത് അവർ കണ്ടു.

*(അകലെനിന്നു വേദിയിലേക്കു വലിച്ചുകെട്ടിയ കയറിലൂടെ ചലിക്കുന്ന ഒരു നക്ഷത്രം. അതിനു താഴെയായി മൂന്നു രാജാക്കന്മാർ നടന്നുവരുന്നു. നക്ഷത്രം പുൽക്കൂട്ടിനുമുമ്പിൽ വന്നു നിൽക്കുന്നു. രാജാക്കന്മാർ ഉണ്ണിക്കു സമ്മാനങ്ങൾ നൽകുന്നു.)*

നക്ഷത്രത്തിനു താഴെയായി മൂന്നു രാജാക്കന്മാർ വരുന്നതു കണ്ടോ? അവരുടെ കൈയിൽ വിലപിടിച്ച സമ്മാനങ്ങളുമുണ്ട്. ഉണ്ണിയേശുവിനു നൽകാൻ സമ്മാനവുമായി വരികയാണവർ.

**ദൂരെനിന്നും ദൂരെദൂരെനിന്നും**
**മരുഭൂവിൻ വഴികളിലൂടെ**
**ഒരു കാലിത്തൊഴുത്തു തേടി**
**മൂന്നു രാജാക്കന്മാരെത്തി.**

അതാ, അവർ ഉണ്ണിയുടെ അടുത്തെത്തിക്കഴിഞ്ഞു. അവർ സമ്മാനം നൽകുകയാണ്. ഒന്നാമൻ സ്വർണം സമ്മാനമായി നൽകുന്നു. രണ്ടാമൻ മീറ നൽകുന്നു. മൂന്നാമൻ കുന്തുരുക്കം കാഴ്ചവയ്ക്കുന്നു. എന്നിട്ടവർ വണങ്ങിനിൽക്കുന്നു.

കൂട്ടുകാരേ, രാജാക്കന്മാർ മാത്രമല്ല, ഈ ക്രിസ്മസ്വേളയിൽ ലോകമെമ്പാടും എല്ലാവരും ഉണ്ണിയേശുവിനു സമ്മാനങ്ങൾ നൽകുകയാണ്. നമുക്കും ഇപ്പോൾ സമ്മാനം നൽകാം.

*(മുൻകൂട്ടി നിശ്ചയിച്ച വ്യക്തികൾ വേദിയിലെത്തി സമ്മാനം നൽകുന്നു. കുട്ടികൾ, മാതാപിതാക്കൾ, അധ്യാപകർ, വൈദികർ, സന്യസ്തർ, സംഘടനാഭാരവാഹികൾ തുടങ്ങി എല്ലാവരുടെയും പ്രതിനിധികൾ ആകാം.)*

ഓരോ ക്രിസ്മസ് കാലത്തും ഉണ്ണിയേശുവിന്റെ ജനനത്തെപ്പറ്റി അറിയിച്ചുകൊണ്ട്, സന്തോഷവും സമാധാനവും ആശംസിച്ചുകൊണ്ട് ഗായകസംഘം സഞ്ചരിക്കും. ക്രിസ്മസ് കരോൾ എന്ന് അറിയപ്പെടുന്ന ആ സംഘം നമ്മുടെ ഇടയിലും എത്തിച്ചേർന്നിരിക്കുന്നു. നമുക്കവരെ സ്വീകരിക്കാം, അവരോടൊത്തു പാടാം.

*(നേരത്തേ തയ്യാറാക്കിയ കരോൾസംഘവും ക്രിസ്മസ് ഫാദറും കുട്ടികൾക്കിടയിലൂടെ വേദിയിലേക്കു വരുന്നു. അവർ കാഥികസംഘത്തോടു ചേരുന്നു. മുൻകൂട്ടി പരിശീലിച്ച ഉചിതമായ കരോൾഗാനങ്ങൾ ആലപിക്കുന്നു.)*



# നീതിമാന്റെ മാർഗം



ഫാ. സ്റ്റീഫൻ ഓണിശേരിൽ C.Ss.R.

ദൈവത്തെ മാത്രം പോരാ മനുഷ്യനെയും ധ്യാനിക്കണമെന്ന് നമ്മെ ഓർമപ്പെടുത്തുന്ന പുസ്തകമാണ് ബൈബിൾ. അങ്ങനെയൊരു മനുഷ്യനാണ് പുതിയ നിയമത്തിലെ വി. യൗസേപ്പ്. നിനച്ചിരിക്കാത്ത നേരത്ത് ജീവിതവഴികളിൽ ഉണ്ടാകുന്ന പ്രതിസന്ധികളെ ഈ മനുഷ്യൻ എങ്ങനെ അഭിമുഖീകരിച്ചുവെന്നുള്ളത് എല്ലാക്കാലത്തെയും ദേശത്തെയും മനുഷ്യൻ ഓർമിക്കുന്നതു നല്ലതാണ്.

മനുഷ്യനെക്കുറിച്ച് എന്തൊക്കെയോ ധാരണകളാണ് നാം വച്ചുപുലർത്തുക. ഇല്ല, നമുക്ക് ഒന്നുമറിയില്ല. മനുഷ്യൻ ഇന്നും നമുക്ക് ഒരു പ്രശ്നമാണ്. ധ്യാനിക്കേണ്ട, ജീവിക്കേണ്ട ഒരു രഹസ്യമാണു മനുഷ്യനെന്ന് നമ്മിൽ എത്രപേർക്കറിയാം? വിചാരിക്കുന്നതിലും അപ്പുറമാണ് മനുഷ്യന്റെ ലോകം. വെള്ളത്തിൽ കിടക്കുന്ന മഞ്ഞുമലപോലെ, കാണുന്നതും അറിയാവുന്നതും വളരെ കുറച്ചുമാത്രം. കാണാൻ പാടില്ലാത്തതും അറിയാൻ പാടില്ലാത്തതുമായ കാര്യങ്ങൾ വളരെ കൂടുതൽ. അതുകൊണ്ട്, മനുഷ്യരെക്കുറിച്ചുള്ള നമ്മുടെ ധാരണകൾ തിരുത്തപ്പെടേണ്ടതുണ്ട്.

ദൈവം വാഗ്ദാനം ചെയ്തിരുന്ന രക്ഷകനെ കാത്തിരുന്ന ഒരു ജനത. ദരിദ്രരും പീഡിതരും അടിച്ചമർത്തപ്പെട്ടവരുമായി പലായനവും പ്രവാസവും അന്യമാക്കിത്തീർത്ത ഒരു ജനത. അതായിരുന്നു യഹൂദജനത. കഠിനയാതനകളുടെ നാളുകളിലും വരാനിരിക്കുന്ന രക്ഷകൻ അവർക്കും പ്രത്യാശയായി. ദാവീദിന്റെ വംശത്തിലാണ് രക്ഷകൻ അവതരിക്കുകയെന്നതിനാൽ ആ താവഴിയിൽപ്പെട്ട ഓരോ കുടുംബവും രക്ഷകനെ കാത്തിരുന്നു. ഒരു മരപ്പണിക്കാരൻ മാത്രമായിരുന്ന ജോസഫിന് അങ്ങനെയൊരു സ്വപ്നമേ ഉണ്ടായിരുന്നില്ല. അവിടെ പക്ഷേ, ദൈവം ജോസഫിനു കൊടുത്തത് തികച്ചും അപ്രതീക്ഷിതവും അവിശ്വസനീയവുമായ സമ്മാനങ്ങളാണ്. കന്യകയായ പ്രതിശ്രുതവധു ഗർഭിണിയാവുകയെന്ന തികച്ചും അപമാനകരമായ വാർത്ത കേൾക്കാനിടയാകുന്ന ജോസഫ് ഒരിക്കലും അവളെ അപമാനിതയാക്കാൻ ആഗ്രഹിക്കുന്നില്ല. രഹസ്യത്തിൽ അവളെ ഉപേക്ഷിക്കാൻ തീരുമാനിക്കുന്ന ജോസഫ് കേവലമനുഷ്യൻ എന്നതിനപ്പുറം നീതിമാൻ എന്ന വിശേഷണത്തിന് ഇവിടെ അർഹനാകുന്നു.

കാലം ഏറെക്കഴിഞ്ഞിട്ടും നമ്മൾ കടന്നുപോകുന്ന ജീവിതപശ്ചാത്തലം ഈ മനുഷ്യന്റേതിൽനിന്ന് ഒട്ടും പിന്നില്ലലല്ല. അനുദിനം പ്രശ്നസങ്കീർണമായിക്കൊണ്ടിരിക്കുകയുമാണ്. യൗസേപ്പിന്റെ കുടുംബപശ്ചാത്തലം, ചരിത്രം എന്നിവയെക്കുറിച്ച് അധികമൊന്നും ബൈബിൾ വിവരിക്കുന്നില്ല. ആ മനുഷ്യൻ താൻ സൃഷ്ടിക്കാത്ത ഒരു പ്രശ്നത്തെ, വെല്ലുവിളിയെ അഭിമുഖീകരിച്ചുകൊണ്ട് അരങ്ങത്തു പ്രത്യക്ഷപ്പെടുന്നു. തികച്ചും ശാന്തനും നിശ്ശബ്ദനുമായ ഒരു മനുഷ്യൻ. എന്നാൽ, അസാധാരണമായ എന്തൊക്കെയോ ആ മനുഷ്യനിൽ ഒളിഞ്ഞുകിടപ്പുണ്ട്.



അപ്രതീക്ഷിതമായ ഉലച്ചിലുകളിൽ, പ്രതിസന്ധികളിൽ നാം പൊട്ടിത്തെറിക്കുന്നു. ദൈവത്തെയും മനുഷ്യരെയും കുറ്റപ്പെടുത്തുന്നു. സ്വയം ന്യായീകരിക്കാൻ ശ്രമിക്കുന്നു. വി. യൗസേപ്പാകട്ടെ, തികഞ്ഞ ആത്മസംയമനത്തോടെ കാര്യങ്ങളെ അഭിമുഖീകരിക്കുന്നു. 'നീതിമാൻ' എന്ന ഒരു വിശേഷണംകൊണ്ട് സുവിശേഷം വളരെ സമ്യക്കായി യൗസേപ്പെന്ന ആ മഹാമനുഷ്യനെ ചുരുക്കിയെഴുതിയിരിക്കുന്നു. ബൈബിളിൽ 'നീതിമാൻ' എന്ന വാക്കിന് അനേകം ധ്യാനപ്രതലങ്ങളുണ്ട്. അടരുകളുടെ ഏടാണ് അനേകം ഇതളുകളുള്ള ഒരു പൂവുപോലെ. വളരെ ചുരുക്കം ചിലർക്കു മാത്രം ദൈവം നൽകുന്ന വിശേഷണമാണ് 'നീതിമാൻ.'

പ്രശ്നസങ്കീർണമായ ഒരു നാൽക്കവലയിൽവച്ച് ജീവിതത്തിന്റെ ഗതിയെത്തന്നെ മാറ്റിമറിക്കുന്ന ഒരു സാഹചര്യത്തിൽ മറ്റുള്ളവരുടെ വാക്കുകൾക്ക് അധികം ഗുരുത്വം കല്പിക്കാതെ, തന്റെതന്നെ ഉൾപ്രേരണകളെയും മനസ്സിലെ മൃദുമന്ത്രണങ്ങളെയും ഗൗരവമായി യൗസേപ്പ് എടുത്തുവെന്നുള്ളതാണ് മറ്റു മനുഷ്യരിൽനിന്ന് ഈ മനുഷ്യനെ വേറിട്ടു നിറുത്തുന്നത്.

പൊതുവെ, എല്ലാ സംസ്കാരങ്ങളിലും പുരുഷന്മാർക്കാണ് മുൻഗണന. അവരുടെ തീരുമാനങ്ങൾ, താത്പര്യങ്ങൾ, അഭിപ്രായങ്ങൾ - അതാണ് ശരി. അതു നടക്കണം. ഭർത്താക്കന്മാർക്കുവേണ്ടി ഭാര്യമാർ വഴിമാറുന്നു. അതാണ് പാരമ്പര്യം. ക്രിസ്തീയ കാഴ്ചപ്പാടിൽ ഭാര്യയ്ക്കും ഭർത്താവിനും തുല്യതയാണുള്ളത് എന്ന സത്യം നമ്മൾ വിസ്മരിക്കുന്നു. പുരുഷകേന്ദ്രീകൃതമായ പാരമ്പര്യമാണ് യഹൂദമതം ഉയർത്തിപ്പിടിക്കുന്നത്. അപ്രകാരമുള്ള ഒരു പശ്ചാത്തലത്തിൽ വളർന്ന യൗസേപ്പിനെ ആ സംസ്കാരം സ്വാധീനിച്ചിട്ടുണ്ട്. ഇവിടെയാണ് യൗസേപ്പിന്റെ നിലപാടുകളെ നാം ശ്രദ്ധിക്കേണ്ടത്. ഭാര്യയുടെ ഇഷ്ടങ്ങൾക്കനുസരിച്ച് തന്റെ ജീവിതത്തെ ക്രമപ്പെടുത്തുന്ന, മാറ്റുന്ന ഒരു മഹാമനസ്സിന്റെ ഉടമ. നമ്മുടെ ആത്മീയതയും പാരമ്പര്യവും സംസ്കാരവും ഇതിൽനിന്നു ഭിന്നമല്ല, യൗസേപ്പിതാവിനെപ്പോലെ ഇങ്ങനെ ഒറ്റയ്ക്കു നിൽക്കാൻ നമ്മളിൽ എത്ര പേർക്കു സാധിക്കും?

നീതിമാനായ നോഹയെപ്പോലെയും (ഉത്പത്തി 6/9), നീതിനിഷ്ഠനായ ജോബിനെപ്പോലെയും (ജോബ് 1/1), നീതിമാനായ സ്നാപകയോഹന്നാനെപ്പോലെയും (മർക്കോ 5/20) ദൈവഹിതം നിറവേറ്റുകയും ദൈവത്തിന്റെ നീതി അന്വേഷിക്കുകയും ചെയ്ത ഒരു ധന്യവ്യക്തിത്വമായിരുന്നു യൗസേപ്പിന്റേത്. താൻ ജീവിച്ച കാലത്തിന്റെ സംസ്കാരത്തിനും പാരമ്പര്യത്തിനും ആത്മീയതയ്ക്കുമപ്പുറമായി ജീവിതത്തെ വ്യാഖ്യാനിച്ച ആ മനുഷ്യന്റെ മുമ്പിൽ നമ്രശിരസ്സോടെ, കൂപ്പുകരങ്ങളോടെ ഇത്തിരി സമയം മൗനമായി ധ്യാനപൂർവം നിൽക്കാം. ■

കവിത — ജോർജുകുട്ടി താവളം

## തിരുജനനം



മന്നിടം കാലങ്ങളായ്
കാത്തിരുന്നതാം നേരം
വന്നതിൻ സന്തോഷത്താൽ
നിറഞ്ഞു മനസ്സുകൾ
പാപാന്ധകാരം നീക്കി
നേർവഴി തെളിക്കുന്ന
ദീപമായ് സർവ്വാധിപൻ
തൻസുതൻ വന്നീ ഭൂവിൽ.

ജാതനായ് ദൈവാത്മജൻ
കന്യയിൽനിന്നും രാവിൽ
ഭൂതലം പുളകംകൊ-
ണ്ടാനല്ല നിമേഷത്തിൽ
ആട്ടിടയർതൻ ചാരേ
വന്നൊരു ദൈവദൂതൻ
ഞെട്ടലോടവർ നില്ക്കേ
ചൊല്ലിയാ സത്യം വേഗം:

'ദാവീദിൻ പട്ടണത്തിൽ
ജാതനായൊരു പൈതൽ
ഏവർക്കും രക്ഷകനാം
ക്രിസ്തുവെന്നറിയേണം.
സ്വർഗത്തിൽനിന്നു ദേവ-
ദൂതർതൻ വ്യൂഹമപ്പോൾ
നിർഗ്ഗമിച്ചിഹത്തിലേ-
യ്ക്കൊരു നൽവചസ്സുമായ്

'ഉന്നതേ ദൈവത്തിന്നു
മഹത്ത്വം ധരയിലോ
സന്മനസ്സുള്ളോർക്കുണ്ടാം
സമാധാനവും നൂനം'
ആശ്ചര്യഭരിതരാ-
യജപാലകർ പെട്ടെ-
ന്നാശിശുവിനെക്കാണാ-
നോടിയാ നിശീഥത്തിൽ.

പിള്ളക്കച്ചയിൽപ്പൊതി-
ഞ്ഞൊരു കുഞ്ഞിനെക്കണ്ടി-
ട്ടുള്ളങ്ങൾ നിറഞ്ഞവർ
കരങ്ങൾ കൂപ്പി മോദാൽ
കൈവന്ന ഭാഗ്യത്തിനാൽ
യൗസേപ്പും മറിയവും
ദൈവത്തെ സ്തുതിച്ചുകൊ-
ണ്ടുണ്ണിയെ നോക്കിനിന്നു.

916 സ്വർണ്ണാഭരണങ്ങളുടെ പാലായിലെ അതിവിശാലമായ ഷോറൂം..!



മൂഴയിൽ ജൂവലറി
മെയിൻ റോഡ്, പാലാ,
Phone: 212498 , 211028

സഹോദരസ്ഥാപനം:
മൂഴയിൽ ബാങ്കേഴ്സ്
മാർക്കറ്റ് റോഡ്, OPP. സിവിൽസ്റ്റേഷൻ, പാലാ.
ഫോൺ: 212269
100 രൂപയ്ക്ക് മാസം 1½ രൂപാ മാത്രം പലിശ

*കഥാസാരം: ഒരു നിർധന നമ്പൂതിരിക്കുടുംബത്തിലെ അഞ്ചുപെൺമക്കളിൽ മൂത്തവളാണ് ഇന്ദുലേഖ. റ്റീച്ചറായി ജോലി കിട്ടിയ ഇന്ദു ജോയിൻ ചെയ്യാൻ പോകവേ, ട്രെയിനിൽ അഭിഷേക് എന്ന യുവാവിനെ പരിചയപ്പെട്ടു. സ്കൂൾ മാനേജരുടെ മകനായ അഭിഷേകുമായി ഇന്ദു പിന്നീട് നല്ല സൗഹൃദത്തിലായി. അവർ തമ്മിൽ പ്രേമമാണെന്ന് സ്കൂളിലെ ഒരു റ്റീച്ചർ മാനേജരെ തെറ്റിദ്ധരിപ്പിച്ചു. ഇന്ദുവിനെ ജോലിയിൽനിന്നു പിരിച്ചുവിട്ടു. ആ സമയം അഭിഷേക് അമേരിക്കയ്ക്കു പോയിരുന്നു. പിരിച്ചുവിട്ട കാര്യം വീട്ടിലറിയിക്കാതെ ഇന്ദു തിരുവല്ലയിൽ വൃദ്ധദമ്പതികൾ മാത്രമുള്ള ഒരു ക്രിസ്ത്യൻവീട്ടിൽ ജോലിക്കു ചെന്നു. (തുടർന്നു വായിക്കുക)*




അരമണിക്കൂർ പിന്നിട്ടപ്പോൾ ത്രേസ്യാമ്മ വന്നു. എൺപതു വയസ്സിനടുത്തു പ്രായമുള്ള ഒരു സ്ത്രീ. തടിച്ചശരീരം. വെളുത്ത നിറം. നരച്ച തലമുടി. ചാണ്ടിക്കുഞ്ഞ് ഇന്ദുവിനെ ഭാര്യയ്ക്കു പരിചയപ്പെടുത്തി. ത്രേസ്യാമ്മ അവളെ അടിമുടി സൂക്ഷിച്ചു നോക്കിയിട്ട് ചോദിച്ചു:

“നിന്നെ കണ്ടിട്ട് ഒരു വേലക്കാരിയാന്നു തോന്നുന്നില്ലല്ലോ. വീട്ടീന്നു വഴക്കുകൂടിയെങ്ങാനും ഇറങ്ങിപ്പോന്നതാണോ കൊച്ചേ?”

“അയ്യോ, ഒരിക്കലുമല്ല.”

‘‘തനിച്ചു വന്നതുകൊണ്ട് ചോദിച്ചതാ.”

വീട്ടിലെ സ്ഥിതി അവൾ വിശദീകരിച്ചു. നമ്പൂതിരിപ്പെണ്ണാണെന്നു കേട്ടപ്പോൾ ത്രേസ്യാ ചോദിച്ചു:

‘‘അപ്പം, ഇറച്ചീം മീനുമൊക്കെ വയ്ക്കാനറിഞ്ഞൂടായിരിക്കും അല്ലേ?”

“അതു ഞാൻ പഠിച്ചോളാം.”

“ആരു പഠിപ്പിക്കും? എനിക്ക് അടുക്കളപ്പണി വയ്യാത്തതുകൊണ്ടല്ലേ ഒരാളെ വയ്ക്കുന്നത്. ഇറച്ചീം മീനുമില്ലെങ്കിൽ ഞങ്ങൾക്ക് ഊണ് സുഖാവില്ല.”

“ഒരു പ്രാവശ്യം ഒന്നു കാണിച്ചുതന്നാൽ മതി. പിന്നെ ഞാനുണ്ടാക്കിക്കോളാം.”

“എന്തായാലും വേറൊരാളെ കിട്ടുന്നതുവരെ നിൽക്ക്. എങ്ങനുണ്ടെന്ന് ഞാനൊന്നു നോക്കട്ടെ.”

ത്രേസ്യായുടെ സംസാരവും ഇടപെടലും ഇന്ദുവിന് ഇഷ്ടപ്പെട്ടില്ല. ദേഷ്യം വന്നെങ്കിലും അവൾ മിണ്ടിയില്ല. ഒരു ജോലി എന്നത് ഇപ്പോൾ തന്റെ ആവശ്യമാണല്ലോ.

ത്രേസ്യാ ഇന്ദുവിനെ വിളിച്ചുകൊണ്ട് അടുക്കളയിലേക്കു പോയി.

“ഉച്ചയ്ക്കു നീ വല്ലതും കഴിച്ചോ?”

“ഇല്ല.”

പ്ലേറ്റെടുത്ത് ത്രേസ്യാ ചോറു വിളമ്പി. എന്നിട്ടു തിരിഞ്ഞ് ഇന്ദുവിനെ നോക്കി ചോദിച്ചു:

“കൂട്ടാൻ മീൻകറിയേയുള്ളൂ. എടുക്കട്ടെ.”

‘വേണ്ട.”

‘‘പിന്നിപ്പം എന്താ കറി തരുക?”

‘‘ഒന്നും വേണ്ട. ഇത്തിരി കഞ്ഞിവെള്ളം ഒഴിച്ച് ലേശം ഉപ്പിട്ട് ഇങ്ങു തന്നാൽ മതി.”

ത്രേസ്യാ അങ്ങനെ ചെയ്തു. നല്ല വിശപ്പുണ്ടായിരുന്നതുകൊണ്ട് ഇന്ദു സ്വാദോടെ കഴിച്ചു.

പാത്രം കഴുകി വച്ചിട്ട് ഇന്ദു ചോദിച്ചു: ‘‘അത്താഴത്തിന് എന്താ ഉണ്ടാക്കേണ്ടത്. ഞാൻ ഉണ്ടാക്കാം.”

“പയറുതോരനും പുളിശ്ശേരീം ആയിക്കോട്ടെ.”

പാചകത്തിനുള്ള സാധനങ്ങളെല്ലാം എടുത്തുകൊടുത്തിട്ട് ത്രേസ്യാ പറഞ്ഞു:

“വേഷം മാറീട്ടു മതി പണി തുടങ്ങാൻ. മാറാനുള്ള വസ്ത്രം കൊണ്ടുവന്നിട്ടുണ്ടോ?”


“ഉം.”

ഇന്ദുവിനെ വിളിച്ചുകൊണ്ട് ത്രേസ്യാമ്മ തെക്കുവശത്തെ ചെറിയ മുറിയിലേക്കു നടന്നു. വാതിൽ തുറന്നു കാണിച്ചിട്ടു പറഞ്ഞു:

“ഇതാ നിന്റെ മുറി. ബാഗ് ആ കട്ടിലിനടിയിൽ വച്ചോ. ഡ്രസ് മാറിയിട്ട് അടുക്കളയിലേക്കു വാ.” അതു പറഞ്ഞിട്ട് ത്രേസ്യാ പിൻവാങ്ങി.

ഇന്ദു മുറിയിലേക്കു കയറി ബാഗ് നിലത്തുവച്ചു. ചെറിയ മുറിയാണ്. ചുമരിനോടു ചേർന്ന് ഒരു കട്ടിലും ബഡ്ഡും ഉണ്ട്. മുറിക്ക് ഒരു ജനാലയേ ഉള്ളൂ.

ഇന്ദു കട്ടിലിൽ ഇരുന്നിട്ട് ഒരു ദീർഘശ്വാസം വിട്ടു. നല്ല ക്ഷീണം തോന്നുന്നു. ശരീരത്തിന് ഒരു തളർച്ചപോലെ. അഞ്ചുമിനിറ്റു കിടക്കാം. ഫാൻ ഓൺ ചെയ്തിട്ട് അവൾ കട്ടിലിലേക്കു മെല്ലെ ചാഞ്ഞു. ഫാനിന്റെ ഇളംകാറ്റേറ്റപ്പോൾ അറിയാതെ മയക്കത്തിലേക്കു വീണു.



“കൊള്ളാലോ പെണ്ണ്. വന്നതേ സുഖമായിട്ടു കിടന്നുറങ്ങുവാണോ?”

ത്രേസ്യായുടെ ശബ്ദം കേട്ട് ഇന്ദു ഞെട്ടിയുണർന്ന് ചാടിയെണീറ്റു.

‘‘സുഖവാസത്തിനു വന്നതാണോ ഇവിടെ? വേഷംപോലും മാറാതെ സുഖായിട്ടു കിടന്നുറങ്ങ്വാ. നീ വേലക്കാരിയാണോ അതോ ഈ വീടിന്റെ ഉടമയാണോ?”

“ക്ഷീണംകൊണ്ട് ഒന്നു മയങ്ങിപ്പോയതാ അമ്മച്ചീ.”

“ക്ഷീണം വരാൻ നിനക്കെന്നാ വയറ്റിലൊണ്ടോടീ?”

ഇന്ദു വല്ലാതായി. എന്തു പറഞ്ഞാലും കേട്ടുനിൽക്കുകയല്ലാതെ വഴിയില്ലല്ലോ. ഒരടിമയെപ്പോലെ എല്ലാം സഹിക്കുക തന്നെ.”

“കുന്തം വിഴുങ്ങിയപോലെ നിൽക്കാതെ തുണി മാറിയിട്ട് അടുക്കളേലേക്കു ചെല്ല്. ഒരു മണിക്കൂർ കിടന്നുറങ്ങി.” പിറുപിറുത്തുകൊണ്ട് ത്രേസ്യാ മുറിവിട്ടിറങ്ങി.

വേഷം മാറിയിട്ട് ഇന്ദു അടുക്കളയിലേക്കു ചെന്നു. ഓരോ സാധനവും എവിടെയെല്ലാമാണ് സൂക്ഷിച്ചിരിക്കുന്നതെന്ന് ത്രേസ്യാ അവൾക്കു കാണിച്ചുകൊടുത്തു. എന്നിട്ടവർ മുകളിലത്തെ നിലയിലേക്കു പോയി.

പുളിശേരിക്കു വെള്ളരിക്ക അരിഞ്ഞുകൊണ്ടിരിക്കുമ്പോൾ ഇന്ദു ഓർത്തു. ഈ തള്ളയുടെ കൂടെ എത്രനാൾ നിൽക്കാൻ പറ്റും? സംസാരം കേൾക്കുമ്പോൾത്തന്നെ സ്ഥലം വിടാൻ തോന്നും. വെറുതെയല്ല ജോലിക്കാരാരും ഇവിടെ നിൽക്കാത്തത്.

പുളിശേരിയും പയറുതോരനും നന്നായി പാകം ചെയ്യാൻ പ്രത്യേകം ശ്രദ്ധിച്ചു ഇന്ദു. ത്രേസ്യായ്ക്ക് കുറ്റം പറയാൻ വഴിയൊരുക്കരുത്. ചോറും കറികളും പാകം ചെയ്തുകഴിഞ്ഞപ്പോൾ നേരം ഇരുട്ടിയിരുന്നു.

‘‘ആ മീൻകറികൂടി ഒന്നു ചൂടാക്കിയേക്ക്.” ത്രേസ്യാ അടുക്കളയിലേക്കു വന്നു പറഞ്ഞു.

ഇന്ദു മീൻചട്ടിയെടുത്ത് അടുപ്പത്തു വച്ചു. അതിന്റെ മണം അടിച്ചപ്പോൾ മനംപിരട്ടൽ തോന്നി. കറി ചൂടാക്കി വാങ്ങി വച്ചിട്ട് അവൾ കുളിക്കാൻ പോയി.

കുളികഴിഞ്ഞു വന്നപ്പോൾ ത്രേസ്യാമ്മയും ചാണ്ടിക്കുഞ്ഞും പ്രാർഥനയിലായിരുന്നു. മുറിയിൽ പോയിരുന്ന് ഇന്ദുവും നാമം ജപിച്ചു.

‘‘അത്താഴം വിളമ്പിക്കോ ഇന്ദൂ.”

സ്വീകരണമുറിയിൽ ടി.വി. കണ്ടുകൊണ്ടിരിക്കുകയായിരുന്ന ത്രേസ്യാ വിളിച്ചു പറഞ്ഞു.

ഭക്ഷണം വിളമ്പി ടേബിളിൽ നിരത്തിയിട്ട് രണ്ടുപേരെയും വിളിച്ചു. ചാണ്ടിക്കുഞ്ഞും ത്രേസ്യയും കൈകഴുകിയിട്ട് ഡൈനിങ് ടേബിളിലെ കസേരയിൽ വന്നിരുന്നു. ഒരു സ്പൂണിൽ അല്പം പുളിശ്ശേരി എടുത്തു രുചിച്ചു നോക്കിയിട്ട് ത്രേസ്യാ ഇന്ദുവിന്റെ നേരേ തിരിഞ്ഞു.

“എന്നാ പുളിശേരിയാ കൊച്ചേ ഇത്? വായിൽ വച്ചു കൂട്ടാൻ കൊള്ളത്തില്ലല്ലോ.”

നല്ല അഭിപ്രായം പറയുമെന്നു പ്രതീക്ഷിച്ച ഇന്ദുവിന് അതൊരു ആഘാതമായിരുന്നു. പയറുതോരനെടുത്തു രുചിച്ചു നോക്കിയിട്ട് ത്രേസ്യാ തുടർന്നു:

“ഉപ്പുമില്ല, എരിവുമില്ല. നീ എവിടുന്നാ പെണ്ണേ പാചകം പഠിച്ചേ?”

ഇന്ദുവിന് സങ്കടം വന്നു.

“ഈ കറിക്ക് എന്നാ ത്രേസ്യാ ഒരു കുറവ്.” പുളിശേരിയും പയറുകറിയും രുചിച്ചുനോക്കിയിട്ട് ചാണ്ടിക്കുഞ്ഞു ചോദിച്ചു.

“നിങ്ങളു നോക്കുമ്പം കുറവൊന്നും കാണുകേല. പോരെങ്കിൽ കാണാൻ കൊള്ളാവുന്ന ഒരു പെണ്ണ് ഒണ്ടാക്കിത്തന്നതല്ലേ?”

‘‘അതാ കുഴപ്പം. കറിയല്ല പ്രശ്നം. ഒണ്ടാക്കീത് കാണാൻ കൊള്ളാവുന്ന ഒരു പെണ്ണായിപ്പോയി.” തിരിഞ്ഞ് ഇന്ദുവിനെ നോക്കി ചാണ്ടിക്കുഞ്ഞു തുടർന്നു: “നീ എന്നാ ഉണ്ടാക്കിയാലും ഇനി ശരിയാവില്ല മോളേ.”

‘‘മോളോ? ഇവള് എന്നാ നിങ്ങടെ മോളായത്. എനിക്കു വേണ്ട ഈ പേട്ടുകറി. കൊണ്ടെ പട്ടിക്കു കൊടുക്ക്.'' ഇടതു കൈകൊണ്ട് കറിപ്പാത്രം തട്ടിമാറ്റിയിട്ട് അവർ ചോറുണ്ണാൻ തുടങ്ങി. മീൻകറി മാത്രം കൂട്ടിയാണ് ത്രേസ്യാ ഭക്ഷണം കഴിച്ചത്. ഊണുകഴിഞ്ഞിട്ട് ത്രേസ്യാ വേഗം എണീറ്റ് കൈകഴുകി കിടപ്പുമുറിയിലേക്കു പോയി. ചാണ്ടിക്കുഞ്ഞ് കഴിച്ചുതീർന്നിരുന്നില്ല. അയാൾ സ്വരം താഴ്ത്തി പറഞ്ഞു:

“അവളങ്ങനാ. വെട്ടൊന്ന് മുറി രണ്ട്. മോളത് കാര്യാക്കണ്ട.”

ഇന്ദുവിന്റെ കണ്ണുകൾ നിറഞ്ഞൊഴുകി.

ചാണ്ടിക്കുഞ്ഞ് എണീറ്റു പോയപ്പോൾ ഇന്ദു പാത്രങ്ങളെല്ലാം എടുത്തു കഴുകിവച്ചു. ഒരു സ്റ്റീൽപാത്രത്തിൽ കുറച്ചു ചോറെടുത്ത് അവളും കഴിച്ചു. കറികൾക്കൊന്നും ഒരു പോരായ്മയും തോന്നിയില്ല.

പണികളെല്ലാം തീർത്ത് അടുക്കളയുടെ വാതിലടച്ചിട്ട് അവൾ കിടപ്പുമുറിയിലേക്കു പോയി. ഇന്ദു ബാഗ് തുറന്ന് ബെഡ്ഷീറ്റെടുത്ത് ബഡ്ഡിൽ വിരിച്ചു. പിന്നെ മെല്ലെ കിടക്കയിലേക്കു ചാഞ്ഞു.

മിഴികളടച്ചു കിടന്ന് ഓർമകളിൽ മുഴുകി. സ്കൂൾ അധ്യാപികയായ താൻ വീട്ടുജോലിക്കാരിയായി മാറുമെന്ന് സ്വപ്നത്തിലെങ്കിലും വിചാരിച്ചിരുന്നോ?

തനിക്കുപകരം സ്കൂളിൽ പുതിയ റ്റീച്ചറെ നിയമിച്ചിട്ടുണ്ടാകും. കുട്ടികളുടെ ഇന്ദുറ്റീച്ചറേ എന്ന വിളി കേൾക്കാൻ എന്തു രസമായിരുന്നു! എത്ര സ്നേഹമായിരുന്നു പിള്ളേർക്ക്.

ജീവിതകാലം മുഴുവൻ ഇനി ത്രേസ്യായുടെ ആട്ടുംതുപ്പുമേറ്റ് ഈ വീട്ടിൽ കഴിയേണ്ടി വരുമോ? തന്റെ അവസ്ഥ വീട്ടിലറിഞ്ഞാൽ അച്ഛനതു താങ്ങാനുള്ള കരുത്തുണ്ടാവുമോ? അച്ഛൻ തനിക്കു കല്യാണം ആലോചിക്കുമ്പോൾ കള്ളി വെളിച്ചത്താകില്ലേ? പയ്യന്റെ വീട്ടുകാർ സ്കൂളിൽ ചെന്ന് അന്വേഷിക്കില്ലേ?

അവളുടെ ചിന്തകൾ പല വഴിക്കും കാടുകയറി. ഓരോന്നാലോചിച്ചു കിടന്ന് എപ്പോഴോ മയങ്ങി.

*(തുടരും)*

# പ്രത്യാശയുടെ പ്രകാശം



സി. ലിസറ്റ് വെള്ളാത്തോട്ടം എസ്. എച്ച്

നൂറ്റാണ്ടുകൾക്കപ്പുറം മഞ്ഞണിഞ്ഞ ഡിസംബർ മാസത്തിൽ, രാവിന്റെ നിശ്ശബ്ദതയിൽ, താരാഗണങ്ങൾ കണ്ണുചിമ്മി നില്ക്കവേ, ബത്‌ലഹേമിലെ മലഞ്ചെരുവിൽ വൈക്കോൽഗന്ധം നിറഞ്ഞുനില്ക്കുന്ന ഒരു കാലിത്തൊഴുത്തിൽ, സമാധാനരാജാവായി ലോകരക്ഷകൻ പിറന്നു. പ്രപഞ്ചം മുഴുവനെയും ഹർഷപുളകിതമാക്കി സ്വർഗം ഭൂമിയെ ചുംബിച്ച അനർഘനിമിഷം!

അനുസരണക്കേടുവഴി പാപം ചെയ്ത് പറുദീസ നഷ്ടപ്പെടുത്തിയ ആദിമാതാപിതാക്കളോടു കരുണ തോന്നിയ ദൈവം അവർക്കു രക്ഷകനായി തന്റെ പ്രിയപുത്രനെ വാഗ്ദാനം ചെയ്തു. ആ വാഗ്ദാനപൂർത്തീകരണമാണ് മിശിഹായുടെ മനുഷ്യാവതാരം. 'സ്നേഹത്തിലും വിശ്വസ്തതയിലും അത്യുദാരനായ ദൈവം' (പുറ. 34:6) മനുഷ്യരക്ഷ സാധിതമാക്കാൻ തന്റെ മടിയിലിരുന്ന ഏകജാതനെ ഭൂമിയിലേക്ക് അയച്ചുകൊണ്ട് അവിടുത്തെ നിരുപമസ്നേഹത്തെ വെളിപ്പെടുത്തി. "ദൈവം സ്നേഹമാണ്. തന്റെ ഏകപുത്രൻവഴി നാം ജീവിക്കേണ്ടതിനായി ദൈവം അവനെ ലോകത്തിലേക്കയച്ചു. അങ്ങനെ ദൈവത്തിന്റെ സ്നേഹം നമ്മുടെ ഇടയിൽ വെളിപ്പെട്ടിരിക്കുന്നു" (1 യോഹ. 4: 8-9). മനുഷ്യമനസ്സുകളിൽ സമാധാനത്തിന്റെ ദീപം കൊളുത്താൻ സ്വർഗീയപിതാവ് ഭൂമിക്കു കൈമാറിയ സ്നേഹസമ്മാനമാണ് പുൽക്കൂട്ടിലെ ഉണ്ണീശോ. കരുണയുടെ നിറസാന്നിധ്യമായി, എളിമയുടെ ദിവ്യസങ്കീർത്തനമായി പിള്ളക്കച്ചയിൽ പൊതിഞ്ഞ് പുൽത്തൊട്ടിയിൽ ശയിക്കുന്ന 'എമ്മാനുവേൽ' ദൈവസ്നേഹത്തിന്റെ പാരമ്യം വെളിപ്പെടുത്തുന്നു. കരുണാർദ്രസ്നേഹം ഒരിക്കലും അസ്തമിക്കാത്ത ദൈവകരുണയുടെ കവിഞ്ഞൊഴുകലാണ് തിരുപ്പിറവിയിൽ നാം ദർശിക്കുന്നത്.



മനുഷ്യഹൃദയങ്ങളിൽ ശാന്തിയുടെയും സമാധാനത്തിന്റെയും നക്ഷത്രവിളക്കുകൾ തെളിക്കുവാൻ, നിർമല സ്നേഹത്തിന്റെ സൂര്യോദയമായി മന്നിലവതരിച്ച രാജാധിരാജൻ അന്ധകാരത്തിൽ ചരിക്കുന്നവർക്കും മരണത്തിന്റെ നിഴലിൽ വസിക്കുന്നവർക്കും പ്രത്യാശയുടെ പ്രകാശം പകർന്നു. പ്രപഞ്ചം മുഴുവൻ വംശദേശവ്യത്യാസമില്ലാതെ ഏറ്റുവാങ്ങിയ ഒരു തിരുപ്പിറവിയുടെ ഉത്സവമായി വീണ്ടും ക്രിസ്മസ് വന്നണയുമ്പോൾ ഇരുട്ടിന്റെ സാന്ദ്രതയിൽ ഉദിച്ചുയർന്ന നീതിസൂര്യനെ വിനയപൂർവം ഹൃദയത്തിൽ പ്രതിഷ്ഠിക്കാം. അതിനായി നമ്മുടെ ഹൃദയമാകുന്ന ശ്രീകോവിൽ നന്മകളാലും സുകൃതങ്ങളാലും അലങ്കരിച്ചു വിശുദ്ധമാക്കാം. ■

# 'സമയമാം രഥം' ഉരുണ്ടുതുടങ്ങിയിട്ട് ഒന്നേകാൽ നൂറ്റാണ്ട്

സെമിത്തേരിയിലേക്കുള്ള തലമുറകളുടെ യാത്രയ്ക്ക് പ്രത്യാശപകർന്ന 'സമയമാം രഥത്തിൽ ഞാൻ സ്വർഗയാത്ര ചെയ്യുന്നു' എന്ന വിലാപഗാനത്തിന് 125 വയസ്സ്. യഥാർഥത്തിൽ പ്രത്യാശാഗീതമെന്ന നിലയിലാണ് 1897 ൽ ഇതെഴുതിയതെങ്കിലും വിലാപഗാനമായി പിന്നീട് പരിണമിക്കുകയായിരുന്നു. ലോകയാത്ര അവസാനിക്കുന്നിടത്ത് നിത്യയാത്ര ആരംഭിക്കുന്നുവെന്ന ദാർശനികതലം മുന്നോട്ടുവയ്ക്കുന്ന ഗാനം മരണാനന്തരജീവിതത്തെക്കുറിച്ചുള്ള പ്രത്യാശ പകരുന്നതാണ്.

മലയാളത്തിൽ ഏറ്റവുമധികം പ്രചാരംനേടിയ ക്രിസ്തീയഗാനങ്ങളിലൊന്നായ ഇതെഴുതിയത് ഒരു മലയാളിയല്ല; ഫോൾബ്രെഷ്റ്റ് നാഗൽ എന്ന ജർമൻ മിഷനറിയാണ്. കുന്നംകുളത്തുനിന്ന് കണ്ണൂരിലേക്ക് കാളവണ്ടിയിൽ യാത്ര ചെയ്യുമ്പോഴായിരുന്നു 20 വരികളുള്ള ഈ ഗാനത്തിന്റെ പിറവി. കെ.എസ്. സേതുമാധവൻ സംവിധാനം ചെയ്ത 'അരനാഴികനേരം' എന്ന ചലച്ചിത്രത്തിൽ വയലാർ ഈ പാട്ട് അല്പം രൂപമാറ്റം വരുത്തി ഉപയോഗിച്ചതോടെയാണ് പ്രസിദ്ധമായത്. വയലാർ രചിച്ച് ദേവരാജൻ സംഗീതം നൽകിയ പാട്ടെന്ന തെറ്റുധാരണ പരക്കാനും ഇതിടയാക്കി.

'എൻ സ്വദേശം കാൺമതിന് ബദ്ധപ്പെട്ടോടീടുന്നു' എന്ന നാഗലിന്റെ വരിയിൽ 'ബദ്ധപ്പെട്ടോടീടുന്നു' എന്നതിനുപകരം 'ഞാൻ തനിയെ പോകുന്നു' എന്ന വയലാർ മാറ്റി. കൂടാതെ, 'യേശുവേ നിനക്കു സ്തോത്രം, വേഗം നിന്നെ കാണും ഞാൻ' എന്ന വരികൾക്കുപകരം 'ആകെയരനാഴികമാത്ര,മീയുടുപ്പ് മാറ്റുവാൻ' എന്നും ചേർത്തു.

'രാത്രിയിൽ ഞാൻ ദൈവത്തിന്റെ കൈകളിലുറങ്ങുന്നു, അപ്പോഴുമെൻ രഥത്തിന്റെ ചക്രം മുമ്പോട്ടോടുന്നു' എന്ന വരികൾ ലോകയാത്രയുടെ മാത്രമല്ല, മരണാനന്തരജീവിതത്തെക്കൂടി സൂചിപ്പിക്കുന്നുവെന്നാണു വ്യാഖ്യാനം. 'ഓ മൈ ഡാർലിങ് ക്ലമന്റൈൻ' എന്ന അമേരിക്കൻ നാടോടിഗാനത്തിന്റെ ഈണമാണ് ഈ പാട്ടിന് അദ്ദേഹം നൽകിയത്.

1867 ൽ ജർമനിയിലെ ഹസ്സൻ നഗരത്തിൽ ഫോൾബ്രെഷ്റ്റ് നാഗൽ ജനിച്ചു. സുവിശേഷദൗത്യവുമായി 22-ാം വയസ്സിൽ കേരളത്തിലെത്തി. ബ്രദറൺ സഭയിൽ പ്രവർത്തിച്ച അദ്ദേഹം അർധമലയാളിയായ ഹാരിയറ്റ് മിച്ചലിനെ വിവാഹം ചെയ്തു. മലയാളം പഠിച്ച നാഗൽ എഴുപതിലധികം മലയാളഗാനങ്ങളെഴുതി. 1897 ലാണ് 'സമയമാം രഥത്തിൽ' എന്ന പാട്ടെഴുതിയത്. 1914 ൽ ജർമനിയിലേക്കു മടങ്ങി. എന്നാൽ, ഒന്നാം ലോകമഹായുദ്ധത്തിന്റെ തുടക്കം അദ്ദേഹത്തിന്റെ തിരിച്ചുവരവിനു തടസ്സമായി. ജർമ്മൻസാമ്രാജത്തിലെ പൗരനെന്ന നിലയിൽ, ബ്രിട്ടീഷ്ഭരണത്തിലുള്ള മലബാറിൽ പ്രവേശിക്കാൻ കഴിയാതെവന്നതിനാൽ അദ്ദേഹം സ്വിറ്റ്സർലണ്ടിലേക്കു മാറി. ഹാരിയറ്റും മൂന്നു



ഫോൾബ്രെഷ്റ്റ് നാഗൽ

കുട്ടികളും മലബാർതീരത്തു തിരിച്ചെത്തി, രണ്ടു മുതിർന്ന കുട്ടികൾ ഇംഗ്ലണ്ടിലായിരുന്നു. 1917 ൽ പറവൂരിലെ നിയമസഭാകൂട്ടായ്മയ്ക്ക് അദ്ദേഹം അയച്ച കത്തിൽ മലബാറിലെ ആത്മാക്കളോടുള്ള അദ്ദേഹത്തിന്റെ ഹൃദയത്തിലെ വിശപ്പാണ് പ്രതിഫലിക്കുന്നത്. ആ കത്തിൽ ഇനിപ്പറയുന്ന വാക്കുകൾ ഉണ്ടായിരുന്നു: "എന്റെ ഏറ്റവും മധുരമുള്ള നിധികൾ ഇന്ത്യയിലാണ്. എന്റെ ഹൃദയം അവിടെയാണ്." പക്ഷേ, അദ്ദേഹത്തിന്റെ ആഗ്രഹം സഫലമായില്ല. പക്ഷാഘാതം പിടിപെട്ട് കിടപ്പിലാവുകയും ചെയ്തു. വൈഡനെസ്റ്റ് ബൈബിൾ സ്കൂളിൽ പഠിപ്പിക്കുന്നതിനിടയിൽ, സ്ട്രോക്ക് ബാധിച്ച് 1921 മേയ് 12 ന് നാഗേൽ മരിക്കുകയും അവിടെത്തന്നെ സംസ്കരിക്കുകയും ചെയ്തു.

അദ്ദേഹത്തിന്റെ സ്മരണയിൽ കുന്നംകുളം പട്ടാമ്പി റോഡിനെയും യേശുദാസ് റോഡിനെയും ബന്ധിപ്പിക്കുന്ന റോഡിന് നഗരസഭ നാഗൽ റോഡെന്നു പേരിട്ടിട്ടുണ്ട്.

33 വർഷത്തെ സേവനപാരമ്പര്യം
നവഭാരത് കോളേജ്
മരിയൻ ഹോസ്പിറ്റൽ Jn;
അരുണാപുരം പി.ഒ., പാലാ
Govt. V.H.S.S. നു സമീപം
പൊൻകുന്നം
Ph: 9495195739, 9495021259
ഉയർന്ന വിജയശതമാനം
ഹോസ്റ്റൽ സൗകര്യം
പരിചയസമ്പന്നരായ അധ്യാപകർ
വിദ്യാർത്ഥികൾക്കു ബസ് കൺസഷൻ
അഡ്മിഷൻ തുടരുന്നു
+2 Science commerce humanities
6 മാസംകൊണ്ട് +2, 10
നാഷണൽ ഓപ്പൺ സ്കൂൾ (NIOS)
B.A. - All subjects (M.G. University)
B.Com - Finance and Taxation
Co-Operation
M.A. - Malayalam, History
Regular, Postal & Holiday Classes
HINDI TTC
എസ്എസ്എൽസിയോ ഉപരിവിദ്യാഭ്യാസയോഗ്യതയോ ഉള്ളവർക്ക് ഒരു വർഷംകൊണ്ട് HINDI TTC പാസായി അധ്യാപകരാകാം.

# ആഘോഷരാവുകളേ, രാസലഹരിയരുതേ!





ഷാജി കച്ചിമറ്റം

ക്രൈസ്തവസമൂഹം, വിശിഷ്യ, കേരള കത്തോലിക്കാസഭ നാടിന്റെ വിദ്യാഭ്യാസ, ആരോഗ്യ സാമൂഹ്യമേഖലകളിൽ ചെലുത്തിയിട്ടുള്ള സ്വാധീനവും സേവനങ്ങളും അദ്വിതീയമാണ്. അഭിവന്ദ്യ വയലിൽ പിതാവ് തുടങ്ങിവച്ച മദ്യവിരുദ്ധപ്രവർത്തനങ്ങൾ സമൂഹത്തിൽ സ്വീകാര്യത നേടുകയും ചെയ്തിട്ടുണ്ട്. യാഥാർത്ഥ്യം ഇതൊക്കെയാണെങ്കിൽ പോലും നസ്രാണിയുടെ മദ്യപാനശീലത്തിനു കാര്യമായ മാറ്റം ഇനിയും വന്നിട്ടില്ല എന്നതാണു സത്യം.

നോമ്പ്, അത് 25 നോമ്പായാലും 50 നോമ്പായാലും 8, 3 നോമ്പുകളായാലും നാം എടുക്കാൻ തയ്യാറാവും അത് കുറച്ചു ദിവസങ്ങളാണെങ്കിൽ കഠിനമായിത്തന്നെ പാലിക്കാൻ ശ്രമിക്കും. പിന്നീടങ്ങോട്ട് ഹോസ്റ്റലിൽ നിന്നു പഠിക്കുന്ന ഒരു കുട്ടിയുടെ മനോഭാവമാണ്. അവധി വരാൻ ദിവസങ്ങളെണ്ണി കാത്തിരിക്കും. വന്നാലോ പിന്നീട് സന്തോഷമായി, ആഘോഷമായി. അതുതന്നെ നോമ്പു നോക്കുന്നവരിൽ ഭൂരിപക്ഷത്തിന്റെയും മനോഭാവം. ലഹരിവസ്തുക്കൾ കൈകൊണ്ടു തൊടില്ല. ഇറച്ചി, മീൻ, മുട്ട, പാൽ ഇവയെല്ലാം വർജിക്കും. ദുശ്ശീലങ്ങളെല്ലാം പാടേ ഉപേക്ഷിക്കും. എന്നാൽ, നോമ്പുവീടുന്ന ദിവസം അർമാദിക്കാനുള്ള ദിവസമാണുപോലും. ക്രിസ്മസിനാണെങ്കിൽ, അന്ന് ബെത്‌ലഹേമിൽ ഉണ്ണി പിറന്നപ്പോൾ സാക്ഷികളായിരുന്നു എന്ന ഒറ്റക്കാരണത്താൽ തൂക്കുകയർ വിധിക്കപ്പെട്ട പാവം നാല്ക്കാലികൾ... ഇറച്ചിയും മദ്യവുമില്ലാതെ എന്താഘോഷം നസ്രാണിക്ക്! അടിപിടിമുതൽ വാഹനാപകടങ്ങൾവരെ മറ്റു ദിവസങ്ങളെ അപേക്ഷിച്ച് പതിന്മടങ്ങ് കൂടുതൽ റിപ്പോർട്ട് ചെയ്യപ്പെടുന്നു. മദ്യവില്പനശാലകളിൽ, ബിവറേജ് ഔട്ട്‌ലെറ്റുകൾ ഉൾപ്പെടെ റെക്കോർഡ് വില്പന. ഏറ്റവും കൂടുതൽ വില്പന നടന്നത് ക്രിസ്ത്യാനികളുടെ കേന്ദ്രങ്ങളിൽ. ഇതൊന്നും അതിശയോക്തിയല്ല. ഇക്കഴിഞ്ഞ വർഷങ്ങളിലെ സംസാരിക്കുന്ന കണക്കുകളാണിവ. ഇത് ഇക്കൊല്ലവും മാറ്റമില്ലാതെ തുടരുമെന്ന കാര്യത്തിൽ തർക്കമില്ല. 'ലജ്ജിക്കുക നസ്രാണീ' എന്നുപറഞ്ഞ് മൂക്കത്തു വിരൽവയ്ക്കുന്നവനെ നോക്കി പിന്നെന്താഘോഷം 'ആണുങ്ങളായാൽ വിശേഷദിവസങ്ങളിൽ രണ്ടെണ്ണം അടിക്കും' എന്നായിരിക്കും മറുപടി. വിശേഷദിവസങ്ങളിൽ, പ്രത്യേകിച്ച് ഉണ്ണി പിറന്ന ദിവസം അത് ഉണ്ണിയേശുവായാലും ശരി സ്വന്തം വീട്ടിൽ ഉണ്ണി പിറന്നാലും ശരി രണ്ടെണ്ണമടിച്ച് സുബോധം നഷ്ടപ്പെട്ടെങ്കിൽ മാത്രമേ തൃപ്തിയാകൂ എന്ന അവസ്ഥയാണിന്ന്. ഇത് ഒരു ദോഷൈകദൃക്കിന്റെ ജല്പനങ്ങളായി കാണേണ്ടതില്ല ദീർഘകാലത്തെ ഈ മേഖലയിലുള്ള പ്രവർത്തനപരിചയത്തിന്റെ പിൻബലമുണ്ട് ഈ വാക്കുകൾക്ക്.

ഈ പോക്കുപോയാൽ മലയാളി, പ്രത്യേകിച്ച് കത്തോലിക്കർ ഇനി വരുന്ന വർഷങ്ങളിൽ വലിയ വെല്ലുവിളി നേരിടേണ്ടിവരും. പ്ലസ്ടൂ കഴിഞ്ഞ കുട്ടികൾ ഒരു വിധം പഠിക്കുന്നവർ വിദേശത്തു പഠിക്കാൻ പോകും. പിന്നീട് അവൻ/അവൾ അവിടെ പൗരത്വം സ്വീകരിക്കും. പഠിക്കാൻ പിന്നാക്കക്കാരായ ഒരു വിഭാഗം കുട്ടികൾ അയ്യായിരം മുടക്കി അമ്പതിനായിരവും ഒരു ലക്ഷവും കിട്ടുന്ന ബിസിനസ്സുമായി പോകും. കഴിഞ്ഞ നാലുവർഷക്കാലം കൗൺസിലിങ്ങിലൂടെയും തെറാപ്പികളിലൂടെയും നിയന്ത്രിച്ചു നിർത്തിയിരുന്ന ഒരു കുട്ടിയെ 18 വയസ്സ് പൂർത്തിയായപ്പോൾ ബാംഗ്ലൂരിൽ പഠിക്കാനയച്ചു. പിന്നീടു കേൾക്കുന്നു അവനെ എക്സൈസ് അറസ്റ്റു ചെയ്തിരിക്കുന്നുവെന്ന്. അവന്റെ മാതാപിതാക്കൾ സമൂഹത്തിൽ ഉന്നതനിലകളിലുള്ളവരാണ്. നാലു വയസ്സുമുതൽ അവൻ പിതാവിന്റെ സിഗരറ്റ് വലിച്ചു ശീലിച്ചു. സിഗരറ്റ് വലിക്കുന്ന എനിക്ക് മകനോട് അതു ചെയ്യരുതെന്നു പറയാനുള്ള തന്റേടമില്ലെന്ന് പിതാവിന്റെ ഭാഷ്യം. ഒരു ജന്മം മുഴുവൻ പരിഹാരം ചെയ്താലും തീരാത്ത പാപകർമത്തിനു മകനെ വിട്ടുകൊടുത്ത് ദുർമാതൃക നല്കിയ മാതാപിതാക്കൾ! കുഞ്ഞിന്റെ ഒന്നാംപിറന്നാളിന് ഒരടപ്പ് വാറ്റുചാരായം പിറന്നാളുകാരന് വല്യപ്പച്ചൻ നല്കിയതറിഞ്ഞ ചോദ്യം ചെയ്ത അമ്മയോട്, അവനല്ലേ ഇന്നത്തെ താരം അവന് കൊടുക്കാതെ എന്താഘോഷം എന്നു ന്യായീകരിച്ച വല്യപ്പച്ചന് ഒരുപാട് കാണേണ്ടിവന്നു അവന്റെ ആഘോഷങ്ങൾ.

എന്തേ ഇങ്ങനെയൊക്കെ സംഭവിക്കാൻ? ലഹരിവസ്തുക്കൾ ഉപയോഗിക്കുമ്പോൾ തലച്ചോറിൽ ഡോപ്പമിൻ എന്ന രാസവസ്തുവിന്റെ അളവ് വർധിക്കുകയും അതിന്റെ ഫലമായി ഒരു ആഹ്ലാദാനുഭൂതി ഉണ്ടാവുകയും ചെയ്യുന്നു. ഇതാണ് വീണ്ടും വീണ്ടും ഒരു വ്യക്തിയെ ലഹരി ഉപയോഗിക്കാൻ പ്രേരിപ്പിക്കുന്നത്. ചില ലഹരിവസ്തുക്കൾ ഉപയോഗിക്കുമ്പോൾ തലച്ചോറിലെ ഡോപ്പമിൻ അളവ് ക്രമാതീതമായി വർദ്ധിക്കുകയും അത് ചിത്തഭ്രമലക്ഷണങ്ങൾ കാണിക്കുകയും അക്രമാസക്തനാവുകയും ചെയ്യും. ഇത്തരം സാഹചര്യങ്ങളിലാണ് ലഹരിക്കടിപ്പെട്ടവർ മറ്റുള്ളവരെ ഉപദ്രവിക്കാനും കൊല്ലാനുംവരെ തയ്യാറാവുന്നത്.

ലോകാരോഗ്യസംഘടനയുടെ റിപ്പോർട്ട് പ്രകാരം 3.3. ദശലക്ഷം പേർ ഒരുവർഷം മദ്യത്തിന്റെ ഉപയോഗംമൂലം മരിക്കുന്നു. മറുവശത്ത് 15.3 ദശലക്ഷം പേർ മയക്കുമരുന്നുകൾക്ക് അടിമയാകുന്നു.

**പരിഹാരമാർഗങ്ങൾ**

**1. ഉത്പാദനം കുറയ്ക്കുക**

ലഹരിപദാർത്ഥങ്ങളുടെ ഉത്പാദനം കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യേണ്ടത് സർക്കാരാണ്. ഇക്കഴിഞ്ഞ ദിവസം എട്ടാം ക്ലാസിൽ പഠിക്കുന്ന പെൺകുട്ടിയെ ബിസ്കറ്റിൽ മയക്കുമരുന്നു കൊടുത്ത്, മയക്കുമരുന്നു കാരിയറാക്കി മാറ്റിയതിന്റെ പശ്ചാത്തലത്തിൽ നിയമസഭയിൽ അടിയന്തരപ്രമേയം അവതരിപ്പിച്ചെങ്കിലും അതിന്റെ പേരിൽ ഭരണപ്രതിപക്ഷങ്ങൾ തമ്മിൽ വാക്പോരുണ്ടായതല്ലാതെ ഒരു തീരുമാനവും നടപടിയും സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടായില്ല. ലഹരിക്കെതിരേ ഗോളടിച്ചാൽ തെറിച്ചുപോകുന്നതല്ല ലഹരിക്കടിമകളായവരുടെ രോഗങ്ങളും ആസക്തിയുമെന്നു തിരിച്ചറിയണമെങ്കിൽ ഇനിയും കേരളം വലിയ ദുരന്തങ്ങളെ അഭിമുഖീകരിക്കേണ്ടിവരും. മയക്കുമരുന്നാണ് വില്ലൻ എന്നും മദ്യം പ്രശ്നമല്ലെന്നും വരുത്തിത്തീർക്കാനുള്ള ശ്രമവും അതിന്റെ മറവിൽ കൂടുതൽ ബിവറേജ് ഔട്ട്ലെറ്റുകൾ സ്ഥാപിക്കാനും ബാർലൈസൻസുകൾ കൊടുക്കാനുമുള്ള വ്യഗ്രതയിലാണ് ഭരണകൂടം. എന്നാൽ, ഒന്നറിയുന്നതു നല്ലത്, പ്രവേശനലഹരി (തുടക്കക്കാരൻ ഉപയോഗിക്കുന്ന ലഹരി) മധുരക്കള്ളും ബിയറും ബ്രാണ്ടിയും സിഗരറ്റുമൊക്കെത്തന്നെയാണ്. എൽ.എസ്.ഡി. സ്റ്റാമ്പും എംഡിഎംഎ യുമൊക്കെയാണ് അപകടകാരികൾ എന്നു പറയുന്നവർ ഇതറിഞ്ഞിരിക്കുന്നതു നല്ലതാണ്. ഉത്പാദനം കുറയ്ക്കണമെങ്കിൽ ഇച്ഛാശക്തിയുള്ള ഒരു ജനകീയ ഭരണസംവിധാനം കേരളത്തിൽ ആവശ്യമാണ്.

**2. ഉപഭോഗം കുറയ്ക്കുക**

ലഹരിവസ്തുക്കൾ ഉപയോഗിക്കുന്നവരുടെ എണ്ണം കുറയ്ക്കുകയെന്നതാണു പ്രധാനം. ഉപയോഗിക്കാൻ ആളില്ലെങ്കിൽ ഏതൊരു വസ്തുവും ഉത്പാദിപ്പിച്ചിട്ടു കാര്യമില്ല. അവിടെയാണ് കുടുംബങ്ങളുടെയും സന്നദ്ധസംഘടനകളുടെയും പ്രസക്തി. കുട്ടികൾക്കു ചെറിയ പ്രായത്തിൽത്തന്നെ ലഹരിവസ്തുക്കളുടെ ദോഷവശങ്ങളെക്കുറിച്ചും അതുപയോഗിച്ചതുമൂലമുണ്ടായ ദുരന്തങ്ങളെക്കുറിച്ചും ആരോഗ്യകരമായ സംസാരവും ബോധവത്കരണവും നടക്കണം. ഒപ്പം, സ്കൂളുകളിൽ അത് സൺഡേ സ്കൂൾ ഉൾപ്പെടെ സിലബസിന്റെ ഭാഗമായി ലഹരിവസ്തുക്കളുടെ ദൂഷ്യവശങ്ങളെക്കുറിച്ചുള്ള പാഠങ്ങൾ ഉൾപ്പെടുത്തണം. അങ്ങനെ തന്റെ ശരീരത്തിനും മനസ്സിനും രോഗം സമ്മാനിക്കുന്ന, സമൂഹത്തിലും കുടുംബത്തിലും ദുരന്തങ്ങൾ വിതയ്ക്കുന്ന ലഹരിവസ്തുക്കൾ താൻ ഉപയോഗിക്കില്ല എന്ന സ്വഭാവദൃഢതാപരിശീലനം പാഠ്യപദ്ധതിയുടെ ഭാഗമാക്കണം.

**3. ലഹരിക്കടിമയായവരുടെ ചികിത്സ**

പ്രധാനമായും രണ്ടുഘട്ടങ്ങളിലൂടെയുള്ള ചികിത്സയാണ് ആവശ്യം. ആദ്യഘട്ടത്തിൽ ലഹരിയുപയോഗംമൂലം ശരീരത്തിനും മനസ്സിനും ഉണ്ടായ പ്രശ്നങ്ങളെ പരിഹരിക്കുക, ഒപ്പം, ലഹരി ഉപയോഗം പൊടുന്നനേ നിർത്തുമ്പോഴുണ്ടാകുന്ന പിൻമാറ്റ അസ്വസ്ഥതകളെ ചികിത്സിക്കുക. ഇതിനു രണ്ടോമൂന്നോ ആഴ്ചകൾ വേണ്ടിവരും. രണ്ടാംഘട്ടം ലഹരിവസ്തു വീണ്ടും ഉപയോഗിക്കാനുള്ള സാധ്യത തടയുക എന്ന ലക്ഷ്യംവച്ച് പുനഃപതന പ്രതിരോധചികിത്സ നൽകണം. അത് 6 മാസം മുതൽ 9 മാസംവരെ തുടരേണ്ടതാണ്. ഒപ്പം, കുടുംബാംഗങ്ങൾക്കും കൃത്യമായ ബോധവത്കരണം നല്കണം.

ഈ ക്രിസ്തുമസിനെങ്കിലും മദ്യവില്പനയുടെ റിക്കാർഡ് കണക്കുകൾ കേൾക്കാൻ ഇടയാവാതിരിക്കട്ടെ എന്നാശിക്കാം. ശരീരത്തെയും മനസ്സിനെയും രോഗാവസ്ഥയിലേക്കു തള്ളിവിടുന്ന, സുബോധം നഷ്ടപ്പെട്ട് മൃഗങ്ങളെപ്പോലും നാണിപ്പിക്കുന്ന പ്രവൃത്തികളിലേക്കു നയിക്കുന്ന, അടുത്ത തലമുറയെപ്പോലും ബാധിക്കുന്ന മാരകമായ ദുരന്തങ്ങൾക്കു വഴിമരുന്നിടുന്ന ലഹരി ഉൾപ്പെടെയുള്ള ആസക്തികളിൽനിന്നു വിട്ടുനിൽക്കുമെന്നും അതിനടിമകളായ ഒരാളെയെങ്കിലും രക്ഷിക്കുന്ന കർമപദ്ധതികളിൽ പങ്കാളിയാകുമെന്നും ഈ ക്രിസ്മസ് ദിനത്തിൽ നമുക്കു തീരുമാനിക്കാം. ■




# ഖത്തറിനു കുതിപ്പായി ലോകകായികമാമാങ്കം



തോമസ് കുഴിഞ്ഞാലിൽ

പന്ത്രണ്ടു വർഷത്തെ കാത്തിരിപ്പിനൊടുവിലെത്തിയ ഫുട്ബോൾ മാമാങ്കം ഖത്തർ കെങ്കേമമാക്കി. 2022 ലെ ലോകകപ്പു ഫുട്ബോൾ മത്സരങ്ങളുടെ വേദിയായി 2010 ൽ ഖത്തറിനെ തിരഞ്ഞെടുക്കുമ്പോൾ ലോകോത്തരനിലവാരമുള്ള ഒരു റോഡുപോലും അവിടെ ഉണ്ടായിരുന്നില്ല. എന്നാൽ, ഒരു വ്യാഴവട്ടത്തിനുശേഷം മത്സരങ്ങൾ പടിവാതിൽക്കൽ എത്തിയപ്പോഴേക്കും ലോകത്തെ ഏതൊരു സമ്പന്നരാജ്യത്തെയും വെല്ലുന്ന നിലയിലേക്ക് ആ ചെറുരാജ്യം വളർന്നുകഴിഞ്ഞിരുന്നു.



ലോകകപ്പ് ഫുട്ബോൾ മത്സരങ്ങൾപോലെ ചെലവേറിയ ഒരു കായികമേള ലോകത്തെ ഏറ്റവും ചെറിയ രാജ്യങ്ങളിലൊന്നായ ഖത്തർ ഇത്ര ചിട്ടയായും ഭംഗിയായും എങ്ങനെ സംഘടിപ്പിച്ചുവെന്ന് അദ്ഭുതപ്പെടുന്നവർ ഏറെയാണ്.

അറേബ്യൻമണ്ണിൽ ആദ്യമായി വിരുന്നെത്തിയ ലോകകപ്പുമത്സരങ്ങൾ മികച്ച രീതിയിൽ സംഘടിപ്പിച്ചതിന്റെ ക്രെഡിറ്റു മുഴുവൻ നല്കേണ്ടത് ഖത്തർ ഭരണാധികാരികൾക്കും ലോകഫുട്ബോൾ ഫെഡറേഷനും (ഫിഫ), നിയമപാലകർക്കുമാണ്. ഖത്തറിന്റെ ഇപ്പോഴത്തെ ഭരണാധികാരി 42 വയസ്സുമാത്രം പ്രായമുള്ള എമിർ ഷെയ്ഖ് തമിം ബിൻ ഹമദ് അൽ താനിയുടെ ദീർഘവീക്ഷണവും നിശ്ചയദാർഢ്യവും ഭരണനൈപുണ്യവുമാണ് ഖത്തറിനെ ലോകത്തിലെ നാലാമത്തെ സമ്പന്നരാജ്യമായി ഉയർത്തിയത്. മാന്യമായി പെരുമാറുന്ന, എന്നാൽ നിയമത്തിൽ തുള്ളിപോലും വെള്ളം ചേർക്കാത്ത വോളണ്ടിയർമാരും സുരക്ഷാഭടന്മാരും സംഘാടകരും സേവനസന്നദ്ധരായി 24 മണിക്കൂറും മത്സരവേദികളിലുണ്ട്.

### ഫിഫയുടെ അഭിമാനമുഹൂർത്തം

ലോകകപ്പുമത്സരങ്ങൾ പുരോഗമിക്കവേ ഫിഫയുടെ പണപ്പെട്ടി നിറഞ്ഞുകൊണ്ടിരിക്കുന്നുവെന്ന വാർത്തകളാണ് പുറത്തുവന്നുകൊണ്ടിരിക്കുന്നത്. 2018-22 കാലയളവിൽ ഫിഫയുടെ വരുമാനം 750 കോടി ഡോളറായി ഉയർന്നു (ഏകദേശം 60,000 കോടി രൂപ). 2018 ൽ റഷ്യയിൽ നടന്ന ലോകകപ്പിന്റെ വരുമാനം 640 കോടി ഡോളറായിരുന്നു. മികച്ച സ്പോൺസർഷിപ്പുകളും കുറഞ്ഞ ചെലവുമാണ് ഇപ്പോൾ വരുമാനമുയരാൻ കാരണമായത്. ഖത്തർസർക്കാരിനു കീഴിലുള്ള ഖത്തർ എയർവെയ്സ്, ഖത്തർ എനർജി, ഖത്തർ ടെലികോം, ഖത്തർ നാഷണൽ ബാങ്ക് തുടങ്ങിയ പ്രമുഖ സ്ഥാപനങ്ങൾ ഫിഫയുമായി സഹകരിക്കുന്നുണ്ട്. മത്സരങ്ങൾ നടക്കുന്ന എട്ടു സ്റ്റേഡിയങ്ങളും 50 കിലോമീറ്ററിനുള്ളിലായതിനാൽ താമസം, യാത്ര തുടങ്ങിയ കാര്യങ്ങളിൽ ഉണ്ടാകുമായിരുന്ന വലിയ ചെലവുകൾ ഗണ്യമായി കുറയ്ക്കാൻ കഴിഞ്ഞു. 2026 ലെ ലോകകപ്പുമത്സരങ്ങൾക്കുമുമ്പുള്ള നാലുവർഷങ്ങളിൽ ഫിഫയുടെ വരുമാനം 1,000 കോടി ഡോളറിലെത്തുമെന്നാണ് ഫിഫയുടെ പ്രസിഡന്റ് ജിയന്നി ഇൻഫന്റിനോയുടെ പ്രതീക്ഷ. ലോകകപ്പിനുവേണ്ടിയുള്ള 2026 ലെ മത്സരങ്ങൾ മെക്സിക്കോ, യു എസ്, കാനഡ എന്നീ രാജ്യങ്ങളിലാണ് സംഘടിപ്പിക്കുന്നതെന്നും അന്നത്തെ മത്സരങ്ങളിൽ 45 രാജ്യങ്ങൾ പങ്കെടുക്കുമെന്ന് അറിയിച്ചിട്ടുണ്ടെന്നും ഇൻഫന്റിനോ അറിയിച്ചു.

വരുമാനം വലുതാണെങ്കിലും ഫിഫയുടെ ചെലവും ഭീമമാണ്. 170 കോടി ഡോളറെങ്കിലും ഈ ലോകകപ്പിൽ ചെലവിടേണ്ടിവരുമെന്നാണ് കണക്കാക്കിയിരിക്കുന്നത് (ഏകദേശം 13,600 കോടി രൂപ). ലോകകിരീടം നേടുന്ന ടീമിന് 4.20 കോടി ഡോളറാണ് സമ്മാനത്തുക (ഏകദേശം 336 കോടി രൂപ). രണ്ടാം സ്ഥാനക്കാർക്ക് 3.20 കോടി ഡോളറും മൂന്നാമതെത്തുന്ന ടീമിന് 2.70 കോടി ഡോളറും നൽകണം. ആകെ 44 കോടി ഡോളറാണ് പ്രതിഫലം (ഏകദേശം 3,520 കോടി രൂപ).

### ഖത്തർ ഒരു വിസ്മയം

ആരെയും അതിശയിപ്പിക്കും വിധമുള്ള തയ്യാറെടുപ്പുകളാണ് ലോകകപ്പുമത്സരങ്ങൾക്കായി ഖത്തർ നടത്തിയത്. ലോകകപ്പിനുവേണ്ടി കഴിഞ്ഞ 10 വർഷത്തിനിടയിൽ 22,000 കോടിയിലധികം ഡോളർ (ഏകദേശം 18 ലക്ഷം കോടി രൂപ) ഖത്തർ ഭരണകൂടം ചെലവഴിച്ചിട്ടുണ്ടാകാമെന്ന് ഫോർബ്സ് മാസിക റിപ്പോർട്ടു ചെയ്തിരുന്നു. അടിസ്ഥാനസൗകര്യവികസനത്തിനു മാത്രമായി 20,000 കോടി ഡോളർ ചെലവഴിച്ചു. ഒരു മാസം മാത്രം നീളുന്ന ഒരു കായികമേളയ്ക്ക് ഇത്രയും ഭീമമായ തുക ചെലവഴിക്കുന്നതെന്തിനെന്ന വിമർശനങ്ങൾക്കു മറുപടിയായി, രാജ്യത്തിന്റെ സമഗ്രവികസനം ലക്ഷ്യമിടുന്ന 'ഖത്തർ നാഷണൽ വിഷൻ 2030' എന്ന ബൃഹദ്പദ്ധതിയുടെ ഒരു ഭാഗം മാത്രമായി ഈ തുകയെ കണ്ടാൽ മതിയെന്നാണ് ഔദ്യോഗികഭാഷ്യം. ആരോഗ്യവിദ്യാഭ്യാസമേഖലകളിലെ വിവിധങ്ങളായ വികസനപദ്ധതികൾക്കുപുറമേ, നഗര/ദേശീയ തലങ്ങളിലുള്ള സൗകര്യങ്ങളെയും കാർഷിക/വ്യാവസായിക മേഖലകളുടെ വികസനത്തെയും പ്രോത്സാഹിപ്പിക്കുന്ന നയമാണ് സർക്കാരിന്റേതെന്ന് ടൂർണമെന്റിന്റെ പ്രധാന ചുമതലക്കാരനായ എച്ച് എൻ നുഐമി വെളിപ്പെടുത്തുകയുണ്ടായി. പുതിയ ആഡംബരഹോട്ടലുകളും ടൂറിസ്റ്റുകേന്ദ്രങ്ങളും പാർക്കുകളും ഹൈവേകളും അനുബന്ധസബ്‌വേകളുമെല്ലാം ലോകോത്തരനിലവാരത്തിൽ നിർമിക്കേണ്ടിയിരുന്നു. രാജ്യതലസ്ഥാനമായ ദോഹയിലെ ഹമദ് അന്താരാഷ്ട്രവിമാനത്താവളത്തിന്റെ വിപുലീകരണത്തിന് 1,000 കോടിയിലധികം ഡോളർ (ഏകദേശം 80,000 കോടി രൂപ) മുടക്കി പൂർണസജ്ജമാക്കി 2014 ൽ തുറന്നുകൊടുത്തു. 2019 ൽ തുടങ്ങിവച്ച ഭൂഗർഭഗതാഗതശൃംഖലയുടെ നിർമാണത്തിന് 3,600 കോടി ഡോളറും ചെലവഴിച്ചു. അത്രയുംതന്നെ തുക മുടക്കിയാണ് മെട്രോ റെയിൽ സ്ഥാപിച്ചത്. 2019 മേയ് 8-ാം തീയതി മുതൽ പ്രവർത്തനസജ്ജമാക്കിയ മെട്രോ റെയിലിന് ദോഹയിൽനിന്ന് ലുസെയ്ൽ നഗരം വരെയുള്ള പാതയുൾപ്പെടെ മൂന്നു ലൈനുകളാണുള്ളത്. 76 കിലോമീറ്റർ ദൈർഘ്യമുള്ള മൂന്നു ലൈനുകളിലായി 37 സ്റ്റേഷനുകളുണ്ട്. ഓരോ രണ്ടു മിനിറ്റിലും 107 കിലോമീറ്റർ വേഗത്തിൽ മൂന്നു ബോഗികളുമായി കുതിക്കുന്ന മെട്രോ ട്രെയിനുകളിലിപ്പോൾ വലിയ തിരക്കാണ്. ഡ്രൈവർമാരില്ലാതെ ഇത്രയും വേഗത്തിൽ ഓടുന്ന വേറൊരു മെട്രോ ട്രെയിനും ലോകത്തിൽ മറ്റൊരിടത്തുമില്ലെന്നും പറയപ്പെടുന്നു. ലോകകപ്പു ഫുട്ബോൾ മത്സരങ്ങൾ തുടങ്ങിയതുമുതൽ എല്ലാ സ്റ്റേഡിയങ്ങളിലേക്കും സൗജന്യയാത്രയും അനുവദിച്ചിരിക്കുകയാണ്.

### സ്റ്റേഡിയങ്ങളുടെ അദ്ഭുതലോകം

ലോകകപ്പു ഫുട്ബോൾ ചരിത്രത്തിലെ ഏറ്റവും ചെലവേറിയതെന്നു വിശേഷിപ്പിക്കപ്പെടുന്ന 2022 ലെ മത്സരങ്ങൾക്കുവേണ്ടി പൂർത്തിയാക്കിയ സ്റ്റേഡിയങ്ങളുടെ ശില്പചാരുത അവിസ്മരണീയമെന്നേ പറയേണ്ടൂ. രണ്ടാം സെമിഫൈനലിനും 18-ാം തീയതിയിലെ ഫൈനലിനും വേദിയായ ലുസെയ്ൽ സ്റ്റേഡിയം 80,000 കാണികളെ ഉൾക്കൊള്ളുംവിധമാണ് രൂപകല്പന ചെയ്തിട്ടുള്ളത്. ഒരു വലിയ കോപ്പയുടെ ആകൃതിയിൽ നിർമിച്ചിട്ടുള്ള സ്റ്റേഡിയത്തിന് 77 കോടി ഡോളറാണു മുടക്കിയത്. സ്റ്റേഡിയം സ്ഥിതിചെയ്യുന്ന ലുസെയ്ൽ പ്രദേശം ഒരു നഗരമായി വികസിപ്പിക്കുന്നതിന് ഖത്തർ ഭരണകൂടം 4,500 കോടി ഡോളറാണ് വ്യയം ചെയ്തത് (ഏകദേശം 3,60,000 കോടി രൂപ).

ദോഹയിൽനിന്ന് 35 കിലോമീറ്ററകലെയുള്ള അൽ ഖോർ നഗരത്തിൽ സ്ഥിതിചെയ്യുന്ന അൽ ബെയ്ത് സ്റ്റേഡിയത്തിന് 60,000 പേരെ ഉൾക്കൊള്ളാനാകും. ക്രൊയേഷ്യയും അർജന്റീനയുമായി നടന്ന ഒന്നാം സെമിഫൈനൽ മത്സരത്തിനു വേദിയായ ഈ സ്റ്റേഡിയത്തിന് ഒരു വലിയ കൂടാരത്തിന്റെ ആകൃതിയാണ് നല്കിയിട്ടുള്ളത്. നാടോടികളായിരുന്ന അറബികളുടെ മരുഭൂവാസക്കാലത്തെ ടെന്റുകളുടെ രൂപത്തിലാണ് നിർമാണം. നവംബർ 20 ാം തീയതിയിലെ ഉദ്ഘാടനച്ചടങ്ങുകൾക്കും ആദ്യമത്സരത്തിനും അൽ ബെയ്ത് ആയിരുന്നു വേദിയായി തിരഞ്ഞെടുത്തത്.

1960 മുതൽ 1972 വരെ ഖത്തറിന്റെ എമീറായിരുന്ന അഹമ്മദ് ബിൻ അലിയുടെ നാമധേയത്തിലുള്ള സ്റ്റേഡിയം തലസ്ഥാനമായ ദോഹയുടെ പടിഞ്ഞാറേ അതിർത്തിയിലുള്ള അൽ റയാനിലാണ് സ്ഥിതി ചെയ്യുന്നത്. ഒരു ചായക്കപ്പിന്റെ ആകൃതിയിൽ ഡിസൈൻ ചെയ്തിട്ടുള്ള ഈ സ്റ്റേഡിയത്തിൽ 45,032 സീറ്റുകൾ ക്രമീകരിച്ചിട്ടുണ്ട്.

അൽ ഖോറിലെതന്നെ മറ്റൊരു സ്റ്റേഡിയമാണ് അൽ തുമാമ. അറബികൾ തലയിൽ ധരിക്കുന്ന തൊപ്പിയുടെ രൂപത്തിൽ നിർമിച്ചിട്ടുള്ള ഇവിടെ 44,400 സീറ്റുകളുണ്ട്. 2019 ൽ നിർമാണം പൂർത്തിയാക്കിയ അൽ വക്രയിലെ അൽ ജനൗബ് സ്റ്റേഡിയത്തിൽ 44,325 കാണികളെ പ്രവേശിപ്പിക്കും. പ്രാചീനകാലത്തെ കുട്ടവള്ളത്തിന്റെ ആകൃതിയാണ് ഈ കളിസ്ഥലത്തിനു നല്കിയിട്ടുള്ളത്.

വജ്രത്തിന്റെ ആകൃതിയിൽ രൂപകല്പന ചെയ്തിട്ടുള്ള എജ്യൂക്കേഷൻ സിറ്റി സ്റ്റേഡിയത്തിൽ 44,667 സീറ്റുകൾ ക്രമീകരിച്ചിരിക്കുന്നു. ഈ സ്റ്റേഡിയവും ദോഹയ്ക്കടുത്തുള്ള അൽ റയാനിൽത്തന്നെയാണ്. ഖത്തറിന്റെ ദേശീയ സ്റ്റേഡിയമായി അറിയപ്പെടുന്ന ഖലീഫ ഇന്റർനാഷണൽ സ്റ്റേഡിയം ഫിഫയിൽനിന്ന് 4 സ്റ്റാർ റേറ്റിംഗ് നേടിയിട്ടുണ്ട്. 45,857 കാണികളെ ഉൾക്കൊള്ളാവുന്ന ഈ സ്റ്റേഡിയം 1976 ൽ പ്രവർത്തനസജ്ജമായി.

ഖത്തറിന്റെ ഇന്റർനാഷണൽ ഡയലിംഗ് കോഡായ '974' എന്നു പേരു നല്കിയിട്ടുള്ളതാണ് 2022 ലോകകപ്പിലെ എട്ടാമത്തെ കളിസ്ഥലം. 974 ഷിപ്പിങ് കണ്ടെയ്നറുകൾകൊണ്ടു പൂർത്തിയാക്കിയ ഈ സ്റ്റേഡിയം ഇത്തരത്തിലുള്ള ലോകത്തിലെ ഏകസ്റ്റേഡിയവുമാണ്. ഖത്തർ ലോകകപ്പു മത്സരങ്ങൾ കഴിഞ്ഞാൽ കണ്ടെയ്നറുകൾ വേർപെടുത്തി സ്റ്റേഡിയം പൊളിച്ചുനീക്കും. 2030 ലെ ലോകകപ്പു മത്സരങ്ങൾക്കുള്ള വേദി ഉറുഗ്വേയിലാണെങ്കിൽ ഈ കണ്ടെയ്നറുകൾ ഉപയോഗിച്ചുതന്നെ ഒരു സ്റ്റേഡിയം അവിടെയും നിർമിക്കുമെന്ന് ഫിഫ വൃത്തങ്ങൾ അറിയിച്ചു. ലോകത്തിലാദ്യമായിട്ടാണ് ഒരു സ്റ്റേഡിയം പൊളിച്ചുമാറ്റി മറ്റൊരു രാജ്യത്തു സ്ഥാപിക്കുക.

ഇച്ഛാശക്തിയുണ്ടെങ്കിൽ എന്തും നേടിയെടുക്കാമെന്നുള്ള ഉത്തമവിശ്വാസമാണ് ലോകത്തെ ഏറ്റവും വലിയ കായികമേള ഏറ്റെടുക്കാൻ തന്നെ പ്രേരിപ്പിച്ചതെന്ന് ഷെയ്ക് തമിം ബിൻ ഹമദ് അൽ താനി പറയുന്നു. കടലിൽനിന്നു മുത്തുകൾ വാരി വിറ്റും മീൻ പിടിച്ചും ഉപജീവനം നടത്തിയിരുന്ന ഖത്തറികളുടെ ഇപ്പോഴത്തെ പ്രതിശീർഷവരുമാനം 62,100 ഡോളറാണ് (ഏകദേശം 50 ലക്ഷം രൂപ). പ്രതിശീർഷവരുമാനത്തിൽ ഖത്തർ ഒന്നാം സ്ഥാനത്തു നില്ക്കുമ്പോൾ ഇന്ത്യ 144 ാം സ്ഥാനത്താണെന്നും ഓർമിക്കേണ്ടതുണ്ട്, 7,200 ഡോളർ (ഏകദേശം 5.75 ലക്ഷം രൂപാ). 1930കളിൽ ബ്രിട്ടീഷുകാരുടെ ഭരണകാലത്തു പെട്രോൾ കുഴിച്ചെടുത്തതോടെയാണ് ഖത്തറിന്റെ സുവർണകാലം തുടങ്ങിയത്. ഖത്തറിലെ പ്രകൃതിവാതകശേഖരം കണ്ടെത്തിയത് 1970 കളിലാണ്. ഏറ്റവും കൂടുതൽ പ്രകൃതിവാതകം കയറ്റിയയയ്ക്കുന്ന രാജ്യങ്ങളിൽ ഖത്തറിന് ലോകത്ത് നാലാം സ്ഥാനമുണ്ട്. പേർഷ്യൻ ഉൾക്കടലിലേക്കു തള്ളിനില്ക്കുന്ന ഈ ചെറിയ ദ്വീപിന് സൗദി അറേബ്യയുമായി മാത്രമേ കര അതിർത്തിയുള്ളൂ. കേരളത്തിന്റെ മൂന്നിൽ ഒന്നിൽ താഴെ മാത്രം വിസ്തീർണമുള്ള (കേരളം 38,863 ച കി മീ, ഖത്തർ 11,571 ച കി മീ) ഈ രാജ്യത്ത് ആകെയുള്ള 30 ലക്ഷം ജനങ്ങളിൽ 4 ലക്ഷം പേരേ സ്വദേശികളുള്ളൂ. ശേഷിക്കുന്ന 26 ലക്ഷം പേരും ആഫ്രിക്കൻ രാജ്യങ്ങളിൽനിന്നും, ഇന്ത്യ, ബംഗ്ലാദേശ്, പാക്കിസ്ഥാൻ, അഫ്ഗാനിസ്ഥാൻ, തായ്‌ലണ്ട്, ഫിലിപ്പീൻസ്, ശ്രീലങ്ക എന്നിവിടങ്ങളിൽനിന്നുമായി തൊഴിൽ തേടിയെത്തിയവരാണ്.




ഞങ്ങളുടെ ക്രിസ്മസ് – പുതുവത്സരാശംസകൾ...

പോൾസൺ ബേക്കറി

മെയിൻ റോഡ്, പാലാ Ph: 04822-212287, 9447805615, 9447675587

നിങ്ങൾക്കായി കേക്കുകളുടെ വിപുലമായ ശേഖരം!

പോൾസൺ ബേക്ക്സ്
കൊട്ടാരമറ്റം, പാലാ
Phone: 04822-214527



പോൾസൺ ബേക്കേഴ്സ്
A.T.P. Arcade, KSRTC സ്റ്റാൻഡിന് എതിർവശം, പാലാ
Phone: 04822-213527

കൊറ്റത്തിൽ ആയുർവ്വേദ ഹോസ്പിറ്റൽ



ചപ്പാത്ത്, അയർക്കുന്നം കോട്ടയം
Phone: 0481-2545588, 9447054461
E-mail : mail@kottathilayurveda.com
Website: www.kottathilayurveda.com

- മസ്തിഷ്കരോഗങ്ങൾ
- നട്ടെല്ല് രോഗങ്ങൾ
- അസ്ഥിരോഗങ്ങൾ
- സന്ധിരോഗങ്ങൾ
- ശിശുരോഗങ്ങൾ
- സ്ത്രീരോഗങ്ങൾ (ആനോ–റെക്റ്റൽ രോഗങ്ങൾ)
- ത്വക്‌രോഗങ്ങൾ
- വാർദ്ധക്യ രോഗങ്ങൾ

വിവിധങ്ങളായ കേരളീയ ചികിത്സാക്രമങ്ങളും പഞ്ചകർമ്മങ്ങളും (നസ്യം, വമനം, വിരേചനം, കഷായവസ്തി, രക്തമോക്ഷം) വിദഗ്ധരുടെ മേൽനോട്ടത്തിൽ ഔട്ട്പേഷ്യന്റായും (O.P.) ഇൻപേഷ്യന്റായും (I.P.) ചെയ്യുന്നു.

ക്രിസ്മസ് പുതുവത്സരാശംസകൾ

S.J. ആയുർവേദ ഫാർമസി
പുതിയ കാവ് ടെമ്പിൾ റോഡ്
ചെത്തിമറ്റം – പാലാ
ബ്രാഞ്ചുകൾ: കോട്ടയം & ആലപ്പുഴ

മദ്യപാനരോഗചികിത്സ ആയുർവേദത്തിലൂടെ...

നിരാശയിലാണ്ടുപോയ ആയിരക്കണക്കിനു കുടുംബങ്ങളെ സ്വസ്ഥതയിലേക്കു തിരിച്ചുകൊണ്ടുവരാൻ കഴിഞ്ഞ ദിവ്യൗഷധം

Please Contact:
Dr. K.V. Joseph DAM
Mob: 9447421216, 04822-214167

Deepanalam Weekly

RNI No : 16998/68
Vol. 55 ■ No. 41 ■ Date of Publication 15 dec 2022
■ Annual Subscription Rate ₹400 (For Abroad ₹4500)

Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment




Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • 7306874714 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.org